34th Year of Service 2026

കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

October 26, 2026 Vol. XXXIV No. 43

4 ഇന്ത്യ കാഴ്ചക്കാരായി ഇരിക്കില്ലെന്ന് ജയ്ശങ്കർ

8 പൊടിച്ചത് കോടികളുടെ കിഫ്ബി ഫണ്ട്

14 മാർ തോമസ് ആനിമുട്ടിലിന് കണ്ണൂരിൽ ഉജ്ജ്വല സ്വീകരണം

17 MARC- സിൽവർ ജൂബിലി ആഘോഷം പ്രൗഢഗംഭീരമായി

24 ഫോമാ 20-20 ഹൗസിങ് പ്രോജക്ടിന് തുടക്കം

പിഎസ്സി പരീക്ഷാ ക്രമക്കേട്


കോടതിയുടെ പരാമർശത്തെത്തുടർന്ന് ഗവർണറുടെ നടപടി

തിരുവനന്തപുരം: പിഎസ്സി ചെയർമാൻ ഡോ. എം.ആർ. ബൈജുവിനെയും 15 അംഗങ്ങളെയും പുറത്താക്കണമെന്നാവശ്യപ്പെട്ട് രാഷ്ട്രപതിക്ക് ഗവർണറുടെ ശിപാർശ. ആസൂത്രണ ബോർഡ് നിയമന തട്ടിപ്പ് ഉൾപ്പെടെയുള്ള നിയമന ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഉയർന്ന പരാതികളിലും മറ്റ് ആരോപണങ്ങളിലും മുൻ ഗവർണറുടേതാണ് നടപടി.

കഴിഞ്ഞ 22-ന് ആണ് മുൻ ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ സ്ഥാനമൊഴിയുന്നത്. അതിന് ഒരാഴ്ച മുൻപാണ് അദ്ദേഹം രാഷ്ട്രപതിക്ക് ശിപാർശ നൽകിയതെന്നാണ് വിവരം. രാഷ്ട്രപതിക്ക് ലഭിച്ച ശിപാർശ സുപ്രീംകോടതിക്ക് കൈമാറും. സുപ്രീംകോടതി അന്വേഷണത്തിനു ശേഷമായിരിക്കും പിസ്സി ചെയർമാനെയും അംഗങ്ങളെയും പുറത്താക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുക.

അന്വേഷണത്തിൽ ആരോപണം ശരിയെന്നു തെളിഞ്ഞാൽ ചെയർമാൻ ഉൾപ്പെടെയുള്ളവരെ പുറത്താക്കാൻ സുപ്രീംകോടതി രാഷ്ട്രപതിക്ക് ശിപാർശ ചെയ്യും. ഇതിനു പിന്നാലെ പുറത്താക്കി ഉത്തരവിറക്കുന്നതാണ് രീതി.

അതേസമയം, പിഎസ്സി നടത്തിയ കൂടുതൽ പരീക്ഷാ ക്രമക്കേടുകളെ



ക്കുറിച്ച് സർക്കാർ അന്വേഷണം ആരംഭിച്ചു.

2019-ൽ നടത്തിയ വില്ലേജ് ഓയിൽ ഇൻസ്പെക്ടർ, 2020-ൽ നടത്തിയ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, 2023-ൽ നടത്തിയ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികകളിലേക്കു നടത്തിയ പരീക്ഷകളെക്കുറിച്ചാണ് അന്വേഷിക്കുന്നത്. ഈ മൂന്നു പരീക്ഷകളിലും ക്രമക്കേട് നടന്നതായി ഐജി അജിത ബീഗത്തിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘം കണ്ടെത്തിയതിനും പിന്നാലെയാണ് നടപടി.

അതേസമയം, ഗൗരവമുള്ള കേസുകളിൽ 'ഭായ് ഭായ്' കളിക്കുന്നതിന്റെ ഫലമെന്തായിരിക്കുമെന്ന് അധികൃതർക്കു ബോധ്യമുണ്ടായിരിക്കണമെന്ന് ഹൈക്കോടതി വിമർശിച്ചിരുന്നു. രണ്ട് എതിർപക്ഷക്കാരും 'ഭായ് ഭായ്' കളി തുടർന്നാൽ ജനം മൂന്നാമതൊരു സാധ്യതയെക്കുറിച്ച് ആലോചിക്കുന്ന സ്ഥിതിയുണ്ട്. അതിനാൽ ജനങ്ങളുടെ വികാരമറിഞ്ഞ് മുന്നോട്ടു പോകണമെന്നും ജസ്റ്റിസ് എ. ബദറുദ്ദീൻ പറഞ്ഞിരുന്നു. സംസ്ഥാന ആസൂത്രണ ബോർഡ് ചീഫ് തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട പിഎസ്സിയുടെ പരീക്ഷാ ക്രമക്കേട് കേസിൽ അന്വേഷണം മുന്നോട്ടു പോകാത്തതിനെ രൂക്ഷമായി വിമർശിച്ചാണ് കോടതിയുടെ നിരീക്ഷണം. (ശേഷം 34-ാം പേജിൽ)

ചെയർമാൻ എം.ആർ. ബൈജുവിനെ ചോദ്യം ചെയ്യും

തിരുവനന്തപുരം: പരീക്ഷാത്തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് പി.എസ്.സി ചെയർമാൻ ഡോ. എം.ആർ. ബൈജുവിനെ ക്രൈംബ്രാഞ്ച് ചോദ്യം ചെയ്യും. ബുധനാഴ്ച രാവിലെ 11 മണിക്ക് ക്രൈംബ്രാഞ്ച് ആസ്ഥാനത്ത് ഹാജരാകാൻ ആവശ്യപ്പെട്ട് അന്വേഷണസംഘം അദ്ദേഹത്തിന് നോട്ടീസ് നല്കി. ഐജി അജിത ബീഗത്തിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘമാണ് പി.എസ്.സി ചെയർമാന് നോട്ടീസ് നല്കിയത്. ഔദ്യോഗിക ഇ-മെയിൽ വഴിയാണ് നോട്ടീസ് കൈമാറിയത്. ചെയർമാന് പുറമെ കമ്മീഷൻ അംഗങ്ങളായ സൈഫ്, ശ്രീകുമാർ എന്നിവരോടും ക്രൈംബ്രാഞ്ച് ആസ്ഥാനത്ത് ഹാജരാകാൻ ആവശ്യപ്പെട്ടു. മറ്റ് രണ്ട് അംഗങ്ങൾക്കും ചോദ്യംചെയ്യലിനായി നോട്ടീസ് നല്കിയിട്ടുണ്ട്. ഹൈക്കോടതിയിൽ നിന്ന് മുൻപ് കടുത്ത വിമർശനങ്ങളും തിരിച്ചടികളും നേരിട്ട ഈ കേസിൽ അന്വേഷണവുമായി സഹകരിക്കാൻ പി.എസ്.സി. യോഗം തീരുമാനിച്ചതിനു പിന്നാലെയാണ് ക്രൈംബ്രാഞ്ചിന്റെ ഈ നിർണായക നീക്കം.

68-ാമത് സ്കൂൾ കായികമേളയ്ക്ക് തുടക്കമായി

കോഴിക്കോട്: 68-ാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് കോഴിക്കോട്ട് തുടക്കമായി. വേഗവും കരുത്തും സഹനശേഷിയും ഒത്തുചേരുന്ന ട്രാക്കിലും ഫീൽഡിലും മികവിന്റെ പുതിയ ചരിത്രം കുറിക്കാനുറച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ കായികപ്രതിഭകൾ മാറ്റുരയ്ക്കും. സംസ്ഥാനത്തിന് പുറത്ത് കായികമത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രാബത്തയും ദിനബത്തയും ഉൾപ്പെടെയുള്ള ചെലവുകൾ സർക്കാർ കൃത്യമായി നല്കുമെന്ന ഉറപ്പുമായാണ് 68-ാം സ്കൂൾ കായികമേള മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തത്.

ഓരോ സെക്കൻഡ് ഓരോ സെന്റിമീറ്ററും നിർണായകമാകുന്ന മത്സരവേദിയിൽ റെക്കാർഡുകൾ തകർക്കാനും വ്യക്തിഗത മികവുകളിലൂടെ ജില്ലകളുടെയും വിദ്യാലയങ്ങളുടെയും അഭിമാനമുയർത്താനുമുള്ള പോരാട്ടത്തിനാണ് കായികലോകം സാക്ഷിയാകുന്നത്.

കായിക മികവിന്റെ കിരീടത്തിനായി വിദ്യാർത്ഥികൾ കച്ചമുറുക്കുമ്പോൾ കായികമേളയുടെ ആവേശം വാനോളം ഉയർത്താൻ ട്രാക്കും ഫീൽഡും ഒരുങ്ങിക്കഴിഞ്ഞു. 3000 മീറ്റർ സീനിയർ ബോയ് മത്സരത്തോടെയാണ് ട്രാക്ക് ഉണരുന്നത്. സബ് ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗങ്ങളിലായി 2,654 താരങ്ങൾ മാറ്റുരയ്ക്കും.



കോഴിക്കോട് എൻ.ഐ.ടി. സ്റ്റേഡിയത്തിൽ സംസ്ഥാന സ്കൂൾ കായികമേളയുടെ ഉദ്ഘാടനച്ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ദീപശിഖ തെളിക്കുന്നു.

ചേരാനല്ലൂർ അപകടം: ജഡ്ജിക്കെതിരെ കേസെടുത്തു

കൊച്ചി: ചേരാനല്ലൂരിൽ 55 വയസുകാരനെ 17 കാരൻ കാറിടിപ്പിച്ചു കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിയുടെ പിതാവായ ജഡ്ജിക്കെതിരെ കേസെടുത്തു. ഇരിങ്ങാലക്കുട മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ ചുമതലയുള്ള അഡീ. ജില്ലാ ജഡ്ജിക്കെതിരെയാണ് കേസെടുത്തിട്ടുള്ളത്. വിഷയത്തിൽ ഹൈക്കോടതി റിപ്പോർട്ട് തേടി. കുടുംബത്തിന്റെ കടുത്ത പ്രതിഷേധത്തിനൊടുവിലാണ് പോലീസ് പ്രതിയുടെ പിതാവിനെതിരെ കേസെടുത്തത്.

പ്രതിയായ 17-കാരനെ ജുവനൈൽ ജസ്റ്റിസ് ബോർഡ് ജാമ്യത്തിൽ വിട്ടിരുന്നു. പ്രായപൂർത്തിയാകാത്തവർ വാഹനമോടിച്ചു അപകടമുണ്ടാക്കിയാൽ വാഹനത്തിന്റെ രജിസ്ട്രേഷൻ ഉടമയ്ക്കെതിരെ കേസെടുക്കാമെന്ന മോട്ടോർ വാഹന നിയമത്തിലെ 199-ാം വകുപ്പു പ്രകാരമാണ് കേസ്. മൂന്നു വർഷത്തെ തടവും 25000 രൂപ പിഴയും വിധിക്കാവുന്നതാണ് ഈ വകുപ്പ്.



SUNNY
FINANCIAL STRATEGIES, LLC



Wealth planning that works across generations.

Partnered for Your Family's Success

Tom Sunny, CFP®, CLU®, RICP®

Financial Planner & Wealth Advisor

Building your financial future together, with expertise & fiduciary integrity.

AREAS OF SPECIALTY

- Comprehensive Planning & Wealth Management
- Inheritance & Estate Planning: Trusts, Wills, POAs, Transfers
- Retirement Income Strategy for Retirees & Pre-Retirees
- Professional Investment Advisory & Guidance
- Insurance Protection: Life, Disability, Long-Term Care, Liability, Health & Medicare Supplement (Medigap)
- Tax Planning & Diversification
- 401(k), 403(b), 457(b), TSP, IRA & Roth IRA Rollovers, Optimization, and Set-Ups
- Business Plans, Employee Benefits, Pensions, Social Security, Medicare
- Education Expense Funding

Let's Plan for Your Brighter Future

COMPLIMENTARY CONSULTATION · CALL OR SCAN

847-414-9116

sunnyfinancial.com

tom@sunnyfinancial.com

DIGITAL CARD

Financial Advisor with Eagle Strategies LLC, a Registered Investment Adviser. Registered Representative offering securities through NYLIFE Securities LLC, Member FINRA/SIPC, a Licensed Insurance Agency. Sunny Financial Strategies LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

Secure Tax Services

DBA SMALL BUSINESS ACCOUNTING LLC

Personal and Business Tax Services

Free Electronic Filling



TINO SIMON MUNDAPLACKIL

Phone: 630-635-3615

E-mail:tino@greatwaysinc.com

1001 E Chicago Ave, Suite 151

Naperville, IL 60540

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

ACCIDENT ATTORNEYS

AV PREEMINENT®
Peer Rated for Highest Level of Professional Excellence 2025

LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

Fee Discounts On Certain Cases For Malayalee Clients

Home Visits Available




Steve Crifase
Steve@Crifaselaw.com

CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome

Like A Family Friend




Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating
Better Business Bureau

മുഖ്യമന്ത്രി വി. ഡി. സതീശന് ഒരു തുറന്ന കത്ത് കേരളത്തിലെ കോളേജുകളിൽ എന്തുകൊണ്ട് ബി. എസ്. സി. നേഴ്സിംഗ് കോഴ്സുകൾ ആരംഭിച്ചുകൂടാ?





ജോസ് കണിയാലി

ലോകമെമ്പാടും തൊഴിൽ സാധ്യതയുള്ള പ്രൊഫഷനാണ് നേഴ്സിംഗ്. ഇന്ത്യയിൽ നിന്നും നേഴ്സിംഗ് പഠനം കഴിഞ്ഞ് വിദേശ രാജ്യങ്ങളിലേക്ക് ചേക്കേറുന്നവരുടെ എണ്ണം നാൾക്കു നാൾ വർദ്ധിച്ചു വരികയാണ്. അതുകൊണ്ടു തന്നെ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കേരളത്തിലെ ബിരുദ ബിരുദാനന്തര പഠനത്തിന് കുട്ടികളെ കിട്ടാതെയായി. വളരെ പ്രശസ്തമായ കോളേജുകളിൽ പോലും കുട്ടികളെ ഡിഗ്രി പഠനത്തിന് ലഭിക്കാത്ത സാഹചര്യം ഒരു വലിയ ചോദ്യം കൂടി ഉന്നയിക്കുന്നുണ്ട്.

നഴ്സിങ് പഠനത്തിനായി കേരളം വിടുന്ന കുട്ടികൾ മൂലം ഒഴിഞ്ഞ കോളേജുകളുടെ അവസ്ഥയ്ക്ക് പുതിയ ഒരു പരിഹാരം ഉണ്ടാകുമോ.

മുള്ളിനെ മുള്ളുകൊണ്ട് എടുക്കാവുന്ന ഒരു ഒരു പരിഹാരം മുന്നോട്ട് വെക്കുകയാണ്..

ബി.എസ്.സി. നഴ്സിങ് പഠിക്കാൻ ഓരോ വർഷവും ധാരാളം മലയാളി കുട്ടികളാണ് തമിഴ്നാട്, കർണാടക തുടങ്ങിയ അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്നത്. സ്വന്തം നാട്ടിൽ പഠിക്കാൻ ആഗ്രഹിച്ചിട്ടും ആവശ്യത്തിന് സീറ്റുകൾ ഇല്ലാത്തതിനാൽ നിർബന്ധിതമായി നാടുവിടേണ്ടി വരുന്നവരാണ് ഇവരിൽ പലരും. ഇത് ഒരു വിദ്യാഭ്യാസ പ്രശ്നം മാത്രമല്ല, കേരളത്തിന്റെ മനുഷ്യ വിഭവ ശേഷിയുടെയും സമ്പദ്വ്യവസ്ഥയുടെയും പ്രശ്നം കൂടിയാണ്.

എൽ.ബി.എസ്. പ്രവേശന പരീക്ഷയിൽ 95 ശതമാനത്തോളം മാർക്ക് നേടിയവർക്കു പോലും സർക്കാർ മേഖലയിലെ മെഡിക്കൽ, നഴ്സിങ് കോളേജുകളിൽ പ്രവേശനം ലഭിക്കാത്ത സാഹചര്യമുണ്ടെന്ന് രക്ഷിതാക്കൾ പറയുന്നു. മികവുള്ള കുട്ടികൾ സീറ്റ് കിട്ടാതെ പുറത്തുപോകേണ്ടി വരുന്നത് സംസ്ഥാനത്തിന്റെ വലിയ നഷ്ടമാണ്. പഠിക്കാൻ മിടുക്കരായവരുടെ ഭാവി സീറ്റുകളുടെ എണ്ണത്തിൽ തട്ടി നിൽക്കരുത്.

അതേസമയം, കേരളത്തിലെ കോളേജുകളിൽ ബിരുദ പഠനത്തിന് വിദ്യാർത്ഥികളെ കിട്ടാതെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. പല കോളേജുകളും സാമ്പത്തിക പ്രതിസന്ധി മൂലം അടച്ചുപൂട്ടലിന്റെ വക്കിലുമാണ്. ഒരുവശത്ത് സീറ്റ് കിട്ടാത്ത കുട്ടികൾ, മറുവശത്ത് ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങളും അധ്യാപകരും ലാബുകളും. ഈ വൈരുദ്ധ്യത്തിന് ലളിതമായ ഒരു പരിഹാരം ഇത്തരം കോളേജുകളിൽ ബി.എസ്സി. നഴ്സിങ് കോഴ്സുകൾ അനുവദിക്കുക എന്നതാണ്.

ഇത്തരം കോളേജുകൾക്ക് ഇതിനകം തന്നെ കെട്ടിടങ്ങൾ, ക്ലാസ് മുറികൾ, ഹോസ്റ്റൽ, ലൈബ്രറി, ലബോറട്ടറി എന്നിവയുണ്ട്. പുതിയ കോളേജ് സ്ഥാപിക്കുന്നതിന്റെ വലിയ മൂലധനച്ചെലവ് ഇവിടെ ഒഴിവാക്കാം. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമെന്നത് സർക്കാരിനും മാനേജ്മെന്റുകൾക്കും ഒരുപോലെ ഗുണകരമാണ്.

നഴ്സിങ് പഠനത്തിന് ക്ലിനിക്കൽ പരിശീലനം അനിവാര്യമാണ്. അതിനാൽ ഈ കോളേജുകളെ സമീപത്തെ താലൂക്ക്, ജില്ലാ ആശുപത്രികളുമായും സ്വകാര്യ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളുമായും ബന്ധിപ്പിക്കാവുന്നതാണ്. വിദ്യാർത്ഥികളുടെ സേവനം ആശുപത്രികൾക്കും സഹായകമാകും. ഇന്ത്യൻ നഴ്സിങ് കൗൺസിലിന്റെയും സംസ്ഥാന നഴ്സിങ് കൗൺസിലിന്റെയും മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ടുവേണം ഇത് നടപ്പാക്കാൻ.

സാമ്പത്തികമായും ഇതിന് നേട്ടങ്ങളുണ്ട്. ഫീസ്, താമസം, യാത്ര എന്നീ ഇനങ്ങളിൽ ഭീമമായ തുകയാണ് മലയാളി കുടുംബങ്ങൾ ഓരോ വർഷവും മറ്റു സംസ്ഥാനങ്ങളിൽ ചെലവഴിക്കുന്നത്. ഈ പണം കേരളത്തിൽ തന്നെ ചെലവഴിക്കപ്പെട്ടാൽ പ്രാദേശിക സമ്പദ് വ്യവസ്ഥയ്ക്ക് ഉണർവാകും. കുട്ടികൾ വീടിനടുത്ത് പഠിക്കുന്നത് സാധാരണ കുടുംബങ്ങളുടെ ചെലവും മാനസിക സമ്മർദ്ദവും കുറയ്ക്കും, പ്രത്യേകിച്ച് പെൺകുട്ടികളുടെ സുരക്ഷയെക്കുറിച്ചുള്ള രക്ഷിതാക്കളുടെ ആശങ്കയും.

പുതിയ കോഴ്സ് വരുമ്പോൾ അധ്യാപകർ, ക്ലിനിക്കൽ ഇൻസ്ട്രക്ടർമാർ, ലാബ് സ്റ്റാഫ്, ഹോസ്റ്റൽ, ഭക്ഷണശാല, ശുചീകരണ വിഭാഗങ്ങൾ എന്നിവിടങ്ങളിൽ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കോളേജുകളിലെ ജീവനക്കാരുടെ തൊഴിൽ സംരക്ഷിക്കാനും ഇത് വഴിയൊരുക്കും. കോളേജ് സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ വികസനത്തിനും ഇത് ഗുണം ചെയ്യും.

നഴ്സുമാർക്ക് ആഭ്യന്തര വിപണിയിലും വിദേശത്തും വലിയ ആവശ്യകതയുണ്ട്. കേരളത്തിൽ പരിശീലനം നേടിയ നഴ്സുമാർക്ക് ലോകമെമ്പാടും ലഭിക്കുന്ന അംഗീകാരം സംസ്ഥാനത്തിന് അഭിമാനമാണ്. കൂടുതൽ കുട്ടികളെ ഗുണമേന്മയുള്ള നഴ്സിങ് വിദ്യാഭ്യാസത്തിലേക്ക് കൊണ്ടുവരുന്നത് കേരളത്തിന്റെ ആരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്തുകയും വിദേശ തൊഴിൽ വിപണിയിൽ നമ്മുടെ മുൻതൂക്കം നിലനിർത്തുകയും ചെയ്യും.

എങ്കിലും ഗുണനിലവാരത്തിൽ വിട്ടുവീഴ്ച പാടില്ല. യോഗ്യരായ അധ്യാപകർ, മതിയായ ക്ലിനിക്കൽ പരിശീലന സൗകര്യം, സുതാര്യമായ പ്രവേശന നടപടികൾ, ന്യായമായ ഫീസ് ഘടന എന്നിവ ഉറപ്പാക്കണം. ഇതിനായി ആരോഗ്യ-ഉന്നത വിദ്യാഭ്യാസ വകുപ്പുകൾ, നഴ്സിങ് കൗൺസിൽ, ആരോഗ്യ സർവകലാശാല എന്നിവയുടെ സംയുക്ത പരിശോധനാ സമിതി രൂപീകരിക്കണം. ഓരോ കോളേജിന്റെയും സൗകര്യങ്ങൾ വിലയിരുത്തിയ ശേഷം മാത്രമേ അനുമതി നൽകാവൂ.

അതിനാൽ, മുഖ്യമന്ത്രി വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള സർക്കാർ ഇക്കാര്യത്തിൽ ഒരു വിദഗ്ധ സമിതിയെ നിയോഗിച്ച് സാധ്യതാ പഠനം നടത്തണം. ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുള്ള കോളേജുകൾ പരിശോധിച്ച്, യോഗ്യമായവയ്ക്ക് ബി.എസ്സി. നഴ്സിങ് കോഴ്സ് ആരംഭിക്കാൻ അനുമതി നൽകണം. നമ്മുടെ കുഞ്ഞുങ്ങൾക്ക് നാട്ടിൽ തന്നെ മികച്ച വിദ്യാഭ്യാസം ലഭിക്കട്ടെ, നാടിന്റെ വിഭവങ്ങൾ നാടിനുവേണ്ടി തന്നെ ഉപയോഗിക്കപ്പെടട്ടെ. പിന്നീട് പാരാ മെഡിക്കൽ കോഴ്സുകളെപ്പറ്റിയും ചിന്തിക്കാവുന്നതാണ്.



ലോക സംഘർഷങ്ങളിൽ ഇന്ത്യ കാഴ്ചക്കാരായി ഇരിക്കില്ലെന്ന് ജയ്ശങ്കർ

ന്യൂഡൽഹി: ലോകത്ത് എവിടെയുമുള്ള യുദ്ധം എല്ലായിടത്തും സമാധാനത്തിനു ഭീഷണിയാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, ഐക്യരാഷ്ട്രസഭാ ദിനത്തോടനുബന്ധിച്ച് ഡൽഹിയിൽനടന്ന ചിന്മയ അമൃത് മഹോത്സവ് ഗ്ലോബൽ സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സംഘർഷങ്ങൾ പരിഹരിക്കാനുള്ള ഏകമാർഗം സംഭാഷണവും നയതന്ത്രവുമാണെന്ന ഇന്ത്യയുടെ നിലപാട് ജയ്ശങ്കർ ആവർത്തിച്ചു. റഷ്യ-യുക്രെയ്ൻ യുദ്ധത്തെയും പശ്ചിമേഷ്യയിൽ അമേരിക്ക, ഇസ്രയേൽ, ഇറാൻ എന്നിവ ഉൾപ്പെടുന്ന സംഘർഷങ്ങളെയും ചൂണ്ടിക്കാട്ടിയായിരുന്നു അദ്ദേഹത്തിന്റെ പരാമർശങ്ങൾ. ഇത്തരം സംഘർഷങ്ങൾ കാരണം അതിൽ കാര്യമായ പങ്കില്ലാത്ത സാധാരണ ജനങ്ങളാണു യഥാർത്ഥത്തിൽ ദുരിതമനുഭവിക്കുന്നതെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.


വിഷയത്തിൽ നിശബ്ദ കാഴ്ചക്കാരായി ഇരിക്കാൻ ഇന്ത്യക്കു കഴിയില്ല. സംഘർഷങ്ങൾ പരിഹരിക്കുന്നതിന് ഇന്ത്യ സ്വന്തം നിലയിൽ ശ്രമങ്ങൾ നടത്തുന്നുണ്ട്. സമാധാനം പുനഃസ്ഥാപിക്കാൻ മറ്റു രാജ്യങ്ങളുമായി ചേർന്നു പ്രവർത്തിക്കാൻ തയാറാണ്.

സമാധാനശ്രമങ്ങൾക്കായി ഇന്ത്യ നിരന്തരം സമ്മർദം ചെലുത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഭീകരവാദത്തെ ഒരു രാഷ്ട്രതന്ത്ര ഉപകരണമായി ഉപയോഗിക്കുന്നത് അംഗീകരിക്കാനാകില്ലെന്നും അതിനെ ന്യായീകരിക്കാനോ യുക്തിസഹമായി അവതരിപ്പിക്കാനോ കഴിയില്ലെന്നും ജയ്ശങ്കർ പറഞ്ഞു.

ചരിത്രം ഇതിനു നിരവധി പാഠങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ചില രാജ്യങ്ങൾ ഇപ്പോഴും രാഷ്ട്രീയ ഭീകരവാദത്തിന് മുൻഗണന നൽകുന്നുണ്ടെന്ന് പാകിസ്താന്റെ പേരു പറയാതെ അദ്ദേഹം വിമർശിച്ചു.

ഇന്ത്യയിൽ മിഷനറിയായിരുന്ന ബിഷപ് ഒറെസ്റ്റ മാരെംഗോയെ ധന്യനായി പ്രഖ്യാപിച്ചു



വത്തിക്കാൻ സിറ്റി: ഇന്ത്യയിൽ ദീർഘകാലം മിഷനറിയായി സേവനമനുഷ്ഠിച്ച സലേഷ്യൻ സന്യാസസഭാംഗം ബിഷപ് ഒറെസ്റ്റ മാരെംഗോ ഉൾപ്പെടെ ആറു ദൈവദാസന്മാരെ ലെയോ പതിനാലാമൻ മാർപാപ്പ ധന്യരായി ഉയർത്തി.

വടക്കുകിഴക്കൻ ഇന്ത്യയിൽ ദീർഘകാലം മിഷനറിയായി പ്രവർത്തിച്ച ഇറ്റാലിയൻ സ്വദേശിയായ ബിഷപ് ഒറെസ്റ്റെ മാരെംഗോ ആസാമിലെ ദിബ്രുഗഡ്, തേസ്പുർ രൂപതകളുടെ ബിഷപ്പായും മേഘാലയയിലെ തുറ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായും സേവനമനുഷ്ഠിച്ചു. വിദേശികൾക്കെതിരേ സംശയങ്ങൾ നിലനിന്നിരുന്ന കാലഘട്ടത്തിൽപ്പോലും പ്രാദേശിക ജനവിഭാഗങ്ങളുടെ സ്നേഹം നേടിയെടുത്ത അദ്ദേഹം വടക്കുകിഴക്കൻ ഇന്ത്യയിൽ വൈദികക്ഷാമം പരിഹരിക്കാൻ കേരളത്തിൽനിന്നുള്ള വൈദികരെയും സന്യാസിനികളെയും ക്ഷണിച്ചു കൊണ്ടുവരുന്നതിൽ പ്രധാന പങ്ക് വഹിച്ചു.

ഇന്ത്യ-പാകിസ്ഥാൻ യുദ്ധകാലത്ത് അഭയാർത്ഥികൾക്കായി അദ്ദേഹം ചെയ്ത സേവനങ്ങൾ നിസ്തുലമാണ്.പെറുവിലെ ബൈബിൾ പ്രചാരണത്തിന്റെ തുടക്കക്കാരനായ ജർമൻ വംശജനായ ബിഷപ് ഫ്രെഡറിക് കൈസർ ഡെപ്പൽ, ഫോക്കോളാരെ പ്രസ്ഥാനത്തിലെ പ്രമുഖ അംഗവും 'ലൂമിനോസ' എന്നു സ്നേഹപൂർവം വിളിക്കപ്പെടുകയും ചെയ്ത അർജന്റീനിയൻ സന്യാസിനി മാർഗരിറ്റത്ത ബവോസി, മിലാൻ അതിരൂപതയിലെ ദരിദ്രർക്കും ഭിന്നശേഷിക്കാരായ കുട്ടികൾക്കുമായി സ്ഥാപനങ്ങൾ നിർമിച്ചു സേവനംചെയ്ത ഫാ. ദോമെനിക്കോ പോളിയാനി, ഇറ്റലിയിലെ കാലാബ്രിയയിൽനിന്നുള്ള വൈദികൻ അലെസാൻഡ്രോ വിത്തെറ്റി, കപ്പൂച്ചിൻ സന്യാസി ബ്രദർ ദനിയേലെ എന്നിവരാണ് ധന്യപദവിയിലേക്ക് ഉയർത്തപ്പെട്ട മറ്റുള്ളവർ.

കള്ളനോട്ട് കേസിലെ പ്രതിയുടെ ലോക്കറിൽ 25 കോടി വിലവരുന്ന തിമിംഗല ഛർദ്ദി

കൊല്ലം: കള്ളനോട്ട് കേസിലെ പ്രതിയുടെ ഉടമസ്ഥതയിലുള്ള മത്സ്യ ബന്ധന സാമഗ്രികൾ സൂക്ഷിക്കുന്ന ലോക്കറിൽ നിന്ന് വൻതോതിൽ തിമിംഗല ഛർദ്ദി കണ്ടെത്തി. കൊല്ലം വെസ്റ്റ് കൈക്കുളങ്ങര കല്ലേലിവയൽ പുരയിടത്തിൽ സിബിയോൺ (37) ന്റെ ഉടമസ്ഥതയിലുള്ള വാടി ഹാർബറിലെ ലോക്കറിൽ നിന്നാണ് 22.480 കിലോഗ്രാം തിമിംഗല ഛർദ്ദി പള്ളിത്തോട്ടം പോലീസ് പിടിച്ചെടുത്തത്. നാല് പൊതികളിലായി ചാക്കിൽ സൂക്ഷിച്ചിരുന്ന നിലയിലാണ് ഇത് കണ്ടെത്തിയത്.

വിപണിയിൽ 25 കോടിയോളം രൂപ വിലവരും. ഞായറാഴ്ച രാത്രി ഒൻപതരയോടെയാണ് പള്ളിത്തോട്ടം എസ്എച്ച്ഒ പ്രതിഭ ജി. നായരുടെ നേതൃത്വത്തിലുള്ള സംഘം വാടിയിലെത്തി പരിശോധന നടത്തിയത്.

സിബിയോണിന്റെ ഉടമസ്ഥതയിലുള്ള പത്താം നമ്പർ ലോക്കറിന്റെ പൂട്ട് പൊളിച്ച് പരിശോധിച്ചപ്പോൾ ചാക്കുകെട്ടിൽ നാല് കവറുകളിലാക്കിയ നിലയിലായിരുന്നു ഇവ ഉണ്ടായിരുന്നത്. സ്റ്റേഷനിലേക്ക് എത്തിച്ചശേഷം അഞ്ചലിലുള്ള ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് കൈമാറി.

ജഡ്ജിയുടെ മകൻ ഓടിച്ച കാറിടിച്ച് തട്ടുകടയുടമ മരിച്ചു



കൊച്ചി: എറണാകുളം ചേരാനല്ലൂരിൽ അഡീഷണൽ ജഡ്ജിയുടെ മകനായ പതിനേഴുകാരൻ ഓടിച്ച ബെൻസ് കാറിടിച്ച് സ്കൂട്ടർ യാത്രികൻ മരിച്ചു. മാഞ്ഞാലി പുത്തൻപറമ്പിൽ വീട്ടിൽ ജയബാലകൃഷ്ണനാ(55)ണു മരിച്ചത്.

ചേരാനല്ലൂർ പോലീസ് കസ്റ്റഡിയിലെടുത്ത പതിനേഴുകാരനെ വൈകുന്നേരം സ്റ്റേഷൻ ജാമ്യത്തിൽ വിട്ടു. ജാമ്യത്തിലിറങ്ങിയതിനു പിന്നാലെ ആഭ്യന്തരമന്ത്രിയുടെ നിർദേശപ്രകാരം കുറ്റകരമായ നരഹത്യക്ക് പോലീസ് കേസെടുത്തു. നെടുമ്പാശേരിയിൽ മദ്യലഹരിയിൽ 19-കാരൻ ഓടിച്ച മിനികൂപ്പർ ഇടിച്ച് മൂന്നുപേർ മരിച്ചതിന്റെ നടുക്കം മാറുംമുമ്പേയാണ് സമാനമായ സംഭവം.

ഒക്ടോബർ 25-ന് ഞായറാഴ്ച പുലർച്ചെ 2.20-ന് കണ്ടെയ്നർ റോഡിൽ ചേരാനല്ലൂർ മാരാപറമ്പ് സ്റ്റോപ്പിനു സമീപമായിരുന്നു സംഭവം. ചേരാനല്ലൂർ സൗത്ത് ചിറ്റൂർ ക്ഷേത്രത്തിനു സമീപം വർഷങ്ങളായി തട്ടുകട നടത്തുകയാണ് ജയബാലകൃഷ്ണൻ. രാത്രി കച്ചവടം കഴിഞ്ഞ് മകനൊപ്പം സൗത്ത് ചിറ്റൂരിലെ വീട്ടിലെത്തിയ അദ്ദേഹം കുളിച്ച് വസ്ത്രം മാറി മാഞ്ഞാലിയിലെ പുതിയ വീട്ടിലേക്ക് പോകുമ്പോൾ അമിതവേഗത്തിലെത്തിയ കാർ സ്കൂട്ടറിനു പിന്നിലിടിക്കുകയായിരുന്നു. റോഡിലേക്കു തലയടിച്ചുവീണ ജയബാലകൃഷ്ണൻ തത്ക്ഷണം മരിച്ചു. നിർത്താതെ പോയ കാർ ഒരു കിലോമീറ്ററോളം സഞ്ചരിച്ച് ഓട്ടം നിലച്ചു. 17-കാരനെ നാട്ടുകാർ തടഞ്ഞുവെച്ച് പോലീസിനു കൈമാറുകയായിരുന്നു. ശക്തമായ മഴയിൽ റോഡിലെ വെള്ളക്കെട്ട് കണ്ടു വെട്ടിക്കുന്നതിനിടെ നിയന്ത്രണം നഷ്ടപ്പെട്ടതാണ് അപകട കാരണമെന്നാണു 17-കാരന്റെ മൊഴി. മാതാപിതാക്കൾ ഉറങ്ങിയെന്ന് ഉറപ്പാക്കി ആലുവയിലെ ഫ്ളാറ്റിൽനിന്ന് കാറുമായി ഇറങ്ങിയതായിരുന്നു ഇയാൾ. പതിവായി ഇത്തരത്തിൽ കാറുമായി പോകാറുണ്ടെന്ന് പോലീസിനു വിവരം ലഭിച്ചിട്ടുണ്ട്.

കുട്ടി മദ്യപിച്ചിരുന്നില്ലെങ്കിലും മറ്റ് ലഹരിവസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുമെന്ന് ചേരാനെല്ലൂർ എസ്എച്ച്ഒ ശ്യാംകുമാർ പറഞ്ഞു. കളമശേരി മെഡിക്കൽ കോളജിൽ പോസ്റ്റ്മോർട്ടം നടപടികൾക്കുശേഷം മൃതദേഹം മാഞ്ഞാലിയിലെ വീട്ടിലും സൗത്ത് ചിറ്റൂരിലുള്ള തറവാട്ടുവീട്ടിലും പൊതുദർശനത്തിന് വെച്ചു. തുടർന്ന് പച്ചാളം ശ്മശാനത്തിൽ സംസ്കരിച്ചു. ബിന്ദുവാണ് ജയബാലകൃഷ്ണന്റെ ഭാര്യ. മക്കൾ: ഭരത് ശങ്കർ, ഭാഗ്യദർശൻ, ഭദ്രകീർത്തി.

ചിക്കാഗോയിൽ അന്തരിച്ച ബെന്നി മാത്യു പുതിയടത്തിന്റെ സംസ്കാര ചടങ്ങുകൾ ഒക്ടോബർ 29, 30 തീയതികളിൽ



ചിക്കാഗോ: ചിക്കാഗോയിൽ അന്തരിച്ച ബെന്നി മാത്യു പുതിയടത്തിന്റെ (44) സംസ്കാര ചടങ്ങുകൾ ഒക്ടോബർ 29, 30 (വ്യാഴം, വെള്ളി) തീയതികളിൽ ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്ക ഫൊറോനപ്പള്ളിയിൽ നടത്തപ്പെടും.

ഒക്ടോബർ 29-ന് വ്യാഴാഴ്ച വൈകുന്നേരം 5 മണി മുതൽ 6 മണി വരെ പൊതുദർശനം. 6 മണിക്ക് ദിവ്യബലി. 7 മണി മുതൽ 9 മണി വരെ പൊതുദർശനവും പ്രാർത്ഥനാ ശുശ്രൂഷകളും.

ഒക്ടോബർ 30-ന് വെള്ളിയാഴ്ച രാവിലെ 8 മണി മുതൽ 9.45 വരെ പൊതുദർശനം. 10 മണിക്ക് ദിവ്യബലിയും പ്രാർത്ഥനാശുശ്രൂഷകളും. തുടർന്ന് ഹിൽസൈഡിലുള്ള ക്യൂൻ ഓഫ് ഹെവൻ സെമിത്തേരിയിൽ സംസ്കാരം നടക്കും.

മാതാപിതാക്കൾ: പുതിയടത്ത് ബേബി & ത്രേസ്യാമ്മ.

സഹോദരങ്ങൾ: ബെൻസൻ പുതിയടത്ത് & ഐമ (ആകശാല) ചിക്കാഗോ, ബെറ്റ്സി & സ്മിത്ത് ഡെൻവർ.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 43
October 26, 2026

Chief Editor
K.M. Eapen

Executive Editor
Jose Kaniyaly

Managing Editors
Joseph Mathew
K.O. Jose, C.P.A.
Titus Eapen

Circulation Manager
Ajith Eapen

Office Administration
Anish Eapen

Legal Advisor
Selma C. D'souza

Manager
K.M. Thimothy

Overseas Office
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

Co-ordinating Editor
Mani Samuel

News Editor
Mini Mani

Graphics
Samuel Mani

Special Correspondent
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

മഹദ്വചനം

പരാജയം വീണ്ടും തുടങ്ങാനുള്ള അവസരമാണ്.

ഹെൻറി ഫോർഡ്

വെളിച്ചത്തിന് മാത്രമേ അന്ധകാരത്തെ മാറ്റാനാകൂ.

മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ

TRUE LIGHT
CHRISTIAN ASSEMBLY

YOUTH PASTOR NEEDED!

HOUSTON, TX

True Light Christian Assembly (TLCA) is seeking a **dynamic and committed Youth Pastor** with a genuine passion for mentoring and discipling the next generation.

QUALIFICATIONS

- A **bachelor's or higher degree in Theology**
- Currently reside in the **USA**
- **Married** and Spouse should be supportive and willing to participate in youth ministry
- Strong **biblical foundation** and spiritual maturity
- Ability to **connect** with, mentor, and disciple youth
- Willingness to **actively engage** with youth beyond Sunday services

We are looking for a pastor with a **genuine heart to serve**, build meaningful relationships, and **invest in the spiritual growth** of our young people.

If you believe you are the right candidate and feel called to this ministry, please apply by submitting your **resume and references to:**
pastorsearch@tlcachurch.org

DEADLINE TO SUBMIT:
OCTOBER 19, 2026

ANTICIPATED START DATE:
LATE SUMMER 2027

For more information, visit our website:
tlcachurch.org

TRUE LIGHT CHRISTIAN ASSEMBLY (TLCA)
5115 FM 521, Rosharon, Texas 77583

MEDICARE PLANS MADE SIMPLE

Your Medicare Questions Answered Your Benefits Explained

- ✓ Medicare Part B Premium Refund
- ✓ $0 PPO Plans
- ✓ Prescription Drug Coverage
- ✓ Dental, Vision & Hearing
- ✓ Worldwide Coverage
- ✓ Free Gym Coverage
- ✓ Extra Supplement Benefits



CONTACT

Raj Surendran, MBA

Senior Medicare Specialist

708-945-3985

rsurendran007@gmail.com

nella CONSULTING
ACCOUNTING | TAX | CONSULTING





FOR ALL YOUR PERSONAL AND BUSINESS TAX SERVICES



TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)

FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES

Partner
ALVIN NELLA, CPA, MBA


കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

ആശുപത്രികളിലെ ചികിത്സാച്ചെലവ് നിയന്ത്രിക്കാൻ നിയമം വരുന്നു

തിരുവനന്തപുരം: സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ കടുത്ത ചികിത്സാച്ചെലവ് നിയന്ത്രിക്കുന്നതിനായി സർക്കാർ പുതിയ നിയമനിർമാണത്തിനൊരുങ്ങുന്നു. ഇതിനായുള്ള ബിൽ പണിപ്പുരയിലാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി നിയമസഭയെ അറിയിച്ചു. സ്വകാര്യ ആശുപത്രികളിലെ വർദ്ധിച്ചുവരുന്ന ചികിത്സാച്ചെലവിൽ സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് കെ.എൻ. ബാലഗോപാൽ സഭയിൽ ആവശ്യപ്പെട്ടതിനു മറുപടി നല്കുകയായിരുന്നു മന്ത്രി. ക്യാൻസർ പ്രതിരോധത്തിനായി സർക്കാർ അതീവ ഗൗരവത്തോടെയുള്ള നടപടികളാണ് സ്വീകരിച്ചുപോരുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു. മുൻ എംഎൽഎ ശോഭന ജോർജ് നടത്തിയ സൗന്ദര്യ ചികിത്സയുമായി ബന്ധപ്പെട്ട വിവാദത്തിൽ സമഗ്ര അന്വേഷണം നടത്തുമെന്ന് മന്ത്രി വ്യക്തമാക്കി. ആരോഗ്യവകുപ്പ് സെക്രട്ടറിക്കാണ് അന്വേഷണച്ചുമതല. ഔഷധി പോലുള്ള സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ സൗന്ദര്യവർദ്ധക ചികിത്സകളേക്കാൾ ആരോഗ്യ സംരക്ഷണത്തിനാണ് മുൻഗണന നല്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്തെ സ്പാ സെന്ററുകളിൽ ആരോഗ്യവകുപ്പിന്റെ പരിശോധന കാര്യക്ഷമമാക്കണമെന്നും ഡോക്ടർമാരുടെയും അംഗീകൃത തെറാപ്പിസ്റ്റുകളുടെയും സാന്നിദ്ധ്യം ഉറപ്പാക്കണമെന്നും എം. വിൻസെന്റ് ആവശ്യപ്പെട്ടു. ഇത്തരം കേന്ദ്രങ്ങളിൽ നിയമം കണ്ണുവെട്ടിച്ച് അനധികൃത പ്രവർത്തനങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുമെന്ന് സഭയിൽ മന്ത്രി ഉറപ്പു നല്കി.

രാഹുൽഗാന്ധി കുറ്റവിമുക്തൻ



ലക്നൗ: കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായെ കൊലക്കേസ് പ്രതിയെന്നു വിളിച്ച് അപകീർത്തിപ്പെടുത്തിയെന്ന കേസിൽ രാഹുൽഗാന്ധി കുറ്റവിമുക്തനായി. ഉത്തർപ്രദേശിലെ സുൽത്താൻപൂർ പ്രത്യേക കോടതിയാണ് വിധി പുറപ്പെടുവിച്ചത്. കർണാടകയിലെ തെരഞ്ഞെടുപ്പിനിടെ 2018-ൽ പത്രസമ്മേളനത്തിൽ അമിത് ഷായ്ക്കെതിരെ നടത്തിയ പരാമർശമാണ് കേസിനാധാരം. ബി.ജെ.പി ജില്ലാ വൈസ് പ്രസിഡണ്ടായിരുന്ന വിജയ് മിശ്ര നല്കിയ പരാതിയിലാണ് സുൽത്താൻപൂരിലെ എംപി/എംഎൽഎ പ്രത്യേക കോടതി കേസെടുത്തത്.

ഇതിനിടെ, ഈ കേസിന്റെ വിധി കേൾക്കാൻ പോകവേ രാഹുൽ ഗാന്ധിയും പ്രവർത്തകരും സഞ്ചരിച്ചിരുന്ന വാഹനവ്യൂഹം അപകടത്തിൽപ്പെട്ടു. പാർട്ടി പ്രവർത്തകരും സുരക്ഷാ ഉദ്യോഗസ്ഥരുമടക്കം നിരവധി പേർക്ക് പരുക്കേറ്റു. ഉത്തർപ്രദേശിലെ പൂർവാഞ്ചൽ എക്സ്പ്രസി വേയിൽ ആംബുലൻസുമായി കൂട്ടിയിടിച്ചാണ് അപകടം സംഭവിച്ചതെന്നാണ് വിവരം. രാഹുൽഗാന്ധി സുരക്ഷിതനാണെന്നാണ് റിപ്പോർട്ട്. അഞ്ച് വാഹനങ്ങളാണ് രാഹുൽഗാന്ധിക്കൊപ്പമുണ്ടായിരുന്നത്. അപകടസ്ഥലത്തു നിന്നുള്ള സിസടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്.

സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസിനെതിരെ ഗുരുതര ആരോപണവുമായി റിട്ട. ജഡ്ജി

ന്യൂഡൽഹി: ജഡ്ജി നിയമനത്തിന് ശിപാർശ ചെയ്യേണ്ട പേരുകൾ കൊളീജിയം ചർച്ചചെയ്യുന്നതിന് മുൻപേ മുൻ ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന് സർക്കാരുമായി ആലോചിക്കുന്ന പതിവുണ്ടായിരുന്നെന്ന വെളിപ്പെടുത്തലുമായി മുൻ സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് സഞ്ജയ് കിഷൻ കൗൾ. ജസ്റ്റിസ് ചന്ദ്രചൂഡിന്റെ ഈ രീതിയോട് യോജിപ്പുണ്ടായിരുന്നില്ലെന്നും ജസ്റ്റിസ് കൗളിന്റെ പുറത്തിറങ്ങാൻപോകുന്ന ഓർമ്മക്കുറിപ്പുകളിൽ പറയുന്നു.

കൊളീജിയം പരിഗണിക്കുന്ന പേരിനെക്കുറിച്ച് സർക്കാരിനോട് ഫോൺ വിളിച്ച് ചോദിക്കട്ടേയെന്ന് ഒരിക്കൽ ജസ്റ്റിസ് ചന്ദ്രചൂഡ് പറഞ്ഞതായും ജസ്റ്റിസ് കൗളിന്റെ 'വിത്തൗട്ട് ഫിയർ ഓർ ഫേവർ' എന്ന പുസ്തകത്തിൽ പറയുന്നു. സർക്കാരിന് അഭിപ്രായം പറയാൻ അവസരം നൽകുന്നതിലല്ല പ്രശ്നം. സർക്കാരിനോട് ആലോചിക്കുന്നതും മുൻകൂർ അനുമതി വാങ്ങലും രണ്ടാണ് - 2023 ഡിസംബറിൽ വിരമിച്ച ജസ്റ്റിസ് കൗൾ പറഞ്ഞു. രാഷ്ട്രീയസമ്മർദങ്ങളിൽനിന്ന് കൊളീജിയം മുക്തമാണെന്നു കരുതുന്നത് വെറും തോന്നലാണ്. സർക്കാരുകൾ സ്വാധീനം ഉറപ്പിക്കാൻ ശ്രമിക്കും. അവസരം ലഭിച്ചാൽ അവർ അത് മുതലെടുക്കുകയും ചെയ്യും.

ഇത്തരം വിഷയങ്ങളിൽ നട്ടെല്ലോടെ നിലകൊള്ളുന്ന ജഡ്ജിമാരോട് സർക്കാരിന് കൂടുതൽ ബഹുമാനമുണ്ടെന്നാണ് തനിക്ക് മനസ്സിലായതെന്നും ജസ്റ്റിസ് കൗൾ പറഞ്ഞു.

ജഡ്ജി നിയമനത്തിൽ ന്യൂനപക്ഷ മതവിഭാഗങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ടോയെന്ന് ഒരിക്കൽ സർക്കാർ ചോദിച്ചതായും ജസ്റ്റിസ് കൗൾ ചൂണ്ടിക്കാട്ടി. മാത്രവുമല്ല, ന്യൂനപക്ഷവിഭാഗത്തിൽനിന്ന് പരിഗണിക്കുന്നയാളുടെ കുടുംബത്തിന്റെ ജാതിയെക്കുറിച്ചും ചോദ്യംവന്നത് വിചിത്രമായി തോന്നി.

ഇങ്ങനെയാണ് ജഡ്ജിമാരെ നിയമിക്കുന്നതെങ്കിൽ സ്വയം ആലോചിച്ച് ചെയ്താൽപ്പോരേയെന്ന് ജസ്റ്റിസ് ചന്ദ്രചൂഡിനോട് ചോദിച്ചുകൊണ്ട് താൻ മുറിയിൽനിന്ന് ഇറങ്ങിപ്പോയെന്നും ജസ്റ്റിസ് കൗൾ പറഞ്ഞു.

സുരക്ഷ ഉറപ്പാക്കാൻ ഡിസ്പോസബിൾ മെഡിക്കൽ ഉപകരണ നിയമം കർശനമാക്കി

ന്യൂഡൽഹി: ആശുപത്രികളിൽ ഒറ്റത്തവണ മാത്രം ഉപയോഗിക്കേണ്ട (ഡിസ്പോസബിൾ) മെഡിക്കൽ ഉപകരണങ്ങളും സർജിക്കൽ വസ്തുക്കളും വീണ്ടും ഉപയോഗിക്കുന്നതിനെതിരേ കടുത്ത നടപടിയുമായി കേന്ദ്രസർക്കാർ. പൊതു-സ്വകാര്യ ആരോഗ്യ മേഖലകളിൽ ഇത്തരം നിയമലംഘനങ്ങൾ വ്യാപകമാണെന്ന പരാതികളെത്തുടർന്നാണ് കേന്ദ്രം നിരോധനം കർശനമാക്കിയത്. ഇതുമായി ബന്ധപ്പെട്ട് എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും അടിയന്തര നിർദേശം കൈമാറി.

കാർഡിയോളജി, നെഫ്രോളജി, ഓങ്കോളജി തുടങ്ങിയ അത്യാഹിത വിഭാഗങ്ങളിൽപ്പോലും ഉപകരണങ്ങൾ അണുവിമുക്തമാക്കി വീണ്ടും ഉപയോഗിക്കുന്നത് രോഗികളുടെ ജീവനു ഭീഷണിയാണെന്ന് കേന്ദ്രം മുന്നറിയിപ്പ് നൽകുന്നു. എയ്ഡ്സ്, ഹെപ്പറ്റൈറ്റിസ് ബി, സി തുടങ്ങിയ മാരക രോഗങ്ങൾ പടരാൻ ഇതു കാരണമാകുന്നുണ്ട്.

ഒറ്റത്തവണ മാത്രം ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ അണുവിമുക്തമാക്കി വീണ്ടും ഉപയോഗിക്കുമ്പോഴും പുതിയ ഉപകരണങ്ങളുടെ മുഴുവൻ തുകയും രോഗികളിൽനിന്ന് ഈടാക്കുന്നതായി പരാതി ഉയർന്നിരുന്നു. ഈ ചൂഷണത്തിന് തടയിടുകകൂടി കേന്ദ്ര നീക്കത്തിനു പിന്നിലുണ്ട്.

ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട്, മെഡിക്കൽ ഡിവൈസസ് റൂൾസ് എന്നിവയുടെ ലംഘനമാണിതെന്നു ചൂണ്ടിക്കാട്ടിയ സർക്കാർ, പരിശോധനകൾ ശക്തമാക്കാൻ ചീഫ് സെക്രട്ടറിമാർക്കും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർക്കും നിർദേശം നൽകി.

അശോക് സെന്നിന് ഓസ്കർ ക്ലയ്ൻ പുരസ്കാരം

സ്റ്റോക്ഹോം: ഭൗതികശാസ്ത്രരംഗത്തെ വലിയ പുരസ്കാരങ്ങളിലൊന്നായ ഓസ്കർ ക്ലയ്ൻ അവാർഡ് ഇന്ത്യൻ ഭൗതികശാസ്ത്രജ്ഞനായ അശോക് സെന്നിന്. പുരസ്കാരം നേടുന്ന ആദ്യ ഇന്ത്യൻ ഭൗതികശാസ്ത്രജ്ഞനാണ് അദ്ദേഹം. ഇന്റർനാഷണൽ സെന്റർ ഫോർ തിയററ്റിക്കൽ സയൻസസിലെ (ഐ.സി.ടി.എസ്) അദ്ധ്യാപകനാണ്. സ്ട്രിങ് തിയറിയുമായി ബന്ധപ്പെട്ടു നടത്തിയ വിപ്ലവകരമായ ഗവേഷണങ്ങളിലൂടെയാണ് ശ്രദ്ധേയനായത്. 2001-ൽ പദ്മശ്രീയും 2013-ൽ പദ്മഭൂഷണും നേടി. സ്വീഡിഷ് ഭൗതികശാസ്ത്രജ്ഞനായ ഓസ്കർ ക്ലയ്നിന്റെ സ്മരണാർത്ഥം 1988-ൽ തുടങ്ങിയ പുരസ്കാരം സ്റ്റോക്ക്ഹോം യൂണിവേഴ്സിറ്റിയും റോയൽ സ്വീഡിഷ് അക്കാദമി ഓഫ് സയൻസസിലെ നൊബേൽ ഫിസിക്സ് കമ്മിറ്റിയും സംയുക്തമായാണ് സമ്മാനിക്കുന്നത്.

അപൂർവരോഗങ്ങൾക്കുള്ള മരുന്നും വിശ്വാസ്യതയും

ഒരു കുട്ടിക്ക് അപൂർവരോഗം സ്ഥിരീകരിക്കപ്പെടുന്നതോടെ ആ കുടുംബത്തിന്റെ ജീവിതം വലിയ പ്രതിസന്ധിയിലാകുന്നു. ചികിത്സയുടെ ചെലവ്, മരുന്നിന്റെ ലഭ്യത, ദീർഘകാല പരിചരണം എന്നിവ മാതാപിതാക്കൾക്ക് കനത്ത സാമ്പത്തികവും മാനസികവുമായ സമ്മർദം സൃഷ്ടിക്കുന്നു. പലപ്പോഴും ജീവിതകാലം മുഴുവൻ തുടരേണ്ടിവരുന്ന ചികിത്സയ്ക്കായി കുടുംബങ്ങൾ സ്വത്തുവിൽക്കുകയും കടം വാങ്ങുകയും പൊതുസഹായം തേടുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ സർക്കാർ സൗജന്യചികിത്സയും മരുന്നും ലഭ്യമാക്കുന്നത് ഒരു ക്ഷേമപദ്ധതി മാത്രമല്ല, ചികിത്സ ലഭിക്കാനുള്ള അവകാശത്തെ സംരക്ഷിക്കുന്ന സാമൂഹിക ഉത്തരവാദിത്വമാണ്. എന്നാൽ മരുന്ന് സൗജന്യമായി നൽകുന്നതുകൊണ്ടുമാത്രം ഉത്തരവാദിത്വം അവസാനിക്കുന്നില്ല. അതിന്റെ ഗുണനിലവാരം, സുരക്ഷ, ഫലപ്രാപ്തി, വിതരണത്തിലെ സുതാര്യത എന്നിവ ഉറപ്പാക്കുകയും വേണം.

തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ സ്പൈനൽ മസ്കുലാർ അട്രോഫി (എസ്.എം.എ) ബാധിച്ച കുട്ടികൾക്ക് നൽകിയ മരുന്നുമായി ബന്ധപ്പെട്ട് ഉയർന്ന വിവാദം ഈ വിഷയത്തിന്റെ ഗൗരവം വ്യക്തമാക്കുന്നു. മരുന്ന് സാധാരണ ചികിത്സയ്ക്കായി അംഗീകരിച്ചതാണോ, ആവശ്യമായ പരിശോധനകൾ നടത്തിയിട്ടുണ്ടോ, ഇത്തരം കുപ്പികൾ രോഗികൾക്ക് നൽകിയത് എന്തുകൊണ്ടാണ് തുടങ്ങിയ ചോദ്യങ്ങൾ ഉയർന്നു. ആരോഗ്യവകുപ്പും ബന്ധപ്പെട്ട വിദഗ്ധരും മരുന്നിന്റെ അംഗീകാരവും സുരക്ഷയും സംബന്ധിച്ച് വിശദീകരണങ്ങൾ നൽകിയതായും വാർത്തകൾ റിപ്പോർട്ട് ചെയ്തു. സാമ്പിൾ മരുന്നുകൾ താൽക്കാലിക ക്ഷാമം നേരിടുന്നതിനുള്ള ഇടക്കാല ക്രമീകരണത്തിന്റെ ഭാഗമായി നൽകിയതാണെന്ന വിശദീകരണവും പുറത്തുവന്നു. അതിനാൽ ആരോപണങ്ങൾ തെളിയിക്കപ്പെട്ട വസ്തുതകളായി കാണാനാവില്ല; അതേസമയം മാതാപിതാക്കളുടെ ആശങ്കകൾ അവഗണിക്കാനും പാടില്ല.

എസ്എംഎ കുട്ടികളുടെ പേശികളുടെ ശക്തിയെയും ചലനശേഷിയെയും ശ്വസനശേഷിയെയും ബാധിക്കാവുന്ന അപൂർവ ജനിതക രോഗമാണ്. ചികിത്സ രോഗത്തിന്റെ പുരോഗതി നിയന്ത്രിക്കാനും ജീവിതനിലവാരം മെച്ചപ്പെടുത്താനും സഹായിച്ചേക്കാം. എന്നാൽ മരുന്നുകളുടെ ഉയർന്ന വില പല കുടുംബങ്ങൾക്കും താങ്ങാനാവാത്തതാണ്. അതുകൊണ്ടുതന്നെ വിദേശത്ത് നിർമിക്കുന്ന വിലകൂടിയ മരുന്നിനു പകരമായി ഇന്ത്യയിൽ നിർമിക്കുന്ന കുറഞ്ഞ വിലയുള്ള ജനറിക് മരുന്നുകൾ ലഭ്യമാക്കാനുള്ള ശ്രമം പ്രസക്തമാണ്. ശരിയായ ഗുണനിലവാരവും നിയമപരമായ അംഗീകാരവും ഉറപ്പാക്കിയ ജനറിക് മരുന്നുകൾ ചികിത്സാച്ചെലവ് കുറച്ച് കൂടുതൽ രോഗികൾക്ക് ചികിത്സ ലഭ്യമാക്കാൻ സഹായിക്കും. എന്നാൽ വിലക്കുറവ് മാത്രം ഒരു മരുന്നിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നില്ല. അതുപോലെ വിദേശമരുന്ന് എന്നതുകൊണ്ടുമാത്രം അത് കൂടുതൽ സുരക്ഷിതമാണെന്നും കരുതാനാവില്ല. ശാസ്ത്രീയ തെളിവുകളും നിയന്ത്രണാനുമതികളും ഗുണനിലവാര പരിശോധനകളുമാണ് മരുന്നിന്റെ വിശ്വാസ്യതയുടെ അടിസ്ഥാനം.

ഇത്തരം വിഷയങ്ങളെ രാഷ്ട്രീയ വാക്പോരിന്റെ ആയുധമാക്കുന്നതും ശരിയല്ല. സർക്കാർ മരുന്നിന്റെ സുരക്ഷ ഉറപ്പാക്കുന്നുവെങ്കിൽ അതിന് പിന്തുണയാകുന്ന രേഖകൾ പുറത്തുവിടണം. പ്രതിപക്ഷം ഗുരുതരമായ ആരോപണങ്ങൾ ഉന്നയിക്കുന്നുവെങ്കിൽ അവയ്ക്ക് വ്യക്തമായ തെളിവുകൾ ഹാജരാക്കണം. മരുന്ന് കമ്പനികളുടെ വാണിജ്യതാൽപര്യങ്ങൾ, പൊതുസംഭരണത്തിലെ നടപടിക്രമങ്ങൾ, വിലനിർണയം എന്നിവയെക്കുറിച്ച് സംശയങ്ങളുണ്ടെങ്കിൽ നിഷ്പക്ഷമായി പരിശോധിക്കണം.

മരുന്നിന്റെ വില കുറയ്ക്കുന്നതും രോഗിയുടെ വിശ്വാസം സംരക്ഷിക്കുന്നതും പരസ്പരവിരുദ്ധമായ ലക്ഷ്യങ്ങളല്ല. ശാസ്ത്രീയ തെളിവുകളും സുതാര്യമായ നടപടിക്രമങ്ങളും ഉത്തരവാദിത്തമുള്ള ആശയവിനിമയവും ഉണ്ടെങ്കിൽ രണ്ടും സാധ്യമാകും. മരുന്ന് എങ്ങനെ വാങ്ങി, ഏത് അംഗീകാരത്തിന്റെ അടിസ്ഥാനത്തിലാണ് വിതരണം ചെയ്തത്, സാമ്പിൾ അടയാളമുള്ള കുപ്പികൾ എങ്ങനെ രോഗികളിലെത്തി, ഭാവിയിൽ ഇത്തരം ആശയക്കുഴപ്പങ്ങൾ ഒഴിവാക്കാൻ എന്തു നടപടികളെടുക്കും എന്നീ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകണം. അപൂർവരോഗങ്ങളുള്ള കുട്ടികൾക്ക് സുരക്ഷിതവും ഫലപ്രദവും താങ്ങാനാവുന്നതുമായ ചികിത്സ ലഭ്യമാക്കുക എന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. പൊതുജനാരോഗ്യത്തിന്റെ വിശ്വാസ്യത ഉറപ്പുനൽകുന്ന വാക്കുകളിലൂടെ മാത്രം വളരുന്നതല്ല; പരിശോധിക്കാവുന്ന തെളിവുകളിലൂടെയും സുതാര്യമായ പ്രവർത്തനങ്ങളിലൂടെയും ഉത്തരവാദിത്തത്തിലൂടെയുമാണ് അത് നിലനിൽക്കുന്നത്. രോഗികളുടെ ജീവനും കുടുംബങ്ങളുടെ വിശ്വാസവും ഒരുപോലെ സംരക്ഷിക്കപ്പെടുമ്പോഴാണ് ആരോഗ്യസംവിധാനം യഥാർത്ഥത്തിൽ ജനകീയമാകുന്നത്.

JV BUILT
GENERAL CONTRACTOR


BUILT ON TRUST.
FOCUSED ON QUALITY.

From big upgrades to everyday improvements, we bring skill, integrity, and attention to detail to every project.

RESIDENTIAL | COMMERCIAL | FULLY INSURED | FREE ESTIMATES



OUR EXPERTISE



WINDOW REPLACEMENT
Improve comfort, efficiency & boost curb appeal.



FLOORING
Durable. Stylish. Built to last. Installed right.



ROOFING
Quality roofing that protects what matters most.




PAINT & GENERAL CONTRACTING
Interior & exterior painting and complete home improvements.



630-544-7951 jvbuilt1@gmail.com Proudly Serving the Chicago Land Area

BUILDING TRUST. DELIVERING EXCELLENCE.

ONE CONTRACTOR.
COMPLETE SOLUTIONS.
Remodeling · Additions · Repairs · Maintenance · And More



JAIBU MATHEW KULANGARA
& ASSOCIATES

For Personal & Business
TAX SERVICE

Jaibu Mathew Kulangara, E.A.
Entrolled to Practice before IRS

Christine Mathew
Lead Associate

7215 W.Touhy,
Suite 6
CHICAGO, IL 60631

773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX

E-mail:tax@jaibu.com
Web:www.jaibu.com



Free Electronic Filing

ഭരണത്തുടർച്ച ലക്ഷ്യമിട്ടുള്ള പ്രചാരണം; പിണറായി സർക്കാർ പൊടിച്ചത് കോടികളുടെ കിഫ്ബി ഫണ്ട്

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പ്, 2025-26 സാമ്പത്തികവർഷം, പിണറായി സർക്കാർ പരസ്യങ്ങൾക്കും പ്രചാരണത്തിനുമായി ചെലവഴിച്ചത് 203.72 കോടി രൂപയുടെ കിഫ്ബി ഫണ്ട്. സർക്കാരിന്റെ വാർഷികാഘോഷത്തിന്റെ പേരിലാണ് അടിസ്ഥാനസൗകര്യവികസനത്തിന് വിനിയോഗിക്കേണ്ട പണം ധൂർത്തടിച്ചതെന്ന് ഓഡിറ്റ് റിപ്പോർട്ട് വ്യക്തമാക്കുന്നു.

2016-26 കാലയളവിലെ കിഫ്ബി വാർഷിക റിപ്പോർട്ടുകളും യുഡിഎഫ് സർക്കാർ നിയോഗിച്ച സുധാ പിള്ള സമിതിയുടെ റിപ്പോർട്ടും അടിസ്ഥാനമാക്കിയുള്ള കണക്കുകൾപ്രകാരം പരസ്യങ്ങൾക്കും പ്രചാരണപരിപാടികൾക്കുമായി 475 കോടി രൂപയോളം ചെലവഴിച്ചു. ഇതിൽ വലിയ പങ്കും സർക്കാരിന്റെ വാർഷികാഘോഷമായ 'എന്റെ കേരളം' പരിപാടിക്കാണ് വിനിയോഗിച്ചത്; മൂന്നു വർഷത്തിനിടെ 216 കോടി രൂപ.

അതേസമയം, പട്ടികജാതി, പട്ടികവർഗ വികസനപദ്ധതികൾക്കായി കിഫ്ബി ആകെ അനുവദിച്ചത് 87 കോടി രൂപ മാത്രം. 2022-23-ൽ 52.03 കോടി, 2023-24-ൽ 67.45 കോടി, 2025-26-ൽ 96.44 കോടി എന്നിങ്ങനെയാണ് വാർഷികാഘോഷങ്ങൾക്കായി പൊടിച്ചത്. അടിസ്ഥാനസൗകര്യ വികസനത്തിനായി മാത്രം ഉപയോഗിക്കേണ്ട കിഫ്ബി ഫണ്ട് സർക്കാർ ഉത്തരവുപ്രകാരം മറ്റാവശ്യങ്ങൾക്കായി വകമാറ്റിയെന്നാണ് ഓഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തൽ.

കേന്ദ്രസർക്കാരിന്റെ വായ്പാനിയന്ത്രണങ്ങൾ നിലനിൽക്കേയാണ് നൂറു കണക്കിനു കോടി രൂപ പ്രചാരണപരിപാടികൾക്കായി ചെലവഴിച്ചത്. 2023-24-ൽ 'കേരളീയം' പരിപാടിക്കായി കിഫ്ബി 12.95 കോടി രൂപ ചെലവഴിച്ചു. 2018-19 വരെ പ്രതിവർഷം രണ്ടു കോടി രൂപയിൽ താഴെയായിരുന്ന കിഫ്ബി വക പ്രചാരണച്ചെലവുകൾ പിന്നീട് കുത്തനെ ഉയർന്നു. 2019-20-ൽ ഇത് 25.33 കോടി രൂപയായി. അന്നത്തെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത 'കേരളനിർമിതി' പ്രദർശനത്തിനായി മാത്രം 13.61 കോടി രൂപ ചെലവഴിച്ചു. കോവിഡ് കാലത്ത് ഇത്തരം പ്രദർശനങ്ങൾ നിർത്തിവെച്ചതോടെ, മണ്ഡലാടിസ്ഥാനത്തിൽ കിഫ്ബിയുടെ വികസനപ്രവർത്തനങ്ങൾ 14 ടെലിവിഷൻ ചാനലുകളിലൂടെയും റേഡിയോയിലൂടെയും പ്രചരിപ്പിക്കാനായി വൻതുക ചെലവഴിച്ചു. സുധാ പിള്ള സമിതി റിപ്പോർട്ട് പ്രകാരം നിയമസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പുള്ള 2025-26 സാമ്പത്തികവർഷം മാത്രം പരസ്യങ്ങൾക്കും പ്രചാരണത്തിനുമായി 203.72 കോടിരൂപ ചെലവഴിച്ചു. തുടർച്ചയായി 3 വർഷം കിഫ്ബിയുടെ പരസ്യച്ചെലവുകളെ ഓഡിറ്റർ ചോദ്യംചെയ്തതായും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. എന്നാൽ, സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് പരിപാടികളുടെ ചെലവുകൾ വഹിച്ചതെന്നും ജനറൽബോഡി അംഗീകരിച്ച ബജറ്റിനുള്ളിൽനിന്നാണ് പ്രചാരണച്ചെലവുകൾ നടത്തിയതെന്നുമാണ് കിഫ്ബിയുടെ വിശദീകരണം.

പ്രതിസന്ധികളെ തോൽപിച്ച ജിലുമോൾക്ക് കേരളപ്രഭ പുരസ്കാരം

തിരുവനന്തപുരം: 'ജന്മനാ ഇരുകൈകളുമില്ലാത്ത, അസാമാന്യമായ ആത്മവിശ്വാസംകൊണ്ട് പ്രതിസന്ധികളെ മറികടന്ന് ജീവിതവിജയം നേടിയ ജിലുമോൾ മാരിയറ്റ് തോമസ്' - കേരള പുരസ്കാരങ്ങൾ സമ്മാനിക്കാൻ ലോക്ഭവനിൽ സംഘടിപ്പിച്ച ചടങ്ങിലേക്ക് ചീഫ് സെക്രട്ടറിയുടെ ചുമതലയുള്ള മിൻഹാജ് ആലം വിശേഷണങ്ങളുടെ അകമ്പടിയോടെ പേരു വിളിച്ചു. ഗവർണർ രാജേന്ദ്ര ആർലേക്കറുടെയും മുഖ്യമന്ത്രി വി.ഡി. സതീശന്റെയും മുന്നിലേക്കു ജിലുമോൾ നടന്നുകയറി. ഇരുകൈകളുമില്ലാതെ, ഏഴ്, ഇടതുകാലിൽ നിയുറപ്പിച്ച്, വലതുകാലുയർത്തി പുരസ്കാരം ഏറ്റുവാങ്ങി ജിലുമോൾ വീണ്ടും ചരിത്രമായി.



കേരളപ്രഭ പുരസ്കാരം നേടിയ ജിലുമോൾ മാരിയറ്റ് തോമസിന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി.ഡി. സതീശൻ, ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ എന്നിവർ അവാർഡ് നൽകുന്നു.

വിദ്യാഭ്യാസ മേഖലയിലെ സംഭാവനകൾക്ക് കേരളശ്രീ പുരസ്കാരം ലഭിച്ച കൊല്ലം ടികെഎം ട്രസ്റ്റിന്റെ അമരക്കാരൻ ഷഹൽ ഹസൻ മുസല്യാർക്ക് പ്രായാധിക്യം കാരണം വേദിയിലേക്കു നടന്നുകയറാൻ പ്രയാസമായിരുന്നു. അദ്ദേഹത്തിനരികിലേക്കു ഗവർണറും മുഖ്യമന്ത്രിയും ഇറങ്ങിവന്നു പുരസ്കാരം സമ്മാനിച്ചു. അദ്ദേഹത്തെ ചേർത്തു നിർത്തി ഗവർണർ പറഞ്ഞു: 'വി ആർ പ്രിവിലേജ്ഡ്.

ഡോ. എം.കെ. രാഘവവാരിയർക്ക് കേരള ജ്യോതി പുരസ്കാരവും പി.ബി. അനീഷ്, രാജശ്രീ വാരിയർ എന്നിവർക്കു കേരള പ്രഭ പുരസ്കാരവും എം.കെ. വിമൽ ഗോവിന്ദ്, അഭിലാഷ് ടോമി എന്നിവർക്കു കേരളശ്രീ പുരസ്കാരവും ഗവർണർ സമ്മാനിച്ചു.

മാധ്യമരംഗത്തെ സംഭാവനകൾക്ക് കേരളശ്രീ പുരസ്കാരം ലഭിച്ച ശശികുമാർ ചടങ്ങിന് എത്തിയിരുന്നില്ല.

സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മന്ത്രിമാരായ സണ്ണി ജോസഫ്, ബിന്ദുകൃഷ്ണ, എം. ലിജു തുടങ്ങിയവർ പങ്കെടുത്തു.

രാഹുലിനെതിരെ രൂക്ഷവിമർശനവുമായി മോദി

മുംബൈ: ലോകം പുതിയ ക്രമത്തിനായി പരതുമ്പോൾ ഇന്ത്യയിൽ അരാജകത്വം സ്വപ്നം കാണുകയാണു ചിലരെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി. ദേശീയ ചാനൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുമ്പോഴായിരുന്നു ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയെ പേരെടുത്തു പരാമർശിക്കാതെ മോദി ആക്രമണം അഴിച്ചുവിട്ടത്. പരാജയപ്പെട്ട ഉൽപ്പന്നത്തെ തുടരെ അവതരിപ്പിക്കാൻ കോൺഗ്രസ് എത്രകാലം ശ്രമിക്കുമെന്നും പ്രധാനമന്ത്രി ആരാഞ്ഞു. ലോകം മുഴുവൻ ഒരു പുതിയ ക്രമത്തിനായി തേടുകയാണ്. അതിനിടെ ഇന്ത്യയിൽ അരാജകത്വം സൃഷ്ടിക്കാനാണ് ചിലരുടെ ശ്രമം. അസ്ഥിരത കൊടികുത്തിവാഴുന്ന ഇക്കാലത്ത് ഇന്ത്യയുടെ കരുത്തുറ്റ ചിത്രമാണ് ലോകത്തിനു മുന്നിൽ അവതരിപ്പിക്കേണ്ടത്. എന്നാൽ ഇന്ത്യയുടെ പ്രതിച്ഛായ നശിപ്പിക്കുന്നതിൽ മാത്രമാണ് ഇക്കൂട്ടർക്ക് താൽപ്പര്യം. അവർ വിദേശത്തു പോയി ഇന്ത്യയെ അപമാനിക്കുന്നു. വിദേശികളുടെ ഇടപെടൽ ആവശ്യപ്പെടുന്നു - മോദി ആഞ്ഞടിച്ചു. പരാജയപ്പെട്ട തങ്ങളുടെ ഉൽപ്പന്നത്തെ വീണ്ടും അവതരിപ്പിക്കാൻ കോൺഗ്രസ് എത്രകാലം ഇന്ത്യയെ പണയം വെക്കുമെന്ന് തനിക്കറിയില്ലെന്നും പ്രധാനമന്ത്രി പറഞ്ഞു. ശ്രീഹരിക്കോട്ടയിലെ റോക്കറ്റ് വിക്ഷേപണത്തേക്കാൾ കൂടുതൽ തവണയാണ് കോൺഗ്രസ് ഒരു വർഷം തങ്ങളുടെ നേതാവിനെ വിജയിപ്പിക്കാൻ പരാജയപ്പെട്ട ശ്രമങ്ങൾ നടത്തുന്നത്. സ്വയം നശിക്കാൻ പാർട്ടിക്ക് എന്തുവേണമെങ്കിലും ചെയ്യാം. അതിൽ ഞങ്ങൾക്ക് പ്രശ്നമില്ല. എന്നാൽ ഒരു കുടുംബത്തെ പരാജയത്തിന്റെ കറയിൽനിന്ന് രക്ഷിക്കാൻ ഇന്ത്യയുടെ നേട്ടങ്ങളെയും മഹത്വത്തെയും വികസനത്തെയുമാണ് കോൺഗ്രസ് പണയംവെക്കുന്നത്. മുന്തിരി പുളിക്കുന്നതിനാൽ ആ വള്ളി തന്നെ നശിപ്പിക്കാനുള്ള തിരക്കിലാണ് കോൺഗ്രസ് - മോദി പരിഹസിച്ചു.

മറ്റുള്ളവരെ മുന്നേറാൻ അനുവദിക്കാത്ത പരാദജീവിയാണു കോൺഗ്രസെന്ന തന്റെ മുൻവാദം മോദി ആവർത്തിച്ചു. അർബൻ നക്സലുകളുടെ ചിന്തയാണ് കോൺഗ്രസിനെ നയിക്കുന്നത്. നെഹ്റു-ഗാന്ധി കുടുംബം കോൺഗ്രസിന് ഭാരമായി മാറി. മുതിർന്ന നേതാക്കൾ അത് അംഗീകരിക്കുക മാത്രമല്ല, സ്വകാര്യമായി തങ്ങളുമായി ചർച്ച ചെയ്യാറുണ്ടെന്നും മോദി പറഞ്ഞു.

'ജനാധിപത്യപരമായി സർക്കാരിനെ എതിർക്കാൻ ആഗ്രഹിക്കുന്നവരുടെ ശബ്ദം അടിച്ചമർത്തപ്പെടുകയാണ്. പ്രതിപക്ഷനിരയിലെ യുവ എംപിമാർക്ക് സംസാരിക്കാനും സർക്കാരിനെ വിമർശിക്കാനും ആഗ്രഹമുണ്ടെന്ന് നാം പാർലമെന്റിൽ കണ്ടതാണ്, എന്നാൽ മറ്റാർക്കും അവസരം ലഭിക്കാതിരിക്കാൻ പാർലമെന്റ് നടത്താതിരിക്കുകയെന്ന തന്ത്രമാണു കോൺഗ്രസ് പയറ്റുന്നത്. ഒരേയൊരു വ്യക്തിയെ മാത്രം ശ്രദ്ധാകേന്ദ്രമാക്കി നിർത്താനുള്ള കോൺഗ്രസ് താൽപ്പര്യമാണ് ഇതിനു പിന്നിൽ - പ്രധാനമന്ത്രി മോദി പറഞ്ഞു.





ചിക്കാഗോയിൽ അന്തരിച്ച നെടിയകാലായിൽ അന്നമ്മയുടെ സംസ്കാരച്ചടങ്ങുകൾ ഒക്ടോബർ 25, 26 തീയതികളിൽ



ചിക്കാഗോ: ചിക്കാഗോയിൽ അന്തരിച്ച നെടിയകാലായിൽ പരേതനായ മാണിയുടെ (സംക്രാന്തി, കോട്ടയം) ഭാര്യ അന്നമ്മയുടെ (96) സംസ്കാരച്ചടങ്ങുകൾ ഒക്ടോബർ 25, 26 (ഞായർ, തിങ്കൾ) തീയതികളിൽ മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക പള്ളിയിൽ നടത്തപ്പെടും. ഒക്ടോബർ 25 – ന് ഞായറാഴ്ച വൈകുന്നേരം 4 മണി മുതൽ 9 മണി വരെ പൊതുദർശനവും പ്രാർത്ഥനാ ശുശ്രൂഷകളും. ഒക്ടോബർ 26 – ന് തിങ്കളാഴ്ച രാവിലെ 9 മണിക്ക് പൊതുദർശനവും ദിവ്യബലിയും പ്രാർത്ഥനാ ശുശ്രൂഷകളും. തുടർന്ന് നൈൽസിലുള്ള മേരിഹിൽ സെമിത്തേരിയിൽ സംസ്കാരം നടക്കും.

പരേത കിടങ്ങൂർ പുതുശ്ശേരിൽ കുടുംബാംഗമാണ്.

മക്കൾ: കുഞ്ഞുമോൻ നെടിയകാലായിൽ & തങ്കമ്മ (കണ്ണോത്തറ)

ബേബി നെടിയകാലായിൽ & അമ്മിണി (ഉഴുങ്ങാലിൽ)

രാജു നെടിയകാലായിൽ & കുഞ്ഞമ്മ (മാലിക്കറുകയിൽ)

ജെയിംസ് നെടിയകാലായിൽ & ഡെയ്സി (ചെമ്മലക്കുഴി)

റ്റോമി നെടിയകാലായിൽ & ഡെല്ല (പാലനിൽക്കുംമുറിയിൽ)

ഷേർളി & റ്റിറ്റോ കണ്ടാരപ്പള്ളിൽ

ജോയി നെടിയകാലായിൽ & മോളമ്മ (തെങ്ങുംതറയിൽ)

(എല്ലാവരും ചിക്കാഗോയിൽ)

2nd Birthday in Heaven
October 31, 2026



MARY JACOB CHAMAKALAYIL
(ATTUKARAN)

5th Birthday in Heaven
November 29, 2026



RONY JACOB CHAMAKALAYIL
(ATTUKARAN)

Sorrowing Family

വിജിലൻസിലെ 'ടി സെക്ഷൻ' ഇനി വിവരാവകാശത്തിനു പുറത്ത്

തിരുവനന്തപുരം: രാഷ്ട്രീയക്കാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും അഴിമതിവിവരങ്ങൾ പുറത്തുവരുന്നതു തടയാൻ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങളിൽ നിയന്ത്രണമേർപ്പെടുത്തി സർക്കാർ വിജ്ഞാപനം.

വിജിലൻസിന്റെ ഏറ്റവും സുപ്രധാനമായ 'ടി സെക്ഷനെ' (ടോപ്പ് സീക്രട്ട് സെക്ഷൻ) വിവരാവകാശ നിയമത്തിന്റെ പരിധിയിൽനിന്ന് പൂർണമായും ഒഴിവാക്കിക്കൊണ്ടാണ് ആഭ്യന്തരവകുപ്പ് പുതിയ വിജ്ഞാപനമിറക്കിയത്. ഇതോടെ ഭരണനേതൃത്വത്തിലും ഉന്നത ഉദ്യോഗതലങ്ങളിലുമുള്ളവർ പ്രതികളാകുന്ന കേസുകളിലെ രേഖകളും വിവരങ്ങളും ഇനി പൊതുജനങ്ങൾക്കു ലഭ്യമാകില്ല.

ഏതൊക്കെ കേസ് ഫയലുകളും വിവരങ്ങളുമാണ് ടി സെക്ഷനിലേക്കു മാറ്റേണ്ടതെന്ന് തീരുമാനിക്കാനുള്ള പൂർണ അധികാരം വിജിലൻസ് ഡയറക്ടർക്കു നൽകുന്നതാണ് പുതിയ തീരുമാനം.

നേരത്തേ വിവരാവകാശ പരിധിയിലുണ്ടായിരുന്ന ഈ സെക്ഷനെ മുമ്പൊരിക്കൽ ഒഴിവാക്കാൻ ശ്രമിച്ചിരുന്നെങ്കിലും വലിയ പ്രതിഷേധങ്ങളെത്തുടർന്ന് 2022-ൽ വീണ്ടും ഉൾപ്പെടുത്തുകയായിരുന്നു. അതിനുശേഷമാണ് ഇപ്പോൾ വീണ്ടും പഴയ നിലപാടിലേക്കു സർക്കാർ മടങ്ങിയെത്തുന്നത്.

രാജ്യസുരക്ഷയെ നേരിട്ടു ബാധിക്കുന്ന വിഷയങ്ങളിൽ മാത്രമാണ് അതീവ രഹസ്യസ്വഭാവം പാലിക്കേണ്ടതെന്നും അല്ലാത്ത കേസ് രേഖകൾ രഹസ്യമായി സൂക്ഷിക്കുന്നത് അഴിമതിക്കാരെ സംരക്ഷിക്കാനേ ഉപകരിക്കൂവെന്നും നിയമവിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. അറിയാനുള്ള അവകാശത്തെ ഹനിക്കുന്നതും ഭരണഘടനാവിരുദ്ധവുമായ ഈ തീരുമാനം സർക്കാർ ഉടനടി പിൻവലിക്കണമെന്ന ആവശ്യവും ശക്തമായിട്ടുണ്ട്.

വിവരാവകാശ നിയമത്തിന്റെ യഥാർത്ഥ സത്ത ചോർത്തിക്കളയുന്ന നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായതെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം വിമർശിച്ചു.

വിജിലൻസ് അന്വേഷണം രഹസ്യസ്വഭാവമുള്ളതായതിനാലാണ് വിവരാവകാശത്തിന്റെ പരിധിയിൽനിന്നു ടി സെക്ഷൻ ഒഴിവാക്കിയതെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. വിജിലൻസിന്റെ പ്രവർത്തനത്തിന് രഹസ്യാത്മകത ആവശ്യമാണെന്നും മന്ത്രി പറഞ്ഞു.

പ്രിയങ്കാഗാന്ധിയുടെ മകന്റെ ചിത്രങ്ങൾക്ക് വിലക്ക്

ന്യൂഡൽഹി: കോൺഗ്രസ് നേതാവ് പ്രിയങ്കാഗാന്ധിയുടെ മകനും വന്യജീവി-സ്ട്രീറ്റ് ഫോട്ടോഗ്രാഫറുമായ റെയ്ഹാൻ വധേരയുടെ 75 ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിൽ വിലക്ക്. ന്യൂഡൽഹിയിലെ ബിക്കാനീർ ഹൗസിൽ നടക്കുന്ന 'നോ ഐഡിയ ഈസ് ഫൈനൽ' എന്ന ചിത്രപ്രദർശനത്തിൽ നിന്നാണ് ഡൽഹി സമരചിത്രങ്ങൾ ഉൾപ്പെടെ 75 ഫോട്ടോകൾ നീക്കം ചെയ്യാൻ നിർദ്ദേശിച്ചത്. പ്രദർശനം ആരംഭിക്കാൻ അഞ്ചു മണിക്കൂർ മാത്രം ബാക്കിനിൽക്കെയാണ് ബിക്കാനിർ ഹൗസ് മാനേജ്മെന്റ് ഈ നിലപാടെടുത്തത്. ആകെ പ്രദർശിപ്പിക്കാൻ നിശ്ചയിച്ചിരുന്ന 105 ഫോട്ടോഗ്രാഫുകളിൽ 75 എണ്ണവും നീക്കം ചെയ്തതോടെ ഗാലറിയുടെ ചുമരുകളിൽ ആണികളും ഒഴിഞ്ഞ ഇടങ്ങളുമാണ് കൂടുതൽ. ചിത്രങ്ങൾ മാറ്റാത്തപക്ഷം പരിപാടി റദ്ദാക്കുമെന്ന് സംഘാടകർ ഭീഷണിപ്പെടുത്തിയതായും റെയ്ഹാൻ സമൂഹമാധ്യമത്തിലൂടെ അറിയിച്ചിട്ടുണ്ട്.

മുൻകൂട്ടി നല്കിയ ലേഔട്ടിൽ എതിർപ്പ് അറിയിക്കാതിരുന്ന അധികൃതർ ഉദ്ഘാടനത്തിനു തൊട്ടുമുൻപു മാത്രം തീരുമാനം അടിച്ചേല്പിക്കുകയായിരുന്നെന്ന് റെയ്ഹാൻ വധേര പറഞ്ഞു. ചിത്രങ്ങളിൽ നിന്ന് പ്രകോപനപരമായ ഉള്ളടക്കങ്ങളും രാഷ്ട്രീയ മുദ്രാവാക്യങ്ങളും നേരത്തെതന്നെ ഒഴിവാക്കിയിരുന്നു. ഒരു കലാകാരൻ എന്ന നിലയിൽ സമരങ്ങളെ ഡോക്യുമെന്റ് ചെയ്യുക മാത്രമാണ് ചെയ്തത്. ദേശീയ പതാകയുള്ള ചിത്രങ്ങൾ പോലും നീക്കം ചെയ്യാൻ അധികൃതർ ആവശ്യപ്പെട്ടെങ്കിലും താൻ ശക്തമായി എതിർത്തു. ഒടുവിൽ പ്രദർശനം മുടങ്ങാതിരിക്കാൻ ചിത്രങ്ങൾ മാറ്റാൻ നിർബന്ധിതനാകുകയായിരുന്നു. ഒഴിവാക്കപ്പെട്ട ചിത്രങ്ങൾ മറ്റൊരു വേദിയിൽ പ്രദർശിപ്പിക്കുമെന്നും റെയ്ഹാൻ അറിയിച്ചു.

പാസ്റ്റർ ജോൺ ജോർജ് അന്തരിച്ചു



നിലമ്പൂർ/നാഷ്വിൽ ടെന്നസി: ഐപിസി മലബാർ കേരള സ്റ്റേറ്റ് മുൻ പ്രസിഡണ്ടും നിലമ്പൂർ സൗത്ത് സെന്റർ ശുശ്രൂഷകനും ന്യൂ ഹോപ്പ് ബൈബിൾ കോളജ് ഡയറക്ടറുമായ പാസ്റ്റർ ജോൺ ജോർജ് (ബാബുച്ചായൻ-74) അന്തരിച്ചു. പൊതുദർശനവും അനുസ്മരണ ശുശ്രൂഷയും ഒക്ടോബർ 30-ന് വെള്ളിയാഴ്ച ടെന്നസി സംസ്ഥാനത്തുള്ള നാഷ്വില്ലിലെ ന്യൂഹോപ്പ് കമ്യൂണിറ്റി ചർച്ചിലും സംസ്കാരശുശ്രൂഷ 31-ന് ശനിയാഴ്ച നാഷ്വില്ലിലെ ഹാർപെത്ത് ഹിൽസ് മെമ്മറി ഗാർഡൻസിലും നടക്കും.

നിലമ്പൂർ കേന്ദ്രമായി ഐപിസിയുടെ സഭാപ്രവർത്തനങ്ങളിൽ മുൻനിര പ്രവർത്തകനും സീനിയർ ശുശ്രൂഷകനുമായിരുന്നു. ഐപിസി കേരള സ്റ്റേറ്റിലെ കൗൺസിലംഗവും വിവിധ ബോർഡുകളിൽ ചെയർമാനുമായി പ്രവർത്തിച്ചിട്ടുണ്ട്. ദീർഘകാലം മലബാർ മേഖല പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. നാഷ്വില്ലിൽ സഭാപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ അദ്ദേഹം പിന്നീട് ഐപിസി മലബാർ മേഖലയുടെ നേതൃത്വത്തിലും സജീവമായി പ്രവർത്തിച്ചു. ആത്മീയ ശുശ്രൂഷയിലും സഭാനേതൃത്വത്തിലും ദീർഘകാലം പ്രവർത്തിച്ച അദ്ദേഹത്തിന്റെ വിയോഗം വിശ്വാസിസമൂഹത്തിന് വലിയ നഷ്ടമായി.

ഭാര്യ സാറാമ്മ ജോർജ് പുന്നവേലിൽ കൊലക്കോട്ട്പീറ്റിയിൽ പരേതനായ പാസ്റ്റർ സി.സി. ജോസഫിന്റെയും അന്നമ്മ ജോസഫിന്റെയും മകളാണ്. സഹോദരങ്ങൾ: പാസ്റ്റർ ഡോ. ജേക്കബ് ജോർജ് (യുഎസ്), മേരിക്കുട്ടി ജോയ് (കുളക്കട), പരേതയായ ലാലി ബാബു (തിരുവല്ല). പാസ്റ്റർ ജോൺ ജോർജിന്റെ നിര്യാണത്തിൽ വിവിധ സഭാ നേതാക്കളും വിശ്വാസികളും അനുശോചനം രേഖപ്പെടുത്തി.

വാർത്ത: പ്രസാദ് തീയാടിക്കൽ

വീൽചെയർ ബാഡ്മിന്റനിൽ ഇന്ത്യയ്ക്ക് മെഡൽ സമ്മാനിച്ച് മലയാളി പെൺകുട്ടി

നഗോയ: ജപ്പാനിലെ ഏഷ്യൻ പാരാ ഗെയിംസ് വേദിയിൽ ഇതാ കേരളം തിളങ്ങുന്നു. ഗെയിംസ് ചരിത്രത്തിലാദ്യമായി വീൽചെയർ ബാഡ്മിന്റനിൽ ഇന്ത്യയ്ക്കു മെഡൽ സമ്മാനിച്ച് മലയാളി; പിന്നാലെ, പുരുഷന്മാരുടെ ടി146/47 വിഭാഗം 100 മീറ്റർ ഓട്ടത്തിൽ സ്വർണവും വെള്ളിയും ഇന്ത്യയ്ക്ക്. ഇതിൽ വെള്ളി നേടിയതു മറ്റൊരു മലയാളിയും.

വനിതകളുടെ ഡബ്ല്യുഎച്ച് 1 - ഡബ്ല്യുഎച്ച്2 വീൽചെയർ ബാഡ്മിന്റനിലാണ് എറണാകുളം പാമ്പാക്കുട സ്വദേശി ആൽഫിയ ജയിംസും കർണാടകക്കാരി പല്ലവി കലുവെല്ലഹിയും ഉൾപ്പെട്ട ഇന്ത്യൻ സഖ്യം വെങ്കലം നേടിയത്.

കഴിഞ്ഞ ഗ്ലാസ്കോ കോമൺവെൽത്ത് പാരാ ഗെയിംസിന്റെ മത്സരഫലം ആവർത്തിക്കപ്പെട്ട 100 മീറ്റർ മത്സരവേദിയിൽ ഇന്ത്യക്കാരൻ ദിലീപ് ഗവിത്തിനാണു സ്വർണം (10,69 സെക്കൻഡ്) മലപ്പുറം പൊന്നാനി സ്വദേശി മുഹമ്മദ് ബാസിൽ (10.72 സെക്കൻഡ്) രണ്ടാമതു ഫിനിഷ് ചെയ്തു. രണ്ടുപേരുടെയും പ്രകടനങ്ങൾ ഗെയിംസ് റെക്കോർഡ് തിരുത്തി.

നേടിയ അഞ്ച് സ്വർണമടക്കം 62 മെഡലുകളുമായി അഞ്ചാം സ്ഥാനത്താണ് ഇന്ത്യ. (14 സ്വർണം, 22 വെള്ളി, വെങ്കലം.)

കൈയും കെട്ടിയിരിക്കില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പിനെ നിയമവിരുദ്ധ മാർഗ്ഗങ്ങളിലൂടെ കളങ്കപ്പെടുത്തിയാൽ കൈയും കെട്ടി നോക്കിയിരിക്കില്ലെന്ന് സുപ്രീംകോടതി.

തെരഞ്ഞെടുപ്പ് നടപടികളിൽ ഭരണഘടനാ കോടതികൾ സാധാരണയായി ഇടപെടാറില്ല.

എന്നാൽ, കൈയൂക്കുപയോഗിച്ചും മറ്റും ഭരണഘടനാവിരുദ്ധമായി തെരഞ്ഞെടുപ്പിൽ ഇടപെട്ടാൽ നടപടിയെടുക്കുന്നതിന് കോടതികളുടെ കൈകൾ ബന്ധിക്കപ്പെട്ടിട്ടില്ലെന്ന് ജസ്റ്റിസ് ജോയ്മല്യാ ബാഗ്പി അദ്ധ്യക്ഷനായ ബെഞ്ച് മുന്നറിയിപ്പ് നല്കി.

ആന്ധ്രാപ്രദേശിലെ നഗരസഭാ തെരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിൽ നിന്ന് തങ്ങളുടെ മൂന്നിൽ രണ്ട് സ്ഥാനാർത്ഥികളെയും തടഞ്ഞുവെന്നാരോപിച്ച് വൈ.എസ്.ആർ കോൺഗ്രസ് നല്കിയ ഹർജി പരിഗണിക്കുമ്പോഴാണ് സുപ്രീം കോടതിയുടെ നിരീക്ഷണം.





അരുണാചൽ അതിർത്തിയിൽ വീണ്ടും സംഘർഷം സ്ഥിരീകരിച്ച് ഐടിബിപി

ന്യൂഡൽഹി: ചൈനയുമായുള്ള ഉഭയകക്ഷി ബന്ധം മെച്ചപ്പെടുകയാണെന്ന കേന്ദ്രസർക്കാർ വാദങ്ങൾക്കു തിരിച്ചടിയായി ഇന്തോ-ടിബറ്റൻ ബോർഡർ പൊലീസ് (ഐടിബിപി) ഡയറക്ടർ ജനറൽ ശത്രുജിത് സിംഗ് കപൂറിന്റെ വെളിപ്പെടുത്തൽ.

അരുണാചൽപ്രദേശിൽ യഥാർത്ഥ നിയന്ത്രണരേഖയോടു (എൽഎസി) ചേർന്ന് ഇന്ത്യയുടെയും ചൈനയുടെയും സൈനികർ തമ്മിൽ നേർക്കുനേരേയുള്ള സംഘർഷം കഴിഞ്ഞ കുറച്ചുനാളുകളായി ഉടലെടുത്തുവെന്നും പല ഭാഗങ്ങളിലും സംഘർഷാവസ്ഥ ഇപ്പോഴും തുടരുന്നുവെന്നുമാണ് കപൂർ നടത്തിയ വെളിപ്പെടുത്തൽ.

രാജസ്ഥാനിലെ ആൽവാറിൽ ഐടിബിപി ജവാന്മാരെ ആദരിക്കാനായി സംഘടിപ്പിച്ച ഹിമവീർ സമ്മാൻ ചടങ്ങിലാണ് അദ്ദേഹം ഇക്കാര്യം വെളിപ്പെടുത്തിയത്. പരമ്പരാഗത ആയുധങ്ങൾ മാത്രം ഉപയോഗിച്ച് ഇന്ത്യക്കു ചൈനയെ നേരിടാൻ കഴിയില്ലെന്ന മുന്നറിയിപ്പും അദ്ദേഹം നൽകി.

അരുണാചൽ അതിർത്തിയിലെ തുടർച്ചയായ സംഘർഷങ്ങളിൽ ഐടിബിപി കമാൻഡോകൾ സജീവമായി പ്രവർത്തിക്കുന്നുണ്ടെന്നും ഇതിൽ ഉയർന്ന മേഖലയിലെ വിന്യാസത്തിനായി പുതുതായി രൂപവത്കരിച്ച ശൗര്യ കമാൻഡോകൾ (പർവത ഗറില്ലാ സേന) മാതൃകാപരമായ പങ്ക് വഹിച്ചുവെന്നും സെൻട്രൽ ട്രെയിനിംഗ് കോളജിൽ (സിടിസി) നടന്ന ചടങ്ങിൽ കപൂർ പറഞ്ഞു. ഈ വർഷം ജൂലൈക്കു ശേഷം മേഖലയിലെ അതിർത്തിയിൽ വർധിച്ചുവരുന്ന സംഘർഷത്തിന്റെ വ്യാപ്തിയെക്കുറിച്ചുള്ള ആദ്യ ഔദ്യോഗിക സ്ഥിരീകരണമാണിത്.

ഇന്ത്യ ആതിഥേയത്വം വഹിച്ച ബ്രിക്സ് ഉച്ചകോടിയിൽ ചൈനീസ് പ്രസിഡന്റ് ഷി ജിൻപിംഗുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെട്ടതായാണു കേന്ദ്രസർക്കാർ പുറത്തിറക്കിയ പ്രസ്താവന. എന്നാൽ, ഈ കൂടിക്കാഴ്ചയുടെ സമയത്തും അരുണാചലിൽ ഇരുരാജ്യത്തിന്റെയും സൈനികർ നേർക്കുനേർ വന്ന സാഹചര്യം ഉണ്ടായിരുന്നതായാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ.

ജീസസ് യൂത്തിന് വത്തിക്കാന്റെ സ്ഥിരാംഗീകാരം

വത്തിക്കാൻ സിറ്റി: റൂബി ജൂബിലി ആഘോഷവേളയിൽ ജീസസ് യൂത്തിന് വത്തിക്കാന്റെ സ്ഥിരാംഗീകാരം. അല്മായർ, കുടുംബം, ജീവൻ എന്നിവയ്ക്കായുള്ള വത്തിക്കാൻ ഡിക്കാസ്റ്ററി പരീക്ഷണാടിസ്ഥാനത്തിൽ അംഗീകരിക്കുകയും ചെയ്തത്. പത്തു വർഷങ്ങൾക്കു ശേഷമാണ് ഇപ്പോൾ സ്ഥിരാംഗീകാരം നൽകിയിരിക്കുന്നത്.

ജീസസ് യൂത്തിന്റെ അന്താരാഷ്ട്ര ജീസസ് യൂത്ത് ഇന്റർനാഷണൽ കോ- ഓർഡിനേറ്റർ ഡോ. മിഥുൻ പോളിനു കൈമാറി.



ജീസസ് യൂത്തിന് വത്തിക്കാന്റെ സ്ഥിരാംഗീകാരം നല്കിക്കൊണ്ടുള്ള ഉത്തരവ് അല്മായ ഡിക്കാസ്റ്ററിയുടെ അസോസിയേറ്റ് സെക്രട്ടറിയും റോമിലെ സഹായമെത്രാനുമായ ഡോ. ദാരിയോ ഗർവാസി ജീസസ് യൂത്ത് ഇന്റർനാഷണൽ കോ- ഓർഡിനേറ്റർ ഡോ. മിഥുൻ പോളിന് കൈമാറിയപ്പോൾ.

ജീസസ് യൂത്ത് സംഘടനയെ നിയമപരമായ വ്യക്തിത്വമുള്ള അന്താരാഷ്ട്ര വിശ്വാസി സംഘടനയായി സ്ഥിരീകരിക്കുകയായിരുന്നു.

2016 മെയ് 15-നാണ് അന്നത്തെ അല്മായർക്കുള്ള പൊന്തിഫിക്കൽ അംഗീകാരം നൽകുകയും നിയമാവലി സമ്മേളനം 'ഗോ' റോമിൽ നടക്കുന്ന വേളയിലാണ് റൂബിജൂബിലി സമ്മാനമായി അംഗീകാരം എത്തിയിരിക്കുന്നത്. ഔദ്യോഗിക ഉത്തരവ് അല്മായ ഡിക്കാസ്റ്ററിയുടെ അസോസിയേറ്റ് സെക്രട്ടറിയും റോമിലെ സഹായ മെത്രാനുമായ ഡോ. ദാരിയോ ഗർവാസി പോൾ പറഞ്ഞു.

1983-ൽ കേരളത്തിൽ ആരംഭിച്ച അല്മായ യുവജന മുന്നേറ്റമായ ജീസസ് യൂത്ത് ഇന്ന് 53 രാജ്യങ്ങളിൽ സംഘടനാ സംവിധാനമുള്ള മുന്നേറ്റമാണ്. റോമിൽ നടന്ന ജീസസ് യൂത്ത് അന്തർദ്ദേശീയ സമ്മേളനത്തിൽ 42 രാജ്യങ്ങളിൽ നിന്നുള്ള 1110 പ്രതിനിധികൾ പങ്കെടുത്തു.

2033-ലെ രക്ഷാകര മഹാജൂബിലിക്കും 2035-ലെ ജീസസ് യൂത്ത് സുവർണജൂബിലിക്കും വേണ്ടി ഒരുങ്ങുന്ന വേളയിൽ ലഭിച്ച ഈ അംഗീകാരം മുന്നേറ്റത്തിന് കൂടുതൽ ഉണർവും പ്രചോദനവും ഉത്തരവാദിത്വബോധവും നല്കുന്നതാണെന്ന് അന്താരാഷ്ട്ര കോ-ഓർഡിനേറ്റർ ഡോ. മിഥുൻ പോൾ പറഞ്ഞു.

ലോകത്തിലെ ആദ്യത്തെ വ്യക്തിഗത അർബുദ വാക്സിൻ; പരീക്ഷണം വിജയം

ലണ്ടൻ: സ്കിൻ കാൻസർ (മെലനോമ) ചികിത്സയിൽ വിപ്ലവകരമായ മാറ്റത്തിനു വഴിയൊരുക്കി ലോകത്തിലെ ആദ്യത്തെ വ്യക്തിഗത അർബുദ വാക്സിൻ പരീക്ഷണം വിജയം. ശസ്ത്രക്രിയയ്ക്കുശേഷം അർബുദം വീണ്ടും വരാനുള്ള സാധ്യത അല്ലെങ്കിൽ രോഗികൾ മരിക്കാനുള്ള സാധ്യത 42 ശതമാനം വരെ കുറയ്ക്കാൻ ഈ വാക്സിനു സാധിച്ചതായി ക്ലിനിക്കൽ ട്രയലിന്റെ ഫലങ്ങൾ വ്യക്തമാക്കുന്നു.

ലോകപ്രശസ്ത മരുന്നുനിർമാണ കമ്പനികളായ എംഎസ്ഡിയും മോഡേണയും ചേർന്നാണ് 'ഇന്റിസ്മെറാൻ' എന്ന ഈ വാക്സിൻ വികസിപ്പിച്ചെടുത്തത്.


പരമ്പരാഗത ഇമ്യൂണോ തെറാപ്പി മരുന്നായ 'കെട്രൂഡ'യോടൊപ്പം ഈ വാക്സിൻകൂടി നൽകിയപ്പോൾ, രണ്ടുവർഷത്തിനുള്ളിൽ ശരീരത്തിലെ മറ്റു ഭാഗങ്ങളിലേക്ക് അർബുദം പടരാനുള്ള സാധ്യത 38 ശതമാനം കുറഞ്ഞു. കോവിഡ് വാക്സിനുകളിൽ ഉപയോഗിച്ച അതേ എംആർഎൻഎ സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയാണ് ഇതു തയാറാക്കിയിരിക്കുന്നത്.

ഓരോ രോഗിയുടെയും ട്യൂമറിന്റെ ജനിതകഘടന പരിശോധിച്ച് അവർക്കായി പ്രത്യേകം തയാറാക്കുന്നതാണ് ഈ വാക്സിൻ. ഇതു രോഗപ്രതിരോധ വ്യവസ്ഥയെ അർബുദ കോശങ്ങളെ തിരിച്ചറിഞ്ഞു നശിപ്പിക്കാൻ പരിശീലിപ്പിക്കുന്നു.

1,137 മെലനോമ രോഗികളിലാണു പരീക്ഷണം നടത്തിയത്. മെലനോമയ്ക്കു പുറമെ വൃക്ക, മൂത്രാശയം, ശ്വാസകോശം എന്നീ അവയവങ്ങളെ ബാധിക്കുന്ന അർബുദങ്ങൾക്കെതിരേയും ഈ വാക്സിൻ പരീക്ഷിച്ചുവരികയാണ്. ക്ലിനിക്കൽ ട്രയലുകളുടെ അടുത്ത ഘട്ടം പൂർത്തിയാക്കി അടുത്ത വർഷത്തോടെ നിയന്ത്രണ ഏജൻസികളുടെ അംഗീകാരത്തിനായി അപേക്ഷിക്കുമെന്ന് നിർമാതാക്കൾ അറിയിച്ചു.

യൂറോപ്യൻ സൊസൈറ്റി ഓഫ് മെഡിക്കൽ ഓങ്കോളജിയുടെ മാഡ്രിഡിൽ നടക്കുന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ പരീക്ഷണത്തിന്റെ പൂർണ വിവരങ്ങൾ അവതരിപ്പിക്കും. അടുത്ത തലമുറ കാൻസർ ചികിത്സയിലെ ഏറ്റവും വലിയ മുന്നേറ്റമായാണു വൈദ്യശാസ്ത്ര ലോകം ഈ നേട്ടത്തെ കാണുന്നത്.

മലയാളി വൈദികന് റോമൻ സർവകലാശാലയുടെ സ്വർണമെഡൽ



റോം: ദിവ്യരക്ഷക (റിഡംപ്റ്ററിസ്റ്റ്) സന്യാസ സമൂഹത്തിലെ മലയാളി വൈദികൻ ഫാ. പ്രിൻസ് തെക്കേപ്പുറത്തിന് ഡോക്ടറൽ ഗവേഷണത്തിലെ മികവിന് റോമിലെ സലേഷ്യൻ സർവകലാശാലയുടെ സ്വർണമെഡൽ. സാന്ത്വനപരിചരണ രംഗത്തെ (പാലിയേറ്റീവ് കെയർ) ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗത്തെക്കുറിച്ചുള്ള ഗവേഷണത്തിനാണ് അംഗീകാരം. സർവകലാശാലയുടെ ഗ്രാൻഡ് ചാൻസലർ ഡോൺ ഫാബിയോ അറ്റാർഡിൽ നിന്ന് ഫാ. പ്രിൻസ് അഗസ്റ്റിൻ സ്വർണമെഡൽ ഏറ്റുവാങ്ങി. രോഗികളുടെ പരിചരണം മെച്ചപ്പെടുത്തുന്നതിനും അവരുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനും സാങ്കേതികവിദ്യ എങ്ങനെ പ്രയോജനപ്പെടുത്താമെന്നതായിരുന്നു പഠനം. സിഎസ്എസ്ആർ-റിഡംപ്റ്ററിസ്റ്റ് സന്യാസസമൂഹത്തിലെ കേരളത്തിലെ ലിഗോരി പ്രൊവിൻസ് അംഗമാണ് ഫാ. പ്രിൻസ് തെക്കേപ്പുറം.



വേൾഡ് മലയാളി കൗൺസിൽ ആഗോള ദ്വിവത്സര സമ്മേളനം ഓഗസ്റ്റ് 19 മുതൽ വിർജീനിയയിൽ



ഷാജി മാത്യു

വിർജീനിയ: വേൾഡ് മലയാളി കൗൺസിലിന്റെ ആഗോള ദ്വിവത്സര സമ്മേളനം 2027 ഓഗസ്റ്റ് 19, 20, 21 തീയതികളിൽ വിർജീനിയയിലെ ഹെർണ്ടൺ ഹയറ്റ് റീജൻസി ഡുള്ളസ് ഹോട്ടലിൽ നടക്കും. ഗ്ലോബൽ പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ മുഖ്യ രക്ഷാധികാരിയായി സമ്മേളനത്തിനു നേതൃത്വം നല്കും.

വിവിധ രാജ്യങ്ങളിലെ മലയാളികളെ ഒരുമിപ്പിക്കാനും സാംസ്കാരിക പൈതൃകവും സൗഹൃദബന്ധങ്ങളും ശക്തിപ്പെടുത്താനും ലക്ഷ്യമിട്ടാണ് മൂന്നു ദിവസത്തെ സംഗമം സംഘടിപ്പിക്കുന്നത്. ആശയങ്ങളും അനുഭവങ്ങളും പങ്കുവെക്കുന്നതിനും പുതിയ സൗഹൃദങ്ങൾ വളർത്തുന്നതിനും സമ്മേളനം വേദിയാകും.

ഗ്ലോബൽ ചെയർമാൻ തോമസ് മൊട്ടക്കൽ, ഗ്ലോബൽ പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ, ഗ്ലോബൽ സെക്രട്ടറി ജനറൽ ഷാജി മാത്യു മൂലമൂട്ടിൽ, ഗ്ലോബൽ ട്രഷറർ സണ്ണി ജി. വേലിയത്ത്, ഗ്ലോബൽ വൈസ് പ്രസിഡണ്ട് (അഡ്മിനിസ്ട്രേഷൻ) ജെയിംസ് കൂടൽ, ഗ്ലോബൽ വൈസ് പ്രസിഡണ്ടും അമേരിക്ക റീജിയൻ ഡോ. തങ്കം അരവിന്ദ് എന്നിവരുടെ നേതൃത്വത്തിലാണ് സമ്മേളനത്തിന്റെ ഒരുക്കങ്ങൾ.

അമേരിക്ക റീജിയനിൽ നടക്കുന്ന സമ്മേളനത്തിന് റീജിയൻ ചെയർമാൻ ഡോ. ഷിബു സാമുവൽ, പ്രസിഡണ്ട് ബ്ലെസൺ മണ്ണിൽ, സെക്രട്ടറി മഞ്ജു സുരേഷ് മോഹൻകുമാർ, ഗ്ലോബൽ ഒസിഐ ഫോറം ചെയർമാൻ സാജു തുരുത്തേൽ എന്നിവർ സ്വാഗതം ചെയ്തു.

മലയാളികളുടെ ഐക്യവും സാംസ്കാരിക അഭിമാനവും ഉയർത്തിപ്പിടിക്കുന്ന ആഗോള സംഗമമായാണ് സമ്മേളനം വിഭാവനം ചെയ്തിരിക്കുന്നതെന്ന് സംഘാടകർ അറിയിച്ചു. പരിപാടികളുടെ വിശദാംശങ്ങളും തുടർപ്രഖ്യാപനങ്ങളും വരുംദിവസങ്ങളിൽ അറിയിക്കും. വേദി ഹയറ്റ് റീജൻസി ഡുള്ളസ്. 2300 ഡുള്ളസ് കോർണർ ബുളവാർഡ്, ഹെർണ്ടൺ വിർജീനിയ 20171. കൂടുതൽ വിവരങ്ങൾക്ക്: www.wmcge.com

ക്രിസ്തീയ ഗായകൻ ബിനോയി ചാക്കോയ്ക്ക് ആദരവുകൾ

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: ക്രൈസ്തവ സംഗീതാലാപന രംഗത്ത് 35 വർഷങ്ങൾ പൂർത്തിയാക്കുന്ന ബിനോയി ചാക്കോയ്ക്ക് ചിക്കാഗോ ഗോസ്പൽ മീഡിയ അസോസിയേഷൻ ആദരവുകൾ അർപ്പിച്ചു. ജനറൽ സെക്രട്ടറി കുര്യൻ ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ കേരള എക്സ്പ്രസ് ന്യൂസ് റൂമിൽ നടന്ന സമ്മേളനത്തിൽ ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ ബിനോയി ചാക്കോയെ ഷാൾ അണിയിച്ച് ആദരിച്ചു. എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായ അനീഷ് ഈപ്പൻ, അജിത് ഈപ്പൻ, ഡോ. ടൈറ്റസ് ഈപ്പൻ, ചിക്കാഗോ ഹിസ്സ് വോയിസ് ഡയറക്ടർ റോണി കോശി, സജി തോമസ് വടക്കേക്കുറ്റ്, ഷാജി ഏബ്രഹാം തുടങ്ങിയവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

സെക്കുലർ സംഗീത ഗ്രൂപ്പുകളിൽ കോട്ടയത്ത് സജീവ സാന്നിദ്ധ്യമായിരുന്ന ബിനോയി ചാക്കോ 1992 മുതലാണ് ക്രൈസ്തവ സംഗീതരംഗത്തേക്ക് മാത്രമായി മാറിയത്. ഇന്ത്യയിലും വിദേശത്തുമായി നൂറുകണക്കിനു വേദികളിൽ ക്രൈസ്തവ സംഗീതം ആലപിച്ച ബിനോയ് ചാക്കോ 5000-ത്തിലധികം ഗാനങ്ങൾക്ക് ശബ്ദം നല്കി റിക്കാർഡ് ചെയ്തു. നിരവധി വീഡിയോ-ഓഡിയോ ആൽബങ്ങളും പുറത്തിറക്കിയിട്ടുണ്ട്. വിശുദ്ധ ബൈബിൾ മുഴുവനായും അദ്ദേഹത്തിന്റെ ശബ്ദത്തിൽ റിക്കാർഡ് ചെയ്ത് ഓഡിയോ ബൈബിളായി അവതരിപ്പിച്ചിട്ടുണ്ട്. സയോൻ ക്രിസ്ത്യൻ ചർച്ചിൽ നടന്ന സ്നേഹസംഗീതം എന്ന സംഗീത പരിപാടിയിൽ ബിനോയി ചാക്കോ ഗാന രചയിതാവിനെയും ഗാനപശ്ചാത്തലവും വിശദീകരിച്ച് നിരവധി ഗാനങ്ങൾ അവതരിപ്പിച്ചത് ശ്രോതാക്കളായി എത്തിയ ജനസമൂഹത്തെ ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേക്ക് നയിച്ചു.





കേരള എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ ബിനോയി ചാക്കോയെ ഷാൾ അണിയിച്ച് ആദരിക്കുന്നു. കുര്യൻ ഫിലിപ്പ്, അനീഷ് ഈപ്പൻ, അജിത് ഈപ്പൻ, റോണി കോശി, ഡോ. ടൈറ്റസ് ഈപ്പൻ, സജി തോമസ് വടക്കേക്കുറ്റ്, ഷാജി ഏബ്രഹാം എന്നിവർ സമീപം.





റോക്ക്ലാൻഡ് ക്നാനായ കമ്യൂണിറ്റി സെന്ററിന്റെ സിൽവർ ജൂബിലി പ്രൗഢഗംഭീരമായി ആഘോഷിച്ചു

സ്റ്റീഫൻ കിടാരത്തിൽ

റോക്ക്ലാൻഡ് ക്നാനായ കമ്യൂണിറ്റി സെന്ററിന്റെ 25-ാം വാർഷികമായ സിൽവർ ജൂബിലി ആഘോഷം 2026 ഒക്ടോബർ 17-ന് IKCC-യുടെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ വിജയകരമായി സംഘടിപ്പിച്ചു. നിരവധി വർഷങ്ങളായി നമ്മുടെ സമുദായത്തിന്റെ ഐക്യത്തിനും വളർച്ച



സ്റ്റീഫൻ കിടാരത്തിൽ
(IKCC President)

യ്ക്കും സാക്ഷ്യം വഹിച്ച പ്രിയപ്പെട്ട റോക്ക്ലാൻഡ് സെന്ററിന്റെ ഈ അഭിമാന നിമിഷം സന്തോഷത്തിന്റെയും നന്ദിയുടെയും ഒത്തൊരുമയുടെയും മനോഹരമായ ആഘോഷമായി മാറി.

1976-ൽ സ്ഥാപിതമായ നോർത്ത് അമേരിക്കയിലെ ആദ്യത്തെ ക്നാനായ അസോസിയേഷനായ IKCC ഈ വർഷം ഏപ്രിൽ 18-ന് അതിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ചതിനു പിന്നാലെയാണ് റോക്ക്ലാൻഡ് സെന്ററിന്റെ 25-ാം വാർഷികവും ആഘോഷിച്ചത്. 2001-ൽ സ്വന്തമാക്കിയ ഈ സെന്റർ കഴിഞ്ഞ 25 വർഷമായി നമ്മുടെ സമുദായത്തിന്റെ കലാ, സാംസ്കാരിക, സാമൂഹിക, സാമുദായിക പ്രവർത്തനങ്ങൾക്ക് വിലപ്പെട്ട വേദിയായി നിലകൊള്ളുന്നു.



വിശുദ്ധ കുർബാനയോടെ ആരംഭിച്ച ആഘോഷങ്ങളിൽ സമ്മാനദാനം, ചെണ്ടമേളം, താലപ്പൊലി, പൊതുസമ്മേളനം, ആദരിക്കൽ ചടങ്ങുകൾ, സ്നേഹവിരുന്ന്, സാംസ്കാരിക പരിപാടികൾ എന്നിവ അരങ്ങേറി. സെന്ററിന്റെ വളർച്ചയ്ക്കും പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കിയ മുൻകാല ബിൽഡിംഗ് ഭാരവാഹികളെയും സെന്റർ സ്വന്തമാക്കുന്നതിനും പരിപാലിക്കുന്നതിനും സാമ്പത്തികമായും മറ്റു രീതികളിലും സംഭാവനകൾ നല്കിയവരെയും നന്ദിയോടെ സ്മരിച്ചു. വിവിധ കാലഘട്ടങ്ങളിൽ നിസ്വാർത്ഥമായി പ്രവർത്തിച്ച എല്ലാവരുടെയും സേവനങ്ങൾ ഈയവസരത്തിൽ പ്രത്യേകം അനുസ്മരിച്ചു.

ഈ ആഘോഷം വിജയകരമാക്കാൻ അകമഴിഞ്ഞ പിന്തുണയും സഹകരണവും നല്കിയ എല്ലാ മുൻകാല ഭാരവാഹികൾക്കും, IKCC എക്സിക്യൂട്ടീവ് അംഗങ്ങൾക്കും, സന്നദ്ധ പ്രവർത്തകർക്കും, സ്പോൺസർമാർക്കും, കുടുംബങ്ങൾക്കും, സമുദായാംഗങ്ങൾക്കും ഹൃദയംനിറഞ്ഞ നന്ദി അറിയിക്കുന്നു. എല്ലാവരുടെയും കൂട്ടായ പരിശ്രമവും സാന്നിദ്ധ്യവുമാണ് ഈ സിൽവർ ജൂബിലിയെ അവിസ്മരണീയമാക്കിയത്.

25 വർഷത്തെ അഭിമാനകരമായ യാത്ര ഒരു തുടക്കം മാത്രമാണ്. വരുംതലമുറകൾക്കും നമ്മുടെ സമുദായത്തിന്റെ ഐക്യത്തിനും വളർച്ചയ്ക്കും പ്രചോദനമാകുന്ന ഒരു കേന്ദ്രമായി റോക്ക്ലാൻഡ് ക്നാനായ കമ്യൂണിറ്റി സെന്റർ ഇനിയും ഉയരങ്ങളിലേക്ക് മുന്നേറട്ടെ.

ഒത്തൊരുമയോടെ മുന്നോട്ട് - നമ്മുടെ പൈതൃകം കാത്തുസൂക്ഷിച്ച്, നമ്മുടെ ഐക്യം ശക്തിപ്പെടുത്തി, വരും തലമുറകൾക്കായി കൂടുതൽ മഹത്തായ നേട്ടങ്ങൾ സൃഷ്ടിക്കാം.

സിൽവർ ജൂബിലി ആഘോഷം വിജയകരമാക്കിയ എല്ലാവർക്കും IKCC-യുടെ ഹൃദയംനിറഞ്ഞ നന്ദിയും സ്നേഹവും.













മാർ തോമസ് ആനിമൂട്ടിലിന് കണ്ണൂരിൽ മലബാർ കുടിയേറ്റ ജനതയുടെ ഉജ്ജ്വല സ്വീകരണം

ജോസ് കണിയാലി

കണ്ണൂർ: കോട്ടയം അതിരൂപതയുടെ സഹായമെത്രാനും മലബാറിലെ ക്നാനായ ജനതയുടെ പ്രത്യേക ചുമതല വഹിക്കുന്ന മെത്രാനുമായ മാർ തോമസ് ആനിമൂട്ടിലിന് മലബാർ കുടിയേറ്റ ജനത കണ്ണൂരിൽ ഉജ്ജ്വല സ്വീകരണം നല്കി. മലബാർ കുടിയേറ്റ ജനതയിൽ നിന്ന് ആദ്യമായി മെത്രാനായി തെരഞ്ഞെടുക്കപ്പെട്ട പുത്രൻ എന്ന പ്രത്യേകതയോടെയാണ് ശ്രീപുരം പാസ്റ്ററൽ സെന്ററിൽ ക്നാനായ ജനത അദ്ദേഹത്തിന് ഗംഭീര സ്വീകരണം ഒരുക്കിയത്.

അനുമോദന സമ്മേളനത്തിനു മുന്നോടിയായി നടന്ന വിശുദ്ധ കുർബാനയിൽ മാർ തോമസ് ആനിമൂട്ടിൽ മുഖ്യകാർമ്മികത്വം വഹിച്ചു. കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട്, തലശേരി അതിരൂപത ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി, സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ, കോട്ടയം അതിരൂപത സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം എന്നിവർ സഹകാർമ്മികരായിരുന്നു. വിശ്വാസത്തിലും പാരമ്പര്യത്തിലും വെള്ളം ചേർക്കാതെ നൂറ്റാണ്ടുകളായി ക്രൈസ്തവ വിശ്വാസതീക്ഷ്ണതയോടെ ജീവിച്ചുവളർന്ന സമുദായമാണ് ക്നാനായ സമുദായമെന്ന് തലശ്ശേരി അതിരൂപത ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി പറഞ്ഞു. മലബാറിലേക്ക് നടന്ന ക്നാനായ സമുദായത്തിന്റെ കുടിയേറ്റമാണ് തലശ്ശേരി രൂപതയുടെ രൂപീകരണത്തിനു തന്നെ വഴിയൊരുക്കിയതെന്നും അദ്ദേഹം പറഞ്ഞു.

സഭയോട് ചേർന്നുനിന്ന് സഭയുടെ വളർച്ചയ്ക്കായി നിരന്തരം പരിശ്രമിക്കുന്ന സമുദായമാണ് ക്നാനായ സമുദായം. പ്രത്യേകിച്ച് മലബാർ, ദക്ഷിണ കന്നഡ മേഖലകളിൽ സീറോമലബാർ സഭയുടെ വളർച്ചയ്ക്കും നിലനില്പിനും ക്നാനായ സമുദായത്തിന്റെ സംഭാവനകളും അവർ ഉയർത്തിക്കൊണ്ടുവന്ന സ്ഥാപനങ്ങളും നിർണായകമായിട്ടുണ്ട്. ആഫ്രിക്ക ഒഴികെയുള്ള മറ്റു വിദേശരാജ്യങ്ങളിൽ സീറോമലബാർ സഭയ്ക്ക് രൂപതകൾ അനുവദിക്കപ്പെടുന്നതിലും ക്നാനായ സമുദായത്തിന്റെ സംഭാവനകൾ പ്രധാനമാണ്. എണ്ണത്തിൽ ചെറുതാണെങ്കിലും വിശ്വാസത്തിലും പാരമ്പര്യത്തിലും ഏറെ മുന്നിൽ നിൽക്കുന്ന സമുദായമാണിത്. മഹത്തായ ദർശനമുള്ള ഇടയന്മാരാണ് സമുദായത്തെ ഇതുവരെ നയിച്ചിട്ടുള്ളത്. സമുദായത്തിന്റെ വളർച്ചയിലും ഭാവിയിലും വിശ്വാസത്തിൽ അധിഷ്ഠിതമായ പാരമ്പര്യങ്ങൾ തുടർന്നും ശക്തമായി നിലനിൽക്കുമെന്ന് മാർ ജോസഫ് പാംപ്ലാനി പറഞ്ഞു.

തുടർന്നു നടന്ന അനുമോദന സമ്മേളനത്തിൽ മാർ മാത്യു മൂലക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈദ്യുതി വകുപ്പു മന്ത്രി സണ്ണി ജോസഫ്, മാർ ജോസഫ് പണ്ടാരശ്ശേരിൽ, കണ്ണൂർ മേയർ പി. ഇന്ദിര, ഫാ. ജോയ് കട്ടിയാങ്കൽ, ഫാ. ക്ലാരൻസ് പാലിയത്ത്, സിസ്റ്റർ സിൻസി എസ്.വി.എം, കെസിസി മലബാർ റീജിയൻ പ്രസിഡണ്ട് ജോസ് കണിയാപറമ്പിൽ, ഫാ. ജോർജ് കപ്പുകാലയിൽ എന്നിവർ പ്രസംഗിച്ചു. ടി.ഒ. മോഹനൻ എംഎൽഎ, കെ.വി. സുരേഷ് എംഎൽഎ, ടി.കെ. ഗോവിന്ദൻ എംഎൽഎ, സജീവ് ജോസഫ് എംഎൽഎ, കോർപ്പറേഷൻ കൗൺസിലർ അനൂപ് ബാലൻ, കെസിസി അതിരൂപത പ്രസിഡണ്ട് ബാബു പറമ്പെടുത്തുമലയിൽ, കെസിവൈഎൽ അതിരൂപത പ്രസിഡണ്ട് ജാക്സൺ മണപ്പാട്ട്, കെ.സി.ഡബ്ലൂ.എ മലബാർ റീജിയൻ പ്രസിഡണ്ട് ബിൻസി മാറിക വീട്ടിൽ, കെസിവൈഎൽ മലബാർ റീജിയൻ പ്രസിഡണ്ട് ബോണി ജോസ് ടോമി എന്നിവർ മാർ ആനിമൂട്ടിലിനെ പൊന്നാട അണിയിച്ച് ആദരിച്ചു. മാർ തോമസ് ആനിമൂട്ടിൽ മറുപടിപ്രസംഗം നടത്തി.



































മാർ തോമസ് ആനിമൂട്ടിലിന് സ്വീകരണം ചിത്രങ്ങളിലൂടെ...





























ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പിന് കേന്ദ്ര സാഹിത്യ അക്കാദമിയുടെ ആദരം



ജിജി ടോം

(ഫൊക്കാന പി. ആർ. ഒ.)

സുൽത്താൻ ബത്തേരി: കേന്ദ്ര സാഹിത്യ അക്കാദമിയുടെ പ്രവാസി മലയാള സാഹിത്യം സിംപോസിയത്തോടനുബന്ധിച്ച് ഫൊക്കാനയുടെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഫിലിപ്പോസ് ഫിലിപ്പിന് പ്രൗഢഗംഭീരമായ ആദരവ്. ഫൊക്കാനാ പ്രസിഡന്റ് ആയശേഷം കേരളത്തിൽ എത്തിയ ഫിലിപ്പോസ് ഫിലിപ്പിനും ഫൊക്കാനയ്ക്കും ലഭിച്ച ആദ്യത്തെ ആദരവായിരുന്നു ഇത്.വയനാട് സുൽത്താൻ ബത്തേരിയിലെ ഡയറ്റ് ഓഡിറ്റോറിയത്തിൽ കേന്ദ്ര സാഹിത്യ അക്കാദമി സംഘടിപ്പിച്ച പ്രവാസി സാഹിത്യ സിമ്പോസിയത്തിന്റെ സമാപന സമ്മേളനത്തിലായിരുന്നു ഫൊക്കാന മലയാള ഭാഷയ്ക്കായി നൽകിയ സംഭാവനകൾ പരിഗണിച്ച് ഫൊക്കാനാ പ്രസിഡന്റിന് മൊമെന്റോ നൽകിയും പൊന്നാടയണിയിച്ചും ആദരിച്ചത്.

എഴുത്തുകാരനും കേന്ദ്ര സാഹിത്യ അക്കാദമി കൺവീനറുമായ കെ.പി. രാമനുണ്ണിയാണ് ഫിലിപ്പോസ് ഫിലിപ്പിനെ ആദരിച്ചത്. ഫൊക്കാന കഴിഞ്ഞ നാൽപ്പതിൽപ്പരം വർഷമായി മലയാള ഭാഷയ്ക്ക് നൽകുന്ന സംഭാവനകൾ ലോകത്ത് മറ്റൊരു പ്രവാസി സംഘടനകൾക്കും നൽകാനാകുന്നതിനും അപ്പുറമാണ്. ഫൊക്കാനയുടെ ഭാഷയ്ക്ക് ഒരു ഡോളർ മലയാള ഭാഷയ്ക്ക് ലഭിക്കുന്ന വലിയ അംഗീകാരമാണെന്ന് കെ.പി. രാമനുണ്ണി അഭിപ്രായപ്പെട്ടു. ദീർഘ കാലമായി ഫൊക്കാനയുമായി അദ്ദേഹത്തിനുള്ള ബന്ധവും അദ്ദേഹം കൂട്ടിച്ചേർത്തു. കേരള സാഹിത്യ അക്കാദമി ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങളുടെ പുരസ്കാരങ്ങൾക്കൊപ്പം അഭിമാനകരമായ സാഹിത്യ പുരസ്കാരം നൽകുന്ന ലോകമലയാളി സംഘടനയാണ് ഫൊക്കാന എന്നും ഫൊക്കാനയുടെ ഭാവി പ്രവർത്തനങ്ങൾക്ക് ആശംസകൾ നേരുന്നതായും അദ്ദേഹം അറിയിച്ചു.

കേന്ദ്ര സാഹിത്യ അക്കാദമി ഫൊക്കാനയ്ക്ക് നൽകിയ ആദരവിനെ ഹൃദയത്തിൽ



ചേർത്തു വെയ്ക്കുന്നതായി ഫൊക്കാനാ പ്രസിഡന്റ് ഫിലിപ്പ് മറുപടി പ്രസംഗത്തിൽ പറഞ്ഞു. മലയാള സാഹിത്യത്തിന്റെ ഉയർച്ചയ്ക്കും മലയാള ഭാഷയുടെ വളർച്ചയ്ക്കും കനപ്പെട്ട സംഭാവനകൾ നൽകിയ ഫൊക്കാനയ്ക്ക് ഭാഷയുടെ പേരിൽ ലഭിക്കുന്ന ഏതൊരു ആദരവും അത്രമേൽ വിലപ്പെട്ടതാണ്. ഫൊക്കാന പ്രസിഡന്റായി ചുമതലയേറ്റ ശേഷം ലഭിക്കുന്ന ഈ അംഗീകാരം ഞങ്ങളുടെ പുതിയ കമ്മിറ്റിക്ക് ലഭിക്കുന്ന വലിയ പ്രചോദനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എഴുത്തുകാരി ഷീല ടോമി മുഖ്യ പ്രഭാഷണം നടത്തി.

വിനയകുമാർ അഴിപ്പുറത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ ലതാ റാം സ്വാഗതം ആശംസിച്ചു. മാക്സിനാ ജോർജ്, അർഷാദ് ബത്തേരി, മാധ്യമ പ്രവർത്തകൻ അനിൽ പെണ്ണുക്കര എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ബേസിൽ അരിവയൽ നന്ദി രേഖപ്പെടുത്തി









കവിത



ഉഷ നായർ ഡാളസ്

എന്റെ കളിക്കൂട്ടുകാരി

കൊച്ചു പള്ളിക്കുടം തന്നിലെൻ ബെഞ്ചിലായ്
മുട്ടി ഉരുമ്മി ഇരുന്നെന്റെ സ്നേഹിത!
ഓടിയും ചാടിയും തത്തികളിച്ചങ്ങ്
സന്തോഷമോടെ കഴിഞ്ഞ ആനാളുകൾ.
പുസ്തകകെട്ടുകൾ മാറോടു ചേർക്കയും
കൊച്ചു പൊതി ചോറ് ചേർത്തുപിടിയ്ക്കയും,
ഒത്തിരി കാര്യം പറഞ്ഞു രസിച്ചങ്ങ്
മൈലുകൾ താണ്ടി നടന്നതും ഓർത്തുഞാൻ

ഉച്ചയ്ക്ക് ഭക്ഷണം ഒന്നിച്ചിരുന്നന്ന്
ഉള്ളത് പങ്കിട്ട് സംതൃപ്തി നേടിനാം!
വേദന സങ്കടം എല്ലാം പറഞ്ഞങ്ങ്
ഭാരങ്ങൾ ഒന്നിച്ച് പങ്കിട്ട നാളുകൾ
ദിവ്യമാം സ്നേഹത്തിൻ ആഴങ്ങൾഎന്തെന്ന്
കണ്ട ആ നാളുകൾ ഒന്നും മറക്കില്ല !
ചിന്തകൾ മെല്ലെ പിറകോട്ടു പോയിട്ട്
സുന്ദരമാം ദിനം ഓർമ്മിയ്ക്കും എന്നും ഞാൻ
നന്ദിയും സ്നേഹവും ഇല്ലാത്ത ഈ ലോകം
എങ്ങനെ നന്മകൾ കാണും എന്റെ ഈശ്വരാ
ഓർക്കുന്നനേരത്ത് എന്റെ ഹൃദയമോ
വേദന കൊണ്ടു നിറയുന്നു എന്നെന്നും.
ലോകത്തിൻ നേട്ടങ്ങൾ ഒന്നുമേ കൊണ്ടത്
നേടി എടുക്കുവാൻ ആവതില്ല ഓർക്കനീ
നന്മ നിറയും ഹൃദയത്തെ തന്നിടാൻ
ഈശ്വരനോടെന്നും പ്രാർത്ഥിക്കാം മാനുഷ!

കാൽ നൂറ്റാണ്ടിന്റെ അഭിമാനഗാഥയ്ക്ക് വർണാഭമായ സമാപനം

MARC- സിൽവർ ജൂബിലി ആഘോഷം പ്രൗഢഗംഭീരമായി

ബിജു മുണ്ടക്കൽ

ചിക്കാഗോ: മലയാളി റെസ്പിറേറ്ററി കെയർ പ്രൊഫഷണലുകളുടെ സംഘടനയായ മലയാളി അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയർ (MARC)ന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് വർണാഭമായ സമാപനം. 2001-ൽ രൂപീകൃതമായ സംഘടനയുടെ ഒരു വർഷം നീണ്ടുനിന്ന രജതജൂബിലി ആഘോഷങ്ങളുടെ സമാപനച്ചടങ്ങ് ഒക്ടോബർ 17-ന് മൗണ്ട് പ്രോസ്പെക്ടിലെ ഒലിവ് പാലസ് ബാങ്കറ്റ് ഹാളിൽ പ്രൗഢഗംഭീരമായി നടന്നു. സംഘടനയുടെ കാൽ നൂറ്റാണ്ടുകാലത്തെ പ്രവർത്തനങ്ങളും നേട്ടങ്ങളും സൗഹൃദവും ഒത്തൊരുമയും നിറഞ്ഞ അന്തരീക്ഷത്തിൽ ആഘോഷിച്ച ചടങ്ങിൽ നിരവധി അംഗങ്ങളും കുടുംബാംഗങ്ങളും അതിഥികളും പങ്കെടുത്തു.

വൈകുന്നേരം ആറിന് മോഹിത് ദാമോദരന്റെ വയലിൻ കച്ചേരിയോടെയാണ് പരിപാടികൾ ആരംഭിച്ചത്. തുടർന്ന് മാർക്കിന്റെ 25 വർഷത്തെ ചരിത്രവും പ്രവർത്തനങ്ങളും നേട്ടങ്ങളും കോർത്തിണക്കിയ പ്രത്യേക വീഡിയോ പ്രദർശിപ്പിച്ചു. സംഘടനയുടെ വളർച്ചയുടെ നാൾവഴികളിലൂടെ സഞ്ചരിച്ച വീഡിയോ സദസ്സിന് പഴയകാല ഓർമ്മകൾ സമ്മാനിച്ചു.

രാത്രി ഏഴിനു നടന്ന പൊതുസമ്മേളനത്തിൽ സിൽവർ ജൂബിലി കോ-ഓർഡിനേറ്റർ സ്കറിയാക്കുട്ടി സ്വാഗതം ആശംസിച്ചു. സംഘടനയുടെ രൂപീകരണം മുതലുള്ള നാൾവഴികൾ ഓർമിച്ച സ്കറിയാക്കുട്ടി ഈ സംഘടന കൂടുതൽ ശക്തിയാർജിച്ച് മുന്നോട്ടു പോകുമെന്ന് പ്രത്യാശ പ്രകടിപ്പിച്ചു. രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കേരളത്തിലുള്ള അർഹരായ മൂന്ന് കുടുംബങ്ങൾക്ക് സാമൂഹികപ്രവർത്തക ഡോ. എം.എസ്. സുനിലിന്റെ നേതൃത്വത്തിൽ മാർക്കിന്റെ അംഗങ്ങളുടെ സഹകരണത്തോടെ വീടുകൾ നിർമിച്ച് നല്കുന്നതിന് സംഘടനയ്ക്ക് കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു. പ്രസിഡണ്ട് ടോം ജോസ് അദ്ധ്യക്ഷത വഹിച്ചു. സംഘടനയുടെ വിജയത്തിന് അടിത്തറയായത് അംഗങ്ങൾക്കിടയിലെ സൗഹൃദവും ഐക്യവും കൂട്ടായ പ്രവർത്തനങ്ങളുമാണെന്ന് അദ്ദേഹം തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. നേഹ ഹരിദാസ്, എലൈൻ റോണി, റൂത്ത് മംഗളവിൽ എന്നിവർ അമേരിക്കൻ ഇന്ത്യൻ ദേശീയഗാനങ്ങൾ ആലപിച്ചു.

ഇല്ലിനോയി സൊസൈറ്റി ഫോർ റെസ്പിറേറ്ററി കെയറിന്റെ (ISRC) പ്രസിഡണ്ട് ജീന ഹൂട്സ് സമ്മേളനം ഉദ്ഘാടനം ചെയ്തു. റെസ്പിറേറ്ററി കെയർ മേഖല കൈവരിച്ചുകൊണ്ടിരിക്കുന്ന പുരോഗതിയെക്കുറിച്ചും ആ രംഗത്ത് MARC നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ചും അവർ സംസാരിച്ചു. സംഘടനയുടെ നേട്ടങ്ങളെ അഭിനന്ദിച്ച അവർ തുടർന്നും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ ആശംസകൾ നേർന്നു. ഉദ്ഘാടനത്തിനുശേഷം നടന്ന നിലവിളക്ക് കൊളുത്തൽ ചടങ്ങിൽ ജീന ഹൂട്സ് ആൻ ഗെറ്റ്സ്കെമ്പർ, ടോം ജോസ്, സമയ ജോർജ്, സണ്ണി സ്കറിയ, സ്കറിയാക്കുട്ടി തോമസ്, രഞ്ജി വർഗീസ്, വിജയ് വിൻസെന്റ്, സന്തോഷ് ജോർജ്, റോണിഷ് മാത്യു, സണ്ണി കൊട്ടുകപ്പള്ളി, ട്രീസ ഷേ, ടോം കാലായിൽ എന്നിവരും മുൻ പ്രസിഡണ്ടുമാരും വിവിധ പ്രൊഫഷണൽ സംഘടനകളുടെ പ്രതിനിധികളും പങ്കെടുത്തു.

അമേരിക്കൻ അസോസിയേഷൻ ഫോർ റെസ്പിറേറ്ററി കെയറിന്റെ (AARC) ഡയറക്ടർ അറ്റ് ലാർജ് ആനി ഗെറ്റ്സ്കെമ്പർ ചടങ്ങിന് ആശംസകൾ നേർന്നു. MARC കൈവരിച്ച നേട്ടങ്ങളെയും സമൂഹത്തിനുവേണ്ടി സംഘടന നടത്തുന്ന പ്രവർത്തനങ്ങളെയും അവർ അഭിനന്ദിച്ചു.



മാർക്ക് രജതജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം ഐ.എസ്.ആർ.സി പ്രസിഡണ്ട് ജീന ഹൂട്സ് ഉദ്ഘാടനം ചെയ്യുന്നു. ജൂബിലി കോ-ഓർഡിനേറ്റർ സ്കറിയാക്കുട്ടി തോമസ്, സെക്രട്ടറി വിൻസെന്റ് വിജയൻ, ട്രഷറർ രഞ്ജി വർഗീസ്, പിആർഒ ബിജു മുണ്ടക്കൽ, പ്രസിഡണ്ട് ടോം ജോസ്, മാർക്ക് സെക്രട്ടറി സമയാ ജോർജ്, ട്രഷറർ സണ്ണി സ്കറിയ, സണ്ണി കൊട്ടുകപ്പള്ളി, റോണിഷ് മാത്യു, സന്തോഷ് ജോർജ്, ഫിലിപ്പ് കുന്നേൽ, ടോം മലയിൽ, AARC ഡയറക്ടർ അറ്റ് ലാർജ് ആനി ഗെറ്റ്സ്കെമ്പർ, ഡോ. സിമി ജെസ്റ്റോ, ജോൺ ചിറയിൽ എന്നിവർ സമീപം.

ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് ഇല്ലിനോയിയുടെ പ്രസിഡണ്ട് ഡോ. സിമി ജെസ്റ്റോ, മലയാളി റേഡിയോഗ്രാഫേഴ്സ് അസോസിയേഷൻ പ്രസിഡണ്ട് സോണി പോൾ, അസോസിയേഷൻ ഓഫ് റിഹാബിലിറ്റേഷൻ പ്രൊഫഷണൽസ് ഓഫ് കേരള ഒറിജിൻ വൈസ് പ്രസിഡണ്ട് അരുൺ സിറിയക്, ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ് ഓഫ് ഇല്ലിനോയിയുടെ ചെയർമാൻ ജോസ് കോലഞ്ചേരി എന്നിവർ ആശംസകൾ അർപ്പിച്ചു.

സംഘടനയുടെ വളർച്ചയിൽ നിർണായക പങ്കുവഹിച്ച സ്ഥാപക നേതാക്കളായ സ്കറിയാക്കുട്ടി തോമസ്, രഞ്ജി വർഗീസ്, വിജയൻ വിൻസെന്റ്, ജോൺ ചിറയിൽ, സാം തുണ്ടിയിൽ, സൈമൺ ചക്കാലപ്പറമ്പിൽ എന്നിവരെ ചടങ്ങിൽ ആദരിച്ചു. 2001 മുതൽ സംഘടനയെ നയിച്ച മുൻ പ്രസിഡണ്ടുമാരെയും പ്രധാന സ്പോൺസർമാരെയും പ്രത്യേകം ആദരിച്ചു. സ്ഥാപകനേതാക്കളെ ആദരിക്കുന്ന ചടങ്ങിന് രഞ്ജി വർഗീസ് നേതൃത്വം നല്കി. മെഗാ സ്പോൺസറായ ഹുസൈൻ മിർസ, സാറ മിർസ എന്നിവരെയും മറ്റ് സ്പോൺസർമാരായ ഫ്രാൻസിസ് കിഴക്കേക്കുറ്റ്, റേ ആഷെർ, ബിൻസി ഏലിയാസ്, ലിസ സിനഗർ, റേ കലിൻസ്കി, കോറി എലിയറ്റ്, കെവിൻ മക്ഡർമോട്ട്, ഹോസെ ലൂയിസ് എന്നിവരെയും അസോസിയേഷൻ ആദരിച്ചു. മുൻ പ്രസിഡണ്ടുമാരെ ആദരിക്കുന്നതിന് സമയ ജോർജും സ്പോൺസർമാരെ ആദരിക്കുന്നതിന് ഷെവലിയർ ജെയ്മോൻ സ്കറിയയും നേതൃത്വം നല്കി.

സിൽവർ ജൂബിലിയുടെ സ്മരണയ്ക്കായി തയ്യാറാക്കിയ സുവനീർ ജീന ഹൂട്സ് പ്രകാശനം ചെയ്തു. പഴയ തലമുറയെ പ്രതിനിധീകരിച്ച് ഫിലിപ്പ് സ്റ്റീഫനും ബെൻസി ബെനഡിക്ടും ചേർന്ന് ആദ്യപ്രതി ജീന ഹൂട്സിനു കൈമാറി. തുടർന്ന് പുതിയ തലമുറയെ പ്രതിനിധീകരിച്ച് അഭിജിത് കുമാറിനും കുരുവിള തോമസിനും സുവനീർ കൈമാറി. തലമുറകൾ തമ്മിലുള്ള ബന്ധവും സംഘടനയുടെ പാരമ്പര്യത്തിന്റെ തുടർച്ചയും പ്രതീകാത്മകമായി വിളിച്ചോതിയ ഈ ചടങ്ങ് ശ്രദ്ധേയമായി.

MARC-ന്റെ ചരിത്രവും പ്രവർത്തനങ്ങളും സേവനങ്ങളും അംഗങ്ങളുടെ ഓർമ്മകളും ലേഖനങ്ങളും സാഹിത്യരചനകളും ഉൾക്കൊള്ളുന്നതാണ് സുവനീർ. ചീഫ് എഡിറ്റർ സന്തോഷ് ജോർജിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ പ്രസിദ്ധീകരണം സംഘടനയുടെ കാൽ നൂറ്റാണ്ടുകാലത്തെ യാത്രയുടെ രേഖയായി മാറി.

ഔദ്യോഗിക സമ്മേളനത്തിനുശേഷം നടന്ന കലാപരിപാടികൾ ആഘോഷത്തിന് കൂടുതൽ നിറപ്പകിട്ടേകി. എലീനർ, ഡയാന, ജോർലി, ഐറിൻ, ജെയ്ഡൻ ജോസ് എന്നിവർ അവതരിപ്പിച്ച നൃത്തങ്ങൾ സദസ്സിന്റെ കൈയടി നേടി. പീറ്റർ തിരുനെല്ലിപ്പറമ്പിൽ, മെർലിൻ ജോസ്, അനൂജ് എന്നിവർ ഗാനങ്ങൾ ആലപിച്ചു. ഗ്ലെൻബ്രൂക്ക് ഹോസ്പിറ്റൽ ടീമിന്റെ ഗാനമേളയും വി. എ. ഹെയിൻസ് ഹോസ്പിറ്റൽ ടീമിന്റെ ഫാഷൻ ഷോയും പരിപാടികൾക്ക് വൈവിധ്യം പകർന്നു. ജോമോനും സംഘവും അവതരിപ്പിച്ച സംഗീതപരിപാടിയും കൊച്ചുവീട്ടിൽ ടീമിന്റെ ചെണ്ടമേളവും ആഘോഷത്തിന് ആവേശം കൂട്ടി. സി.ജെ. മാത്യുവിന്റെ ഡിജെ പരിപാടിയോടെ കലാപരിപാടികൾ സമാപിച്ചു.

സംഘടനയുടെ രജതജൂബിലി ആഘോഷം വിജയകരമാക്കുന്നതിൽ പ്രസിഡണ്ട് ടോം ജോസ്, സെക്രട്ടറി സമയ ജോർജ്, ട്രഷറർ സണ്ണി സ്കറിയ, വൈസ് പ്രസിഡണ്ട് സണ്ണി കൊട്ടുകപ്പള്ളി, ജോയിന്റ് സെക്രട്ടറി റോണിഷ് മാത്യു, ജോയിന്റ് ട്രഷറർ സന്തോഷ് ജോർജ്, ജനറൽ ഓർഗനൈസർ ബിൻസി ഏലിയാസ്, വിദ്യാഭ്യാസ കോ-ഓർഡിനേറ്റർ ട്രീസ ഷേ, പിആർഒ ബിജു മുണ്ടക്കൽ, ഓഡിറ്റർ ടോം കലയിൽ എന്നിവരുടെ നേതൃത്വത്തിലുള്ള ഭാരവാഹികളും സംഘാടക സമിതിയും സജീവമായി പ്രവർത്തിച്ചു. വിൻസെന്റ് വിജയൻ നന്ദി രേഖപ്പെടുത്തി.

റെസ്പിറേറ്ററി കെയർമേഖലയിലെ പ്രൊഫഷണലുകളെ ഒരുമിപ്പിക്കുകയും സൗഹൃദവും സേവനമനോഭാവവും വളർത്തുകയും ചെയ്ത MARC-ന്റെ 25 വർഷത്തെ യാത്രയുടെ ആഘോഷമായിരുന്നു സിൽവർ ജൂബിലി. സംഘടനയുടെ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായി മാറിയ ഈ ആഘോഷം അംഗങ്ങൾക്കും കുടുംബങ്ങൾക്കും ഒരുപോലെ മറക്കാനാകാത്ത അനുഭവമായി. സംഘടനയുടെ പിആർഒ ആയ ബിജു മുണ്ടക്കലും ജനറൽ ഓർഗനൈസർ ആയ ബിൻസി ഏലിയാസും എംസിമാരായിരുന്നു.

MARC- സിൽവർ ജൂബിലി ആഘോഷം ചിത്രങ്ങളിലൂടെ...





























MARC- സിൽവർ ജൂബിലി ആഘോഷം ചിത്രങ്ങളിലൂടെ...































B&M
AUTO COLLISION CTR

Fast & Efficient
Quality Repair

We work with all Insurance Companies





Call Anish Eapen
773-263-9863

4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

Grace CONVENTION CENTER
Punnamoodu, Mavelikara



DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)

SERVICES	EVENTS
PHOTOGRAPHY	WEDDING PLANNING,
STAGE DECORATION	ENGAGEMENT
CATERING SERVICE: (Kerala sadhya, Christian Meals, Dum Biriyani, North Indian Food)	FUNERAL SERVICE,
FUSION, TALLMAN SECURITY,	BETROTHAL, BAPTISM,
PREMIUM CARS, ENTERTAINMENT	BIRTHDAY PARTIES,
CHURCH CHOIR, ANCHORING	HOUSE WARMING
LED WALL, LIVE STREAMING	BUSINESS CONFERENCE
	GET TOGETHER Etc;



TOLL FREE 1800-572-5667 FOLLOW US NOW
+91 9188751000 +91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR

GRACE
CONVENTION CENTER
Celebrate your Dreams with Us

ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിലെ പ്രധാന തിരുനാൾ ഭക്തിനിർഭരമായി സമാപിച്ചു

ബിബി തെക്കനാട്ട്

ഹൂസ്റ്റൺ: ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ബഹുമാനാർത്ഥം ഒക്ടോബർ 16, 17, 18 തീയതികളിൽ നടത്തിയ പ്രധാന തിരുനാൾ ഭക്തി നിർഭരമായ തിരുക്കർമ്മങ്ങളോടും വർണാഭമായ ആഘോഷങ്ങളോടും കൂടി സമാപിച്ചു. ഇടവകാംഗങ്ങളുടെ വിപുലമായ പങ്കാളിത്തവും യുവജനങ്ങളുടെ സജീവ സഹകരണവും തിരുനാളിനെ വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും അനുഭവമാക്കി മാറ്റി.

തിരുനാളിനു മുന്നോടിയായി നടന്ന നൊവേന, ജപമാല, ആരാധന, അനുരഞ്ജന ശുശ്രൂഷ എന്നിവ വിശ്വാസികളുടെ ആത്മീയ ഒരുക്കത്തിന് സഹായകമായി. തിരുനാൾ ദിവസങ്ങളിലെ വിശുദ്ധ കുർബാന, ലദീഞ്ഞ്, പ്രസംഗങ്ങൾ, പ്രദക്ഷിണം എന്നിവയിൽ നിരവധി വിശ്വാസികൾ പങ്കെടുത്തു. അനുകൂലമായ കാലാവസ്ഥയിൽ നടന്ന ആഘോഷങ്ങൾ ഇടവകയുടെ ആത്മീയവും സാമൂഹികവുമായ ഉണർവിന് വഴിയൊരുക്കി.

തിരുനാളിന്റെ ഒരുക്കങ്ങളിലും നടത്തിപ്പിലും യുവജനങ്ങൾ ശ്രദ്ധേയമായ പങ്കുവഹിച്ചു. വിവിധ സേവന മേഖലകളിൽ ഉത്തരവാദിത്വത്തോടെ പ്രവർത്തിച്ച അവർ തിരുക്കർമ്മങ്ങളുടെയും പ്രദക്ഷിണത്തിന്റെയും ക്രമീകരണങ്ങളിലും ആഘോഷപരിപാടികളിലും സജീവമായി സഹകരിച്ചു. മുതിർന്നവരോടൊപ്പം യുവജനങ്ങളും കുട്ടികളും കൈകോർത്തത് തലമുറകൾ തമ്മിലുള്ള ബന്ധവും ഇടവകയുടെ ഐക്യവും കൂടുതൽ ശക്തമാക്കി.

ഞായറാഴ്ച കമ്യൂണിറ്റി സെന്ററിൽ നടന്ന കലാവിനോദ പരിപാടികൾ തിരുനാളാഘോഷങ്ങൾക്ക് മാറ്റുകൂട്ടി. കുട്ടികളും യുവജനങ്ങളും മറ്റ് ഇടവകാംഗങ്ങളും അവതരിപ്പിച്ച വൈവിധ്യമാർന്ന കലാപരിപാടികൾ മികച്ച നിലവാരവും ആകർഷകമായ അവതരണവും കൊണ്ട് ശ്രദ്ധ നേടി. കലാപ്രതിഭകൾക്ക് വേദിയൊരുക്കിയ ഈ പരിപാടികൾ സദസ്സിന് ആസ്വാദനവും കുടുംബങ്ങൾക്ക് സൗഹൃദം പങ്കിടാനുള്ള അവസരവും നല്കി. പരിപാടികളുടെ വിജയത്തിനായി പരിശീലനം നല്കിയവരുടെയും സംഘാടകരുടെയും അണിയറ പ്രവർത്തകരുടെയും സേവനം പ്രശംസനീയമായി.

ഇടവകയിലെ ഏതാണ്ടെല്ലാ കുടുംബങ്ങളും 200 ഡോളർ വീതം സംഭാവന നല്കി തിരുനാളിന്റെ പ്രസുദേന്തിമാരായി പങ്കുചേർന്നത് സമൂഹത്തിന്റെ ഐക്യത്തിന്റെയും പരിശുദ്ധ അമ്മയോടുള്ള ഭക്തിയുടെയും പ്രകടനമായി. തിരുനാളിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി സമയം, അദ്ധ്വാനം, സാമ്പത്തിക സഹായം എന്നിവ സമർപ്പിച്ച സന്നദ്ധപ്രവർത്തകരുടെ കൂട്ടായ സേവനം ആഘോഷങ്ങളുടെ വിജയത്തിൽ നിർണായകമായി.

തിരുനാൾ അനുഗ്രഹപ്രദമായി നടത്താൻ സാധിച്ചതിന് വികാരി ഫാ. അബ്രാഹം മുത്തോലത്ത് ദൈവത്തിന് നന്ദി അർപ്പിച്ചു. സഹവികാരി ഫാ. ജോഷി വലിയവീട്ടിൽ തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത വൈദികർ, കൈക്കാരന്മാർ, കമ്മിറ്റി അംഗങ്ങൾ, ഗായകസംഘം, വിവിധ ഭക്തസംഘടനകൾ, യുവജനങ്ങൾ, കലാപരിപാടികളുടെ സംഘാടകർ, പ്രസുദേന്തിമാർ, എല്ലാ ഇടവകാംഗങ്ങൾ എന്നിവർക്കും അദ്ദേഹം നന്ദി അറിയിച്ചു. കൈക്കാരന്മാരായ സജി മരങ്ങാട്ടിൽ, ജെയിംസ് വടക്കേക്കര, സാബു കറുകപ്പറമ്പിൽ, നിധിൻ ജിജോ, തോമസ് വട്ടമറ്റത്തിൽ, ഓഫീസ് സെക്രട്ടറി സിസ്റ്റർ റെജി എസ്.ജെ.സി, ബിബി തെക്കനാട്ട് എന്നിവർ തിരുനാളിന്റെ ഒരുക്കങ്ങൾക്ക് നേതൃത്വം നല്കി.

തിരുനാളിലൂടെ അനുഭവിച്ച വിശ്വാസചൈതന്യവും സ്നേഹവും സഹകരണവും കുടുംബജീവിതത്തിലും ഇടവകജീവിതത്തിലും തുടർന്നും നിലനിർത്തണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

























ഫിലാഡൽഫിയയിൽ വർണാഭമായ ഇന്ത്യൻ കാത്തലിക് ഹെറിറ്റേജ് ഡേ ആഘോഷം

ജോസ് മാളേയ്ക്കൽ

ഫിലാഡൽഫിയ: 'ഒരേ വിശ്വാസം, പല പാരമ്പര്യങ്ങൾ, ഒരു കുടക്കീഴിൽ' എന്ന മഹത് സന്ദേശം ഉയർത്തിക്കാട്ടി ഒക്ടോബർ 10-ന് ശനിയാഴ്ച ഫിലാഡൽഫിയയിൽ നടന്ന കേരള കത്തോലിക്ക സ്നേഹകൂട്ടായ്മയുടെ ഇന്ത്യൻ കാത്തലിക് ഹെറിറ്റേജ് ദിനാഘോഷം വർണാഭമായി. ഒരേ ക്രൈസ്തവ വിശ്വാസത്തിലൂന്നി തനതായ പാരമ്പര്യങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും കാത്തുസൂക്ഷിക്കുന്ന സീറോമലബാർ, ക്നാനായ, ലത്തീൻ കത്തോലിക്കർ വിശ്വാസനിറവിൽ അണിനിരന്ന് ഒരുമയുടെ കാഹളം മുഴക്കിയത് ശ്രദ്ധേയമായിരുന്നു.

വിശാല ഫിലാഡൽഫിയ റീജിയണിലെ കേരള കത്തോലിക്കരുടെ സ്നേഹക്കൂട്ടായ്മയായ ഇന്ത്യൻ അമേരിക്കൻ കാത്തലിക് അസോസിയേഷൻ (ഐഎസിഎ) ഇന്ത്യൻ കാത്തലിക് ഹെറിറ്റേജ് ദിനവും അസോസിയേഷൻ 48-ാം വാർഷികവും സംയുക്തമായി ആഘോഷിച്ചത് അസോസിയേഷന്റെ ചരിത്രതാളുകളിൽ ഇടംപിടിച്ചു. സീറോമലങ്കര സഭയുടെ വടക്കേ അമേരിക്ക-കാനഡ എന്നിവയുടെ ചുമതല വഹിക്കുന്ന മെത്രാപ്പോലീത്ത അഭിവന്ദ്യ ഫീലിപ്പോസ് മാർ സ്റ്റെഫാനോസ് തിരുമേനി ആയിരുന്നു മുഖ്യാതിഥി.

സെ. തോമസ് സീറോമലബാർ ദേവാലയത്തിൽ അഭിവന്ദ്യ ഫീലിപ്പോസ് മാർ സ്റ്റെഫാനോസ് തിരുമേനിക്ക് അസോസിയേഷൻ ഭാരവാഹികൾ സ്വീകരണം നല്കി. നാല് മണിക്ക് തിരുമേനിയുടെ നേതൃത്വത്തിൽ മലങ്കര റീത്തിൽ അർപ്പിക്കപ്പെട്ട കൃതജ്ഞതാബലിയിൽ ഫിലാഡൽഫിയ ഇന്ത്യൻ ലാറ്റിൻ കാത്തലിക് മിഷൻ ഡയറക്ടർ റവ.ഫാ. ലെനിൻ ഫെർണാണ്ടസ്, സെന്റ് ജൂഡ് സീറോമലങ്കര പള്ളി വികാരി റവ.ഫാ. ബാബു മഠത്തിൽപറമ്പിൽ, സെ. തോമസ് സീറോമലബാർ പള്ളി വികാരി റവ.ഡോ. ജോർജ് ദാനവേലിൽ, റവ.ഫാ. ബിപ്പി മാത്യു തറയിൽ എന്നിവർ സഹകാർമ്മികരായി.

2026-ൽ വിവാഹിതരായ ദമ്പതിമാരെയും രജതജൂബിലി, സുവർണജൂബിലി എന്നീ വിശേഷാൽ വിവാഹ വാർഷികങ്ങൾ ആഘോഷിക്കുന്ന ദമ്പതിമാരെയും ദിവ്യബലി മദ്ധ്യേ അഭിവന്ദ്യ ഫീലിപ്പോസ് മാർ സ്റ്റെഫാനോസ് തിരുമേനി ആശീർവദിക്കുകയും ഐഎസിഎ വക പാരിതോഷികങ്ങൾ നല്കി അഭിനന്ദിക്കുകയും ചെയ്തു.

ബലിയർപ്പണത്തെ തുടർന്ന് ഐഎസിഎ പ്രസിഡണ്ട് തോമസ് സൈമണിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനം അഭിവന്ദ്യ ഫീലിപ്പോസ് മാർ സ്റ്റെഫാനോസ് തിരുമേനി ഭദ്രദീപം തെളിച്ച് ഉദ്ഘാടനം ചെയ്ത് മുഖ്യപ്രഭാഷണം നടത്തി. അസോസിയേഷൻ ഡയറക്ടർമാരും അംഗദേവാലയ വികാരിമാരുമായ റവ.ഫാ. ലെനിൻ ഫെർണാണ്ടസ്, റവ.ഫാ. ബാബു മഠത്തിൽപറമ്പിൽ, റവ.ഡോ. ജോർജ് ദാനവേലിൽ, റവ.ഫാ. ബിപ്പി മാത്യു തറയിൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ജനറൽ സെക്രട്ടറി ചാർലി ചിറയത്ത് സ്വാഗതവും ജോ. ട്രഷറർ ഫിലിപ്പ് (ബിജു) ജോൺ നന്ദിയും പ്രകാശിപ്പിച്ചു.

ആദ്ധ്യാത്മിക, സാമൂഹിക മേഖലകളിൽ സേവനത്തിന്റെ 48 സംവത്സരങ്ങൾ പൂർത്തിയാക്കിയ ഇന്ത്യൻ അമേരിക്കൻ കാത്തലിക് അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയയുടെ കാരുണ്യപ്രവൃത്തികളുടെ ഭാഗമായി സ്വരൂപിച്ച പുതിയതും അധികം ഉപയോഗിക്കാത്തതും മുഷിയാത്തതുമായ അമേരിക്കൻ വസ്ത്രങ്ങളും ബെഡ് ഷീറ്റുകളും, കമ്പിളി വസ്ത്രങ്ങളും ഗോസ്പൽ മിഷൻ കേന്ദ്രത്തിന് ദാനം ചെയ്യുകയുണ്ടായി.

കൾച്ചറൽ പ്രോഗ്രാമിന്റെ ഭാഗമായി ഫിലാഡൽഫിയയിലെ ഡാൻസ് സ്കൂൾ അവതരിപ്പിച്ച നൃത്തങ്ങൾ, യുവജനങ്ങൾ അവതരിപ്പിച്ച ഫ്യൂഷൻ ചെണ്ടമേളം, ശ്രുതിമധുരമായ ഗാനങ്ങൾ എന്നിവ കാണികൾ നന്നായി ആസ്വദിച്ചു. സ്വപ്ന സജി സെബാസ്റ്റ്യൻ, മെർലിൻ അഗസ്റ്റിൻ എന്നിവർ അവതാരകരായി. സ്നേഹവിരുന്നോടെ ഇന്ത്യൻ കത്തോലിക്കരുടെ ശ്രേഷ്ഠമായ പൈതൃകവും പാരമ്പര്യങ്ങളും ഒത്തുചേർന്ന ഹെറിറ്റേജ് ദിനാഘോഷങ്ങൾക്ക് തിരശ്ശീല വീണു.











പോസ്റ്റൽ സർവീസിൽ നിന്നും വിരമിച്ച അഞ്ച് ജീവനക്കാർക്ക് യാത്രയയപ്പ് നല്കി

റോയ് ജോൺ, ഡാളസ്

ഡാളസ്: ഡാളസിൽ നോർത്ത് ടെക്സസ് കോപ്പൽ പോസ്റ്റൽ സർവീസ് മലയാളി ജീവനക്കാരുടെ ആഭിമുഖ്യത്തിൽ 2026-ൽ വിരമിച്ച അഞ്ച് ജീവനക്കാർക്ക് യാത്രയയപ്പ് നല്കി.

ഗ്രാപെവിനിൽ നടന്ന ചടങ്ങിൽ ബാബു ജോസ്, ബിജിലി ബാബു, ജോൺ മാത്യു, തോമസ്, മേരി ടീച്ചർ എന്നിവരെയാണ് ആദരിച്ചത്. തോമസ് തൈമുറിയിൽ സ്വാഗതം ആശംസിച്ചു. യോഗത്തിൽ ഫാ. ജോസഫ് കുര്യൻ പ്രാർത്ഥന നിർവഹിച്ചു.

സഹപ്രവർത്തകരും കുടുംബാംഗങ്ങളും പങ്കെടുത്ത ചടങ്ങിൽ എം.ഡി. ഒ. അനൂപ് ചെറിയാൻ, സൂപ്പർവൈസർമാരായ സാബു മാത്യു, ജോസഫ് ജോർജ് എന്നിവർ ചേർന്ന് ഉപഹാരങ്ങൾ സമ്മാനിച്ചു. ദീർഘകാലത്തെ സേവന സ്മരണകളും അനുഭവങ്ങളും പങ്കുവെച്ച സഹപ്രവർത്തകർ ഏവർക്കും ആശംസകൾ നേർന്നു. പോസ്റ്റൽ സർവീസിൽ നിന്നും വിരമിച്ചവർക്ക് അഭിനന്ദനങ്ങളും ആശംസകളും അറിയിച്ചുകൊണ്ട് സഹപ്രവർത്തകർ സംസാരിച്ചു. ദീർഘകാലം ഒരുമിച്ചു ജോലി ചെയ്തപ്പോൾ ഉണ്ടായ തങ്ങളുടെ രസകരവും ഹൃദയസ്പർശിയുമായ ഓർമ്മകൾ പങ്കുവെച്ചു. ജോലിസ്ഥലത്തെ ജീവിതാനുഭവങ്ങളുടെ പങ്കുവെക്കൽ വന്നുചേർന്നവർക്കെല്ലാം പ്രചോദനമായി.


മീറ്റിങ്ങിൽ പങ്കെടുത്തവർ ഈ മലയാളി കൂട്ടായ്മയുടെ വിവിധ പ്രവർത്തനങ്ങളെ പ്രശംസിക്കുകയും സംഘാടകരെ അഭിനന്ദിക്കുകയും ചെയ്തു. റോയ് ജോൺ, തോമസ് തൈമുറിയിൽ, സുനിൽ കരടിയിൽ എന്നിവർ നേതൃത്വം നല്കിയ പരിപാടിയിൽ സുനിൽ കരടിയിൽ നന്ദി രേഖപ്പെടുത്തി. രുചികരമായ മെഡിറ്ററേനിയൻ ഭക്ഷണത്തോടും സന്തോഷനിമിഷങ്ങളോടും കൂടി ചടങ്ങ് സമാപിച്ചു.



ഐപിസി സെൻട്രൽ റീജിയന് പുതിയ ഭാരവാഹികൾ; പാസ്റ്റർ പി.വി. മാമ്മൻ പ്രസിഡണ്ട്

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: ഐപിസി നോർത്ത് അമേരിക്കൻ സെൻട്രൽ റീജിയൻ പ്രസിഡണ്ടായി പാസ്റ്റർ പി.വി.മാമ്മൻ (ഡിട്രോയിറ്റ്), വൈസ് പ്രസിഡണ്ട് പാസ്റ്റർ ടോമി ജോസഫ് (ഒഹായോ), സെക്രട്ടറി പാസ്റ്റർ ജോൺ ടി. കുര്യൻ (ചിക്കാഗോ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഒക്ടോബർ 10-ന് ശനിയാഴ്ച ചിക്കാഗോ ഐപിസി ഹെബ്രോൻ ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന ജനറൽബോഡി മീറ്റിംഗിൽ വെച്ചാണ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പു നടന്നത്.








കെ.ഒ. ജോസ് സിപിഎ ജോ. സെക്രട്ടറി, ജോൺ മത്തായി ട്രഷറർ എന്നിവർ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

കുര്യൻ ഫിലിപ്പ് മീഡിയ കോ-ഓർഡിനേറ്റർ, പാസ്റ്റർ ആൻഡ്രൂസ് കെ. ജോർജ് പ്രെയർ കോ-ഓർഡിനേറ്റർ, പാസ്റ്റർ ഫ്രാങ്ക്ളിൻ വിൽഫ്രഡ് പിവൈപിഎ കോ-ഓർഡിനേറ്റർ, സിസ്റ്റർ മോളി ഏബ്രഹാം ലേഡീസ് കോ-ഓർഡിനേറ്റർ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.



ഡോ. വില്ലി ഏബ്രഹാം, പാസ്റ്റർ ടോം ജോർജ്, പാസ്റ്റർ ജോൺസൺ ഫിലിപ്പ്, പാസ്റ്റർ റോയി ഇട്ടി ചെറിയ, പാസ്റ്റർ സോമൻ ഗീവർഗീസ്, മാത്യു ജോർജ് എന്നിവരെ റീജിയൻ കൗൺസിൽ അംഗങ്ങളായും തെരഞ്ഞെടുത്തു.

പാസ്റ്റർ പി.വി. മാമ്മൻ, കെ.ഒ. ജോസ് സിപിഎ എന്നിവർ ഐപിസി ജനറൽ കൗൺസിലിലേക്കുള്ള പ്രതിനിധികളായിരിക്കും. ദീർഘനാളുകൾ ഐപിസി സെൻട്രൽ റീജിയന്റെ പ്രസിഡണ്ടായി വിശിഷ്ട സേവനമനുഷ്ഠിച്ച പാസ്റ്റർ പി.സി. മാമ്മനെ റീജിയന്റെ സീനിയർ ജനറൽ മിനിസ്റ്റർ പദവി നല്കി ജനറൽബോഡി ആദരിച്ചു.

പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ പി.വി. മാമ്മൻ ഡിട്രോയിറ്റ് ഇന്ത്യ ക്രിസ്ത്യൻ അസംബ്ലിയുടെയും വൈസ് പ്രസിഡണ്ട് പാസ്റ്റർ ടോമി ജോസഫ് ഐപിസി കൊളംബസ് ഒഹായോയുടെയും സെക്രട്ടറി പാസ്റ്റർ ജോൺ ടി. കുര്യൻ ചിക്കാഗോ എബെനേസർ പെന്തെക്കോസ്തൽ ചർച്ചിന്റെയും സീനിയർ പാസ്റ്റർമാരായി സേവനമനുഷ്ഠിക്കുന്നു.

മിസ് കേരള സൗന്ദര്യ മത്സരത്തിൽ പി. ചിത്രാംബരി മിസ് കേരള 2026 കിരീടം സ്വന്തമാക്കി

പി.പി. ചെറിയാൻ

കൊച്ചി: കൊച്ചി ക്രൗൺ പ്ലാസയിൽ നടന്ന 26-ാമത് ട്രെൻഡ്സ് ഇംപ്രസാരിയോ മിസ് കേരള സൗന്ദര്യ മത്സരത്തിന്റെ ഗ്രാൻഡ് ഫിനാലെയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രതിഭകളെ പിന്തള്ളി പത്തൊൻപതുകാരിയായ പി. ചിത്രാംബരി വിജയകിരീടം ചൂടി. മന്ത്രി ബിന്ദു കൃഷ്ണയും മുൻ ജേത്രി ശ്രീനിധി സുരേഷും ചേർന്ന് ചിത്രാംബരിയെ കിരീടമണിയിച്ചു.

24 മത്സരാർത്ഥികളോട് മത്സരത്തിന്റെ വിവിധ ഘട്ടങ്ങളിൽ മത്സരിച്ചാണ് ചിത്രാംബരി ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്. സൗന്ദര്യത്തിനൊപ്പം വ്യക്തിപ്രഭാവവും ബുദ്ധിപൂർവ്വമായ ഉത്തരങ്ങളും കൊണ്ട് വിധികർത്താക്കളുടെയും കാണികളുടെയും മനംകവർന്നാണ് താരം ഈ നേട്ടം സ്വന്തമാക്കിയത്. ഇതിനു പുറമെ മിസ് ബ്യൂട്ടിഫുൾ സ്മൈൽ ഉപപട്ടവിയും ചിത്രാംബരി സ്വന്തമാക്കിയിട്ടുണ്ട്.

ഫസ്റ്റ് റണ്ണറപ്പായി (ഏറ്റേണൽ ബ്യൂട്ടി) മേഘ മറിയ ജോസും സെക്കൻഡ് റണ്ണർ അപ്പായി (ബ്യൂട്ടി വിത്ത് എലഗൻസ്) കാജൽ ലിബിയും തെരഞ്ഞെടുക്കപ്പെട്ടു.



മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ സ്വദേശിനിയാണ് ചിത്രാംബരി. തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിലെ രണ്ടാംവർഷ ഡിഗ്രി വിദ്യാർത്ഥിനിയാണ്. പിതാവ് ശ്രീപ്രകാശ് ഷാർജയിൽ എൻജിനീയറും ഷാർജ ഇന്ത്യൻ അസോസിയേഷൻ മുൻ ജനറൽ സെക്രട്ടറിയുമാണ്. മാതാവ് ഷീജ കൊളത്തൂർ നാഷണൽ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപികയാണ്.

മിസ് കേരള മത്സരത്തിന്റെ ചടങ്ങിൽ പ്രമുഖ സാമൂഹിക പ്രവർത്തക ദയാബായിക്ക് ലൈംഫ് ടൈം അച്ചീവ്മെന്റ് അവാർഡ് മന്ത്രി സമ്മാനിച്ചു.

രാഷ്ട്രീയ നിരീക്ഷകൻ ശ്രീജിത് പണിക്കർ, നടി ദർപ്തി സതി, ജസ്റ്റിൻ ജോസ്, നടി ആശ ശരത്, സിനിമാട്ടോഗ്രാഫർ രവി വർമ്മൻ, ഫാഷൻ കണ്ടന്റ് ക്രിയേറ്റർ വർഗീസ്, ഡോ. ടോം എം. ജോസഫ് എന്നിവരടങ്ങുന്ന പ്രമുഖ പാനലാണ് വിജയികളെ തെരഞ്ഞെടുത്തത്.





Witywide Mortgage of America Corp.

Servicing Illinois, Florida, California, and Indiana

Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

We can provide you a PRE-APPROVAL IN MINUTES
Purchase Jumbo Loan
Refinance Cashout
WWW.CITYWIDEMA.COM

EQUAL HOUSING LENDER
Illinois Residential Mortgage Licensee

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241

General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

ഫോമാ 20–20 ഹൗസിങ് പ്രോജക്ടിന് തുടക്കം; ആദ്യ വീടിന് അഡ്വ. വർഗീസ് മാമ്മൻ എംഎൽഎ തറക്കല്ലിട്ടു

തിരുവല്ല: അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ ഫെഡറേഷനായ ഫോമായുടെ പുതിയ ഭരണസമിതി പ്രഖ്യാപിച്ച 'ഫോമാ 20–20 ഹൗസിങ് പ്രോജക്ടി'ന്റെ ആദ്യ വീടിന് തിരുവല്ല എംഎൽഎ അഡ്വ. വർഗീസ് മാമ്മൻ തറക്കല്ലിട്ടു. ഫോമാ 2028–ൽ ഇരുപതാം വാർഷികം ആഘോഷിക്കുമ്പോൾ കേരളത്തിലെ അർഹരായ നിർദ്ധന കുടുംബങ്ങൾക്ക് 20 വീടുകൾ നിർമ്മിച്ചു നല്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്.

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ കല്ലൂപ്പാറ പഞ്ചായത്തിലെ ചെങ്ങരൂരിലുള്ള ചൂരക്കൂട്ടിക്കൽ കുടുംബത്തിനു വേണ്ടിയാണ് പദ്ധതിയുടെ ആദ്യ വീട് നിർമിക്കുന്നത്. ഭവനരഹിതരായ കുടുംബങ്ങൾക്ക് സുരക്ഷിതമായൊരു വീടൊരുക്കുക എന്നത് കേവലം ഒരു നിർമ്മാണ പ്രവർത്തനമല്ല, മറിച്ച് അവരുടെ ജീവിതത്തിൽ പ്രതീക്ഷയുടെയും ആത്മവിശ്വാസത്തിന്റെയും പുതിയ അദ്ധ്യായം തുറക്കലാണെന്ന സന്ദേശമാണ് ഈ പദ്ധതിയിലൂടെ ഫോമാ മുന്നോട്ടു വെക്കുന്നത്.

തറക്കല്ലിടീൽ ചടങ്ങിൽ സംസാരിച്ച അഡ്വ. വർഗീസ് മാമ്മൻ എംഎൽഎ അർഹരായ കുടുംബങ്ങൾക്ക് കൈത്താങ്ങാകുന്ന ഫോമായുടെ ഭവന പദ്ധതിക്ക് ആശംസകൾ നേർന്നു. വിദേശത്ത് താമസിക്കുമ്പോഴും കേരളത്തിന്റെ സാമൂഹികവും മാനുഷികവുമായ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് സഹായഹസ്തം നീട്ടുന്ന അമേരിക്കൻ മലയാളികളുടെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. നിർദ്ധന കുടുംബങ്ങൾക്ക് സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ ഇത്തരം പദ്ധതികൾ സഹായകമാകുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ചടങ്ങിൽ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എബി മേക്കരങ്ങാട്ട്, കല്ലൂപ്പാറ പഞ്ചായത്ത് മൂന്നാം വാർഡ് മെംബർ അനിൽ തോമസ്, പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ റെജി ചാക്കോ, രണ്ടാം വാർഡ് മെംബർ റ്റിബി സൂസൻ മാമ്മൻ തുടങ്ങിയവർ സംസാരിച്ചു.

ഫോമായുടെ 2026–2028 കാലയളവിലേക്കുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി പ്രഖ്യാപിച്ച പ്രധാന പദ്ധതികളിലൊന്നാണ് ഫോമാ 20–20 ഹൗസിങ് പ്രോജക്ട്. 2028–ൽ ഇരുപതാം വാർഷികം ആഘോഷിക്കുമ്പോഴേക്കും കേരളത്തിലെ അർഹരായ 20 കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നല്കുകയാണ് ലക്ഷ്യം. ചിക്കാഗോയിൽ നടന്ന സ്ഥാനാരോഹണ സമ്മേളനത്തിൽ ഫോമാ പ്രസിഡണ്ട് ബിജു തോണിക്കടവിൽ പദ്ധതിയുടെ ലക്ഷ്യവും പ്രാധാന്യവും വ്യക്തമാക്കിയിരുന്നു.

ഫോമാ കേരളത്തിന്റെ സാമൂഹികവും മാനുഷികവുമായ ആവശ്യങ്ങളിൽ സജീവമായി ഇടപെടുന്ന സംഘടന കൂടിയാണ്. സാമ്പത്തിക









മായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സഹായം നല്കുക, ചികിത്സാ–വിദ്യാഭ്യാസ ആവശ്യങ്ങളിൽ കൈത്താങ്ങാകുക, ഭവനരഹിതർക്ക് വീടുകൾ ഒരുക്കുക, സ്ത്രീശാക്തീകരണത്തിനും സാമൂഹിക സുരക്ഷയ്ക്കും പിന്തുണ നല്കുക തുടങ്ങിയ മേഖലകളിൽ സംഘടന വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇവയുടെ തുടർച്ചയായാണ് ഫോമാ 20–20 ഹൗസിങ് പ്രോജക്ട്. സംഘടനയുടെ 20–ാം വാർഷികാഘോഷത്തെ സാമൂഹിക പ്രതിബദ്ധതയുടെയും സേവനത്തിന്റെയും അടയാളമാക്കി മാറ്റുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഫോമാ പ്രസിഡണ്ട് ബിജു തോണിക്കടവിൽ, ജനറൽ സെക്രട്ടറി പോൾ പി. ജോസ്, ട്രഷറർ പ്രദീപ് നായർ, വൈസ് പ്രസിഡണ്ട് സാമുവൽ മാത്യു, ജോയിന്റ് സെക്രട്ടറി ഡോ. മഞ്ജു പിള്ള, ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ എന്നിവർ ചൂരക്കൂട്ടിക്കൽ കുടുംബത്തിന് ആശംസകൾ അറിയിച്ചു. കുടുംബത്തിന്റെ പുതിയ ഭവനമെന്ന സ്വപ്നം യാഥാർത്ഥ്യമാകുന്നതിൽ സന്തോഷം പങ്കുവെച്ച നേതാക്കൾ, അർഹരായ കൂടുതൽ കുടുംബങ്ങളിലേക്ക് സഹായമെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണയും ഭാവുകങ്ങളും നേർന്നു.

വോട്ട് ചോരി ആരോപണങ്ങളിലെ പ്രതിഷേധത്തിന് ഐഒസി പെൻസിൽവാനിയ ചാപ്റ്റർ പിന്തുണ

ഫിലാഡൽഫിയ: ബിജെപി സർക്കാരിനെതിരെ കോൺഗ്രസ് ഉയർത്തുന്ന 'വോട്ട് ചോരി' ആരോപണങ്ങളുമായി ബന്ധപ്പെട്ട പ്രതിഷേധങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (ഐഒസി) പെൻസിൽവാനിയ ചാപ്റ്റർ പ്രമേയം പാസാക്കി. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ സുതാര്യതയും വിശ്വാസ്യതയും ഉറപ്പാക്കണമെന്നും വോട്ടവകാശ സംരക്ഷണത്തിനായി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

ഐഒസി പെൻസിൽവാനിയ ചാപ്റ്റർ പ്രസിഡണ്ട് സുമോദ് നെല്ലിക്കാലയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചെയർമാൻ സാബു സ്കറിയ, സെക്രട്ടറി നൈനാൻ മത്തായി, ട്രഷറർ തോമസ്കുട്ടി വർഗീസ്, ഫിലിപ്പോസ് ചെറിയാൻ, ജെയിംസ് പീറ്റർ, ഷാജി സുകുമാരൻ, സുധ കർത്ത, മോടി ജേക്കബ്, ജോയ് തട്ടാർകുന്നേൽ എന്നിവർ സംസാരിച്ചു. ജനാധിപത്യത്തിന്റെ അടിസ്ഥാന ശിലയായ സ്വതന്ത്രവും നീതിയുക്തവും സുതാര്യവുമായ തെരഞ്ഞെടുപ്പുകൾ ഉറപ്പാക്കേണ്ടത് അനിവാര്യമാണെന്ന് യോഗം വിലയിരുത്തി. തെരഞ്ഞെടുപ്പ് ക്രമക്കേടുകളോ വോട്ടവകാശ ലംഘനങ്ങളോ നടന്നുവെന്ന ആരോപണങ്ങൾ ഗൗരവത്തോടെ കാണണമെന്നും അവ സംബന്ധിച്ച് സുതാര്യവും നിഷ്പക്ഷവുമായ അന്വേഷണം നടത്തണമെന്നും യോഗം ആവശ്യപ്പെട്ടു.

അന്വേഷണത്തിലെ കണ്ടെത്തലുകൾ പൊതുജനങ്ങളെ അറിയിക്കണമെന്നും ബന്ധപ്പെട്ട അധികാരികൾ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കണമെന്നും പ്രമേയം പിന്തുണ പ്രഖ്യാപിച്ചു. വോട്ടവകാശം സംരക്ഷിക്കുന്നതിനും തെരഞ്ഞെടുപ്പ് സംവിധാനത്തിലുള്ള ജനവിശ്വാസം നിലനിർത്തുന്നതിനും ആവശ്യമായ നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്നും പ്രമേയം ആവശ്യപ്പെട്ടു. ജനങ്ങൾക്ക് നീതി തേടാനുള്ള അവസാന ആശ്രയം നീതിപീഠമാണെന്ന് യോഗത്തിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. വിഷയത്തിൽ നീതിപീഠം ആവശ്യമായ ഇടപെടലുകൾ നടത്തുകയും ആരോപണങ്ങളുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണമെന്ന് അവർ അഭ്യർത്ഥിച്ചു.

സുമോദ് തോമസ്, നെല്ലിക്കാല

ജനാധിപത്യ മൂല്യങ്ങളും പൗരാവകാശങ്ങളും സംരക്ഷിക്കുന്നതിനായി ഐഒസി പെൻസിൽവാനിയ ചാപ്റ്റർ തുടർന്നും നിലകൊള്ളുമെന്ന് യോഗം പ്രഖ്യാപിച്ചു. പ്രതിഷേധങ്ങളിലും പൊതുപ്രവർത്തനങ്ങളിലും അഹിംസയും പരസ്പര ബഹുമാനവും നിയമാനുസരണവും പാലിക്കണമെന്നും യോഗം അഭ്യർത്ഥിച്ചു.



ബെൻസൻവിൽ തിരുഹൃദയ ഫൊറോന ദേവാലയത്തിൽ ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനോദ്ഘാടനം





ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ഫൊറോന ദേവാലയത്തിൽ ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനോദ്ഘാടനം ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ നടന്നു. ഒക്ടോബർ 18-ന് ഞായറാഴ്ച കുട്ടികളുടെ വിശുദ്ധ കുർബാനയ്ക്ക് മുന്നോടിയായാണ് പ്രവർത്തനോദ്ഘാടന ചടങ്ങുകൾ സംഘടിപ്പിച്ചത്. സ്നേഹം, സേവനം, സഹനം, ത്യാഗം എന്നീ മഹത്തായ മൂല്യങ്ങൾ ആലേഖനം ചെയ്ത ബാനറുകളും മിഷൻ ലീഗിന്റെ പതാകകളുമേന്തിയാണ് കുഞ്ഞുമിഷനറിമാർ ദേവാലയത്തിലേക്ക് പ്രദക്ഷിണമായി പ്രവേശിച്ചത്. തുടർന്ന് വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുസ്വരൂപത്തിനു മുന്നിൽ പുഷ്പങ്ങൾ സമർപ്പിച്ച് തങ്ങളുടെ പ്രേഷിത ദൗത്യത്തോടുള്ള പ്രതിബദ്ധത കുഞ്ഞുമിഷണറിമാർ പ്രകടിപ്പിച്ചു.

ലിൻസ് താന്നിച്ചുവട്ടിൽ

ചെറുപുഷ്പ മിഷൻലീഗിന്റെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഭൂഖണ്ഡങ്ങൾക്കപ്പുറമുള്ള മിഷൻ പ്രദേശങ്ങളിലേക്കു പോലും സഹായഹസ്തം നീട്ടാൻ ബെൻസൻവില്ലിലെ കുഞ്ഞുമിഷണറിമാർക്ക് കഴിഞ്ഞതായി ഇടവക വികാരി ഫാ. ഏബ്രഹാം കളരിക്കൽ അഭിപ്രായപ്പെട്ടു. ചിട്ടയായ പ്രവർത്തനങ്ങളിലൂടെയും നിസ്വാർത്ഥമായ സേവനങ്ങളിലൂടെയും മിഷൻ പ്രവർത്തനങ്ങൾക്കായി ഫണ്ട് സമാഹരിക്കുന്നതിനും കുഞ്ഞുമിഷണറിമാർ നടത്തുന്ന പരിശ്രമങ്ങളെ അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു.



കോട്ടയം അതിരൂപതയിലെ സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ മദർ ജനറൽ സിസ്റ്റർ സോമി കുട്ടികളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെറുപുഷ്പ മിഷൻ ലീഗിന്റെ ഈ വർഷത്തെ പ്രവർത്തനോദ്ഘാടനം നിർവഹിക്കുകയും ചെയ്തു. മിഷൻ ചൈതന്യം കുടുംബങ്ങളിൽ നിന്നുതന്നെ ആരംഭിക്കണമെന്നും പ്രേഷിതപ്രവർത്തനങ്ങളിലേക്ക് കുട്ടികളെ ചെറുപ്പം മുതലേ പ്രചോദിപ്പിക്കണമെന്നും സിസ്റ്റർ സോമി ഉദ്ബോധിപ്പിച്ചു. അതോടൊപ്പം ഓരോ രാജ്യത്തിന്റെയും സംസ്കാരവും ജീവിതരീതികളും അടുത്തറിയുന്ന വ്യക്തികൾ സന്യാസം, പൗരോഹിത്യ ദൈവവിളികൾ സ്വീകരിച്ച് പ്രേക്ഷിത രംഗത്തേക്ക് കടന്നുവരുന്നത് സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് വലിയ മുതൽക്കൂട്ടാകുമെന്നും സിസ്റ്റർ ഓർമ്മിപ്പിച്ചു.



കുഞ്ഞുമിഷണറിമാരിൽ പ്രേഷിത ചൈതന്യവും വിശ്വാസ തീക്ഷ്ണതയും വളർത്തുന്നതിനുള്ള ആഹ്വാനമായി പ്രവർത്തനോദ്ഘാടന ചടങ്ങുകൾ മാറി. ചെറുപുഷ്പ മിഷൻലീഗിന്റെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളായ ഇഷാന പുതുശ്ശേരിൽ, ഏയ്ഡൻ വഞ്ചിപ്പുരയ്ക്കൽ, ക്ലയോൺ നാരമംഗലത്ത്, സാമുവേൽ തേവർമറ്റത്തിൽ, നെവിൻ പണിക്കശ്ശേരിയിൽ എന്നിവരോടൊപ്പം കൊളീൻ കീഴങ്ങാട്ട്, ആൻസി സഖറിയ ചേലയ്ക്കൽ, ജൂബിൻ പണിക്കശ്ശേരിൽ എന്നിവർ ചടങ്ങുകളുടെ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.

KAC Calgary Announces New Executive Committee with Focus on Youth

Celine Charath



Calgary, Canada – The Knanaya Association of Calgary (KAC) has announced its new Executive Committee, led by President Bobby Jacob Ellickalkunnumpurathu, with a focus on youth engagement, community development, and stronger connections with Knanaya associations across Canada and US.

The committee comprises President Bobby Jacob Ellickalkunnumpurathu, Vice President Thomas Joseph Poovanthanath, Secretary Jinesh Mathew Vadakearackal, Treasurer Sabu Chummar Kunchirakkattu, Joint Secretary Gerrin George Kanjirappala, KCCNA NC Member Jaisy John Vanchipurackal, KAC Women's Forum President Anjana Stephen Poothampara, and KAC-KCYL President Meghana Ellickalkunnumpurathu.

"Our youth are the future of our community. We are committed to listening to their ideas, nurturing their talents, and creating opportunities for them to participate and lead," said President Bobby Jacob Ellickalkunnumpurathu.

He also emphasized closer interaction with Knanaya associations across Canada, particularly in Western Canada, and with the Knanaya Catholic Congress of North America (KCCNA), to promote joint initiatives and preserve Knanaya heritage.

The new committee warmly invites all families to participate in KAC activities and contribute to building a vibrant, inclusive community for future generations. With a renewed focus on youth and community engagement, KAC looks forward to a successful new term.

ഫിലാഡൽഫിയ സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ ഗോൾഡൻ ജൂബിലി കിക്കോഫ്

ഫിലാഡൽഫിയ: അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിലെ ആദ്യ കത്തീഡ്രൽ ദേവാലയങ്ങളിലൊന്നായ ഫിലാഡൽഫിയ സെന്റ് പീറ്റേഴ്സ് സിറിയക് ഓർത്തഡോക്സ് കത്തീഡ്രൽ 2027 ജൂൺ 26, 27 തീയതികളിലായി ദേവാലയത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നു. ആഘോഷങ്ങൾക്ക് പ്രാരംഭം കുറിച്ചുകൊണ്ട് 2026 ഒക്ടോബർ 4-ന് ഞായറാഴ്ച വിശുദ്ധ കുർബാനാനന്തരം ജൂബിലി കിക്കോഫും പതാക ഉയർത്തലും നടത്തുകയുണ്ടായി.

കത്തീഡ്രൽ വികാരി റവ.ഫാ. രാജൻ പീറ്റർ തന്റെ ആമുഖപ്രസംഗത്തിൽ എല്ലാ ഇടവകാംഗങ്ങളുടെയും പരിപൂർണ സഹകരണം ആവശ്യപ്പെടുകയും ജൂബിലിയുടെ വിജയത്തിനായി പ്രവർത്തിക്കുന്ന എല്ലാ ഇടവകാംഗങ്ങൾക്കും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു. ജൂബിലി കൺവീനർ കമാൻഡർ ജോബി ജോർജ് തുടർന്ന് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന പദ്ധതികളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായി സംസാരിച്ചു. മുഖ്യ സ്പോൺസറായ ഫ്ളോറിഡയിൽ നിന്നുള്ള ജോർജ് ഡൊമിനിക്കിനും കുടുംബത്തിനുമൊപ്പം ഇടവകയിൽ നിന്നും സ്പോൺസർമാരായി മുന്നോട്ടുവന്ന അംഗങ്ങൾക്കും മറ്റു ബിസിനസ് സ്ഥാപനങ്ങൾക്കും അഭ്യുദയകാംക്ഷികൾക്കും അകൈതവമായ നന്ദിയും ഇടവകയുടെ പേരിൽ രേഖപ്പെടുത്തി.

ഇടവക ഭാരവാഹികളുടെയും ഗോൾഡൻ ജൂബിലി സബ്കമ്മിറ്റി ഭാരവാഹികളുടെയും സാന്നിദ്ധ്യത്തിൽ ജൂബിലി കിക്കോഫ് കർമ്മം നിർവഹിക്കുകയും ഇടവകയിൽ നിന്നും സ്പോൺസർമാരായി മുന്നോട്ടുവന്ന അംഗങ്ങളിൽ നിന്ന് സ്പോൺസർ തുക സ്വീകരിക്കുകയും ഇവർക്കുള്ള ബുക്ക്ലെറ്റുകൾ നല്കുകയും ചെയ്തു.

ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ചു പ്രസിദ്ധീകരിക്കുന്ന സുവനീറിനെക്കുറിച്ചു സുവനീർ ചീഫ് എഡിറ്റർ ജീമോൻ ജോർജ് സംസാരിക്കുകയും ഇടവകാംഗങ്ങളിൽ നിന്നുമുള്ള സാഹിത്യരചനകൾ ക്ഷണിക്കുകയും ഒപ്പം കൂടുതൽ സ്പോൺസർമാർ മുന്നോട്ടു വരുന്നതിനും അഭ്യർത്ഥിച്ചു. വിശുദ്ധ കുർബാനയ്ക്കുശേഷം ഭക്തിനിർഭരമായി പാത്രിയർക്കൽ പതാക ഉയർത്തി കിക്കോഫ് പ്രോഗ്രാം സമാപിച്ചു.

ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ മഹനീയ സാന്നിദ്ധ്യം ജൂബിലി ആഘോഷങ്ങൾക്ക് വ്രജശോഭയാകുന്നതാണ്. ജൂബിലി ആഘോഷങ്ങൾ അനുഗ്രഹപ്രദമാക്കാൻ പരിശുദ്ധ ബാവയോടൊപ്പം അമേരിക്കൻ അതിഭദ്രാസനത്തിന്റെ ആർച്ച്ബിഷപ് അഭിവന്ദ്യ എൽദോ മാർ തീത്തോസ് മെത്രാപ്പോലീത്ത, സുറിയാനി സഭയിലെ മറ്റു മെത്രാപ്പോലീത്തമാർ, വൈദികശ്രേഷ്ഠർ, ശെമ്മാശ്ശന്മാർ, ഇതരസഭകളിൽ നിന്നുള്ള മെത്രാപ്പോലീത്തമാരും വന്ദ്യ വൈദികരും കൂടാതെ അനവധി വിശിഷ്ട വ്യക്തികളുടെ മഹനീയ സാന്നിദ്ധ്യവും ഉണ്ടായിരിക്കുന്നതാണ്.






ജൂബിലി ആഘോഷങ്ങൾ വിജയകരമാക്കുവാൻ കമാൻഡർ ജോബി ജോർജ് (ഗോൾഡൻ ജൂബിലി ജനറൽ കൺവീനർ), ജെയ്സൺ വർഗീസ് (ഗോൾഡൻ ജൂബിലി കോ-കൺവീനർ), ജോർജ് ഏബ്രഹാം, ജിസ് വർഗീസ്, കുര്യൻ രാജൻ, എൽദോ ജോർജ്, ജീമോൻ ജോർജ്, സാബു ജേക്കബ്, പി.കെ. കുര്യാക്കോസ്, മാത്യൂസ് മഞ്ച, ജെയ്ബി ജോസഫ്, അക്കോസ് ലാൽ, വർഗീസ് തമ്പാൻ എന്നിവർ നേതൃത്വം കൊടുക്കുന്ന വിപുലമായ സബ് കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നു. ഇവർക്ക് മാർഗനിർദേശവും സഹകരണവും നല്കുന്നതിനായി സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ വികാരി റവ.ഫാ. രാജൻ പീറ്റർ, സഹവികാരി റവ.ഫാ. അരുൺ ഗീവർഗീസ്, ഏലിയാസ് പോൾ (വൈസ് പ്രസിഡണ്ട്), ജെഫ് ജോർജ് (ജനറൽ സെക്രട്ടറി), സിജു ജോൺ (ജോ. സെക്രട്ടറി), റ്റാനിയ തമ്പി (ട്രഷറർ), എബി ഏബ്രഹാം (ജോ. ട്രഷറർ), ഇടവക ഭരണസമിതി അംഗങ്ങൾ, ഭക്തസംഘടനകളായ സെന്റ് മേരീസ് ആൻഡ് സെന്റ് പോൾസ് ലീഗ് പ്രവർത്തകർ, യുവജന സംഘടനകളായ സ്പൈസി, സ്പാർക് പ്രവർത്തകരും ഒരുമിച്ചു പ്രവർത്തിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: റവ.ഫാ. രാജൻ പീറ്റർ (വികാരി) 718 612 9549, റവ.ഫാ. അരുൺ ഗീവർഗീസ് (സഹവികാരി) 484 904 5222, ഏലിയാസ് പോൾ (വൈസ് പ്രസിഡണ്ട്) 267 262 0179, ജെഫ് ജോർജ് (ജനറൽ സെക്രട്ടറി) 267 226 8941, ടാനിയ തമ്പി (ട്രഷറർ) 215 833 3334, കമാൻഡർ ജോബി ജോർജ് (ഗോൾഡൻ ജൂബിലി ജനറൽ കൺവീനർ) 215 470 2400, ജെയ്സൺ വർഗീസ് (ഗോൾഡൻ ജൂബിലി കോ-കൺവീനർ) 267 367 8380, ജീമോൻ ജോർജ് (സുവനീർ ചീഫ് എഡിറ്റർ) 267 970 4267.

ചരിത്രവിജയം നേടി കാലിഫോർണിയ ബ്ലാസ്റ്റേഴ്സ്

ബിന്ദു ടിജി

സാൻഹൊസെ, കാലിഫോർണിയ: ജിമ്മി ജോർജ് മെമ്മോറിയൽ ട്രോഫിയും ലൂക്കാച്ചൻ മെമ്മോറിയൽ ട്രോഫിയും ഈ വർഷം കാലിഫോർണിയ ബ്ലാസ്റ്റേഴ്സ് സ്വന്തമാക്കി ദേശീയ ചാമ്പ്യന്മാരായി. പത്ത് വർഷങ്ങൾ പൂർത്തിയാക്കുന്ന കാലിഫോർണിയ ബ്ലാസ്റ്റേഴ്സിന് ഇത് അഭിമാന നിമിഷം. വ്യക്തിഗത ബഹുമതികളായ എംവിപി, ബെസ്റ്റ് സെറ്റർ,



ബെസ്റ്റ് ഒഫൻസീവ് പ്ലയർ, ബെസ്റ്റ് ഡിഫൻസീവ് പ്ലെയർ എന്നിവയും ബ്ലാസ്റ്റേഴ്സ് അംഗങ്ങൾക്ക് ലഭിച്ചു.

ക്ലബിന്റെ പത്ത് വർഷത്തെ പ്രയാണത്തെക്കുറിച്ച് പ്രസിഡണ്ട് ആന്റണി ഇല്ലിക്കാട്ടിൽ തന്റെ വികാരനിർഭരമായ പ്രസംഗത്തിൽ വിവരിച്ചു. വോളിബോളിലൂടെ യുവതലമുറയെ വളർത്തിയെടുക്കുക എന്ന ലളിതമായ ലക്ഷ്യത്തോടെയാണ് ഈ സംഘടന ആരംഭിച്ചതെന്ന് ഇല്ലിക്കാട്ടിൽ പറഞ്ഞു. ഒരു സാധാരണ സ്വപ്നത്തിൽ നിന്നും തുടങ്ങി, യുവപ്രതിഭകളെ വളർത്തിയെടുക്കുന്ന മുൻനിര ക്ലബായും കമ്യൂണിറ്റിയുടെ അഭിമാനമായും മാറിയ ക്ലബിന്റെ വളർച്ചയെ അദ്ദേഹം പ്രസംഗത്തിൽ അനുസ്മരിച്ചു. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ കൊച്ചുകുട്ടികൾ മുതൽ കോളജ് കളിക്കാർക്കും മുതിർന്നവർക്കും വരെ തങ്ങളുടെ കഴിവുകൾ വികസിപ്പിക്കുവാൻ ക്ലബ് മികച്ച അവസരങ്ങൾ നല്കി. ക്ലബിന്റെ പത്ത് വർഷത്തെ അഭൂതപൂർവമായ വളർച്ചയെയും ഈ വർഷത്തെ മികച്ച കായിക നേട്ടങ്ങളെയും അഭിനന്ദിച്ചു.

ഈ ചരിത്രപരമായ വിജയങ്ങൾ സാദ്ധ്യമാക്കാൻ ഒപ്പം നിന്ന കളിക്കാർക്കും പരിശീലകർക്കും രക്ഷിതാക്കൾക്കും ഇല്ലിക്കാട്ടിൽ ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ അറിയിച്ചു. ഇവ കാലിഫോർണിയ ബ്ലാസ്റ്റേഴ്സിന്റെ മാത്രം നേട്ടങ്ങളല്ല, മറിച്ച് നമ്മുടെ മുഴുവൻ സമൂഹത്തിന്റെയും നേട്ടങ്ങളാണ്. സ്പോൺസർമാർക്കും വോളന്റിയർമാർക്കും കമ്യൂണിറ്റിക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞു.

ഈ ചരിത്രപരമായ സീസണിനു ശേഷം പുതിയ നേതൃത്വം ചുമതലയേറ്റു. പ്രസിഡണ്ട്-കായേൽ തെക്കേക്ക്, വൈസ് പ്രസിഡണ്ട്-സൈമൺ ഇല്ലിക്കാട്ടിൽ, ചെയർമാൻ-പ്രേമ തെക്കേക്ക്, സെക്രട്ടറി-രാജു വർഗീസ്, ട്രഷറർ-ബിജു മാത്യു എന്നിവരുടെ നേതൃത്വത്തിൽ ഇനിയും ക്ലബിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കുതിക്കും. പുതിയ ബോർഡ് അംഗങ്ങളെയും മുൻ പ്രസിഡണ്ട് ആന്റണി ഇല്ലിക്കാട്ടിൽ അഭിനന്ദിച്ചു. ക്ലബിന്റെ ഒരുമയും യുവപ്രതിഭകളെ വളർത്തുക എന്ന പ്രധാന ലക്ഷ്യവും കാത്തുസൂക്ഷിച്ചുകൊണ്ട് പുതിയ ആശയങ്ങളോടെയും ഊർജ്ജത്തോടെയും ക്ലബിനെ കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കാൻ പുതിയ ടീമിനു സാധിക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

കാലിഫോർണിയ ബ്ലാസ്റ്റേഴ്സ് എന്നത് വെറുമൊരു വോളിബോൾ ക്ലബ് മാത്രമല്ല. അത് ഒരു കുടുംബമാണ്, ഒരു കമ്യൂണിറ്റിയാണ്, നമ്മൾ ഒന്നിച്ചു പടുത്തുയർത്തിയ ഒരു പാരമ്പര്യമാണ്. ഞാൻ പ്രസിഡണ്ട് സ്ഥാനത്തു നിന്ന് മാറുകയായിരിക്കാം. എന്നാൽ, കാലിഫോർണിയ ബ്ലാസ്റ്റേഴ്സിൽ നിന്ന് ഞാൻ ഒരിക്കലും അകന്നുപോകില്ല. കളിക്കാർക്കും പുതിയ നേതൃത്വത്തിനും തന്റെ പൂർണ്ണ പിന്തുണ ഉറപ്പു നല്കിക്കൊണ്ട് ഇല്ലിക്കാട്ടിൽ വ്യക്തമാക്കി. ആന്റണി ഇല്ലിക്കാട്ടിൽ, ടോം വടുതല, ടോമി പഴയംപള്ളി, ജോസ്കുട്ടി മഠത്തിൽ, ബിജു പുളിക്കൽ എന്നിവരായിരുന്നു ഇതുവരെ ബ്ലാസ്റ്റേഴ്സ് ക്ലബിന് ചുക്കാൻ പിടിച്ചവർ.

വിജയികളെയും സ്പോൺസർമാരെയും ആദരിക്കുന്ന ചടങ്ങിൽ വിവിധ മലയാളി സംഘടനകളിലെ നേതാക്കന്മാർ സന്നിഹിതരായിരുന്നു. സുനിൽ വർഗീസ്, പത്മപ്രിയ പാലോട്ട്, മേരിദാസൻ ജോസഫ്, ജോൺ പോൾ വർക്കി, നൗഫൽ കാച്ചപ്പിള്ളി, ഗോപകുമാർ, സുജിത് എന്നീ ഒട്ടനവധി നേതാക്കന്മാർ ചടങ്ങിൽ പങ്കെടുത്തു.

ഏവരും ക്ലബിന് എല്ലാവിധ സഹകരണങ്ങളും വാഗ്ദാനം ചെയ്ത് ആശംസകൾ അർപ്പിച്ചു.


ഷാജി എഡ്വേർഡ് ഫോമാ പ്രസിഡണ്ട് സ്ഥാനത്തേക്ക്; അന്താരാഷ്ട്ര കൺവൻഷൻ ന്യൂയോർക്ക് സിറ്റിയിൽ നടത്താൻ ലക്ഷ്യം

ന്യൂയോർക്ക്: ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (ഫോമാ) പ്രസിഡണ്ട് സ്ഥാനത്തേക്ക് സംഘടനയുടെ മുൻ ട്രഷററും ജനറൽ സെക്രട്ടറിയുമായ ഷാജി എഡ്വേർഡ് മത്സരിക്കുന്നു. ഫോമായുടെ രൂപീകരണ കാലം മുതൽ സംഘടനയോടൊപ്പം പ്രവർത്തിച്ചു വരുന്ന ദീർഘകാല അനുഭവസമ്പത്തും നേതൃപരിചയവുമായാണ് അദ്ദേഹം പ്രസിഡണ്ട് സ്ഥാനത്തേക്ക് രംഗത്തെത്തുന്നത്.

2008 ജൂലൈ ഒന്നിന് ഹൂസ്റ്റണിൽ ഫോമാ രൂപീകരിക്കപ്പെട്ടതു മുതൽ സംഘടനയുടെ വളർച്ചയിലും പ്രവർത്തനങ്ങളിലും സജീവമായി പങ്കാളിയായ ഷാജി എഡ്വേർഡ് വിവിധ ഭരണസമിതികളിൽ നിർണായക ചുമതലകൾ വഹിച്ചിട്ടുണ്ട്. 2010–2012 കാലയളവിൽ ഫോമാ ട്രഷററായും 2014–2016 കാലയളവിൽ ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ച അദ്ദേഹം സംഘടനയുടെ ഭരണപരവും സാമ്പത്തികവുമായ മേഖലകളിൽ സമഗ്രമായ അനുഭവം നേടിയിട്ടുണ്ട്.

ഫോമായുടെ അടുത്ത അന്താരാഷ്ട്ര കൺവൻഷൻ ന്യൂയോർക്ക് സിറ്റിയിൽ സംഘടിപ്പിക്കണമെന്നാണ് ഷാജി എഡ്വേർഡിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്.

ലോകപ്രശസ്തമായ ന്യൂയോർക്ക് നഗരത്തിൽ കൺവൻഷൻ സംഘടിപ്പിക്കുന്നതിലൂടെ അമേരിക്കയുടെ വിവിധ ഭാഗങ്ങളിലുള്ള മലയാളികളെ ഒരുമിപ്പിക്കാനും സംഘടനയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ലോകശ്രദ്ധയും പങ്കാളിത്തവും ഉറപ്പാക്കാനും



കഴിയുമെന്നാണ് അദ്ദേഹത്തിന്റെ പ്രതീക്ഷ.

ന്യൂയോർക്ക് സിറ്റിയുടെ അന്താരാഷ്ട്ര പ്രാധാന്യവും സാംസ്കാരിക വൈവിധ്യവും പ്രയോജനപ്പെടുത്തി മലയാളി സമൂഹത്തിന്റെ ഐക്യവും പൈതൃകവും ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്ന കൺവൻഷനാണ് തന്റെ സ്വപ്നമെന്നും അദ്ദേഹം വ്യക്തമാക്കി.

ഫോമായുടെ പതിനേഴ് റീജിയനുകളെയും അംഗസംഘടനകളെയും കൂടുതൽ അടുത്തു കൊണ്ടുവരികയും സംഘടനയുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും കൂട്ടായ്മയും ഉറപ്പാക്കുകയും ചെയ്യുകയാണ് അദ്ദേഹത്തിന്റെ മറ്റൊരു പ്രധാന ലക്ഷ്യം. വിവിധ റീജിയനുകളിലെ പ്രവർത്തകരുടെയും അംഗസംഘടനകളുടെയും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും പ്രാധാന്യം നല്കിക്കൊണ്ട് കൂട്ടായ നേതൃത്വത്തിലൂടെ സംഘടനയെ കൂടുതൽ ശക്തിപ്പെടുത്താനാണ് അദ്ദേഹം ലക്ഷ്യമിടുന്നത്.

ഫോമായുടെ ചരിത്രത്തെയും മുൻകാല നേതൃത്വങ്ങളുടെ സംഭാവനകളെയും ആദരിച്ചുകൊണ്ട് അനുഭവസമ്പത്തും പുതിയ ആശയങ്ങളും സമന്വയിപ്പിച്ച് സംഘടനയെ അടുത്ത ഘട്ടത്തിലേക്ക് നയിക്കാനാണ് താൻ ലക്ഷ്യമിടുന്നതെന്നും ഷാജി എഡ്വേർഡ് പറഞ്ഞു.

'ഫോമാ എന്റെ സംഘടന മാത്രമല്ല; എന്റെ കുടുംബമാണ്. എല്ലാവരെയും നെഞ്ചിലേറ്റി ചേർത്തുനിർത്തി പരസ്പര ബഹുമാനത്തോടെയും സുതാര്യതയോടെയും കൂടുതൽ ശക്തമായ ഒരു ഫോമയ്ക്കായി പ്രവർത്തിക്കാനാണ് എന്റെ ആഗ്രഹം' ഷാജി എഡ്വേർഡ് പറഞ്ഞു.

സംഘടനയിലെ ഐക്യം, അംഗസംഘടനകളുടെ സജീവ പങ്കാളിത്തം, സുതാര്യമായ പ്രവർത്തനം, മലയാളി സമൂഹത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ സംരക്ഷണം എന്നിവയ്ക്ക് മുൻഗണന നൽകുന്ന നേതൃത്വമാണ് തന്റെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

ഫോമായുടെ വളച്ചയ്ക്കും മലയാളി സമൂഹത്തിന്റെ ഐക്യത്തിനും പുതിയ ദിശാബോധം നൽകുക എന്ന ലക്ഷ്യത്തോടെ പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിക്കുന്ന എഡ്വേർഡ് സ്ഥാനാർത്ഥിത്വം സംഘടനാ തെരഞ്ഞെടുപ്പിൽ ശ്രദ്ധേയമാകുന്നു.

വിനിമയ നിരക്ക്

യു.എസ്. ഡോളർ	95.14
യൂറോ	106.23
സ്റ്റെർലിംഗ്പൗണ്ട്	127.22
സ്വിസ് ഫ്രാങ്ക്	114.88
സിംഗപ്പൂർ ഡോളർ	74.06
കനേഡിയൻ ഡോളർ	67.60
ഒമാൻ റിയാൽ	247.85
ബഹ്റൈൻ ദിനാർ	252.87
സൗദി റിയാൽ	25.40
യു.എ.ഇ. ദിർഹം	25.89
കുവൈത്ത് ദിനാർ	306.19

തോമസ് കെ. ഏബ്രഹാം (കുടകശേരിൽ ലോഗോസ് കുഞ്ഞച്ചൻ) അന്തരിച്ചു

കോട്ടയം: തോമസ് കെ. ഏബ്രഹാം (കുഞ്ഞച്ചൻ) കുടകശ്ശേരിൽ ലോഗോസ് അന്തരിച്ചു. സംരംഭകത്വ മികവു കൊണ്ടും ഉദാരമനസ്കതകൊണ്ടും സമൂഹത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹത്തിന്റെ നിര്യാണം കുടുംബത്തിനും സുഹൃത്തുക്കൾക്കും സമൂഹത്തിനും തീരാനഷ്ടമാണ്.


കുറ്റൂർ ഗവ. ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്ന പരേതനായ കെ.എം. ഏബ്രഹാമിന്റെയും അതേ സ്കൂളിലെ ഹെഡ്മിസ്ട്രസും ആലുംമൂട്ടിൽ (കല്ലിശേരി) കുടുംബാംഗവുമായിരുന്ന പരേതയായ എ.കെ. ശോശാമ്മയുടെയും മകനാണ്.

ആലുങ്കൽ കുടുംബാംഗമായ റോസമ്മ തോമസാണ് ഭാര്യ. മക്കൾ: അനിൽ തോമസ് (ഭാര്യ ടീന അനിൽ മല്ലുശേരിൽ), അൻസു മനോജ് (ഭർത്താവ് മനോജ് ഏബ്രഹാം വെള്ളിയാവീട്ടിൽപടിക്കൽ), അനു ജയൻ (ഭർത്താവ് ജയൻ ചാക്കോ, ചിറയിൽ). കൊച്ചുമക്കൾ: കെസിയ, റേമ, റോസിയ, റെബ്സ, സാറ, തോമസ്, ഡാനിയേൽ, ജോഷ.

എൻജിനീയറായി ഔദ്യോഗിക ജീവിതം ആരംഭിച്ച തോമസ് കെ. ഏബ്രഹാം രാജസ്ഥാനിൽ ജോലി ചെയ്ത ശേഷം 1971-ൽ ഖത്തറിലെ ദോഹയിലേക്ക് താമസം മാറി. വർഷങ്ങളോളം വിദേശത്ത് ജോലി ചെയ്ത അദ്ദേഹം 1980-കളുടെ അവസാനത്തോടെ നാട്ടിൽ തിരിച്ചെത്തി. തുടർന്ന് കുറ്റൂരിൽ നിന്ന് കോട്ടയത്തേക്ക് താമസം മാറ്റി സംരംഭക രംഗത്ത് പുതിയ അദ്ധ്യായം ആരംഭിച്ചു.

ഇക്കാലത്ത് കോട്ടയത്തെ ആദ്യകാല ആഡംബര ഹോട്ടലുകളിൽ ഒന്നായ ഹോട്ടൽ ലോഗോസ് അദ്ദേഹം സ്ഥാപിച്ചു. വർഷങ്ങളോളം ഹോട്ടൽ വിജയകരമായി നടത്തിയ ശേഷം കെട്ടിടം വാണിജ്യ സമുച്ചയമാക്കി മാറ്റി.

പിന്നീട് ഈ കെട്ടിടസമുച്ചയം കോട്ടയത്തെ ശ്രദ്ധേയമായ ഒരു പ്രാദേശിക അടയാളമായി മാറി. കെട്ടിടത്തിന്റെ പേരിൽ സമീപത്തെ കവല ലോഗോസ് ജംഗ്ഷൻ എന്നറിയപ്പെടാൻ തുടങ്ങി. ഇന്നും ആ പേര് നിലനിൽക്കുന്നു.



ഔദ്യോഗിക ജീവിതത്തിലെ നേട്ടങ്ങൾക്കപ്പുറം മറ്റുള്ളവരെ സഹായിക്കാനുള്ള സന്നദ്ധതയും ഉദാരമനസ്കതയും കൊണ്ടാണ് അദ്ദേഹം ഏറെ ശ്രദ്ധിക്കപ്പെട്ടത്.

ദോഹയിലെ പ്രവാസജീവിതത്തിനിടയിൽ നിരവധി സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും ഖത്തറിലേക്ക് എത്താനും അവിടെ പുതിയ ജീവിതവും തൊഴിൽ മേഖലയും കെട്ടിപ്പടുക്കാനും അദ്ദേഹം സഹായിച്ചു. അനേകം കുടുംബങ്ങൾക്ക് പുതിയ അവസരങ്ങൾ തുറന്നു കൊടുക്കുന്നതിൽ അദ്ദേഹത്തിന്റെ പിന്തുണ നിർണായകമായി.

കഠിനാദ്ധ്വാനം, സംരംഭകത്വ ദർശനം, സഹായമനോഭാവം എന്നിവയിലൂടെ തോമസ് കെ. ഏബ്രഹാം സമൂഹത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചു.

അദ്ദേഹം സ്ഥാപിച്ച ലോഗോസ് ജംഗ്ഷനിലൂടെയും സ്നേഹത്തോടെ വളർത്തിയ കുടുംബത്തിലൂടെയും സഹായം ലഭിച്ച അനേകരുടെ ജീവിതത്തിലൂടെയും അദ്ദേഹത്തിന്റെ ഓർമ്മകൾ എന്നും നിലനിൽക്കും.

വാർത്ത: ബൈജു ആലപ്പാട്ട്



മാധ്യമപ്രവർത്തകൻ മാത്യു ശാമുവേലിന് ചിക്കാഗോയിൽ സ്വീകരണം നല്കി

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: ഇന്ത്യയുടെ സാമൂഹിക രംഗത്തെ പുരോഗതിയിൽ ക്രൈസ്തവ സഭയുടെ സേവനങ്ങൾ പ്രധാനപ്പെട്ടതാണെന്ന് പ്രമുഖ മാധ്യമപ്രവർത്തകനും തെഹൽക മുൻ ചീഫ് എഡിറ്ററുമായ മാത്യു സാമുവേൽ പ്രസ്താവിച്ചു. ചിക്കാഗോയിൽ സംഘടിപ്പിച്ച വിവിധ സ്വീകരണ സമ്മേളനങ്ങളിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഷാൾ അണിയിച്ച് അദ്ദേഹത്തെ സ്വീകരിച്ചു.

വടക്കേ ഇന്ത്യയിൽ ക്രൈസ്തവ സഭകൾ ചെയ്യുന്ന സാമൂഹിക പ്രവർത്തനത്തെ അദ്ദേഹം വിശദീകരിച്ചു. പഞ്ചാബ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ക്രൈസ്തവ സഭ അതിവേഗം വളരുന്നതിന്റെ കണക്കുകൾ അദ്ദേഹം അവതരിപ്പിച്ചു. സദസ്സിൽ നിന്ന് ഉയർന്ന എല്ലാ ചോദ്യങ്ങൾക്കും അദ്ദേഹം മറുപടി നല്കി. ജോൺസൺ ഉമ്മൻ നന്ദി രേഖപ്പെടുത്തി. പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ സമാപനപ്രാർത്ഥന നല്കി.

സിജിഎംഎയുടെ മറ്റ് ഭാരവാഹികളായ ഡോ. ടൈറ്റസ് ഈപ്പൻ, ഡോ. ബിജു ചെറിയാൻ എന്നിവർ വിവിധ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി. പിന്നീട് ചിക്കാഗോ മലയാളി അസോസിയേഷൻ സംഘടിപ്പിച്ച സമ്മേളനത്തിലും അദ്ദേഹം പ്രസംഗിച്ചു.


കേരള എക്സ്പ്രസ് ഓഫീസ് സന്ദർശിച്ച അദ്ദേഹത്തെ ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ സ്വീകരിച്ചു. ഡോ. ടൈറ്റസ് ഈപ്പൻ, ഡോ. അലക്സ് കോശി, വിക്ടർ ജോർജ്, കുര്യൻ ഫിലിപ്പ്, സിസിൽ ജോസഫ് എന്നിവരും സന്നിഹിതരായിരുന്നു.



മാത്യു സാമുവേൽ



മാധ്യമപ്രവർത്തകൻ മാത്യു സാമുവേലിനെ ചിക്കാഗോ ഗോസ്പൽ മീഡിയ അസോസിയേഷൻ രക്ഷാധികാരി കെ.എം. ഈപ്പൻ ബൊക്കെ നല്കി സ്വീകരിക്കുന്നു. ഭാരവാഹികളായ ഡോ. ബിജു ചെറിയാൻ, ഡോ. ടൈറ്റസ് ഈപ്പൻ, ഡോ. അലക്സ് കോശി, കുര്യൻ ഫിലിപ്പ്, ജോൺസൺ ഉമ്മൻ എന്നിവർ സമീപം.



കേരള എക്സ്പ്രസ് ഓഫീസ് സന്ദർശിച്ച മാധ്യമപ്രവർത്തകൻ മാത്യു സാമുവേലിനോടൊപ്പം വിക്ടർ ജോർജ്, കുര്യൻ ഫിലിപ്പ്, കേരള എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ, സിസിൽ ജോസഫ്, ഡോ. അലക്സ് കോശി, ഡോ. ടൈറ്റസ് ഈപ്പൻ എന്നിവർ.



ചിക്കാഗോ ഗോസ്പൽ മീഡിയ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സയോൻ ക്രിസ്ത്യൻ ചർച്ചിൽ വെച്ച് നടന്ന സമ്മേളനത്തിൽ പ്രസിഡണ്ട് ഡോ. അലക്സ് ടി. കോശി സ്വാഗതം പറഞ്ഞു.

പാസ്റ്റർ ജോസഫ് കെ. ജോസഫിന്റെ ആമുഖ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ ജനറൽ സെക്രട്ടറി കുര്യൻ ഫിലിപ്പ് മാത്യു സാമുവേലിനെ സദസ്സിന് പരിചയപ്പെടുത്തി യോഗനടപടികൾക്ക് നേതൃത്വം നല്കി.

രക്ഷാധികാരി കെ.എം. ഈപ്പൻ

സൈജൻ കണിയോടിക്കൽ ഫോമാ പബ്ലിക് റിലേഷൻസ് ഓഫീസറായി തെരഞ്ഞെടുക്കപ്പെട്ടു

അലൻ ചെന്നിത്തല

ഡിട്രോയിറ്റ്: ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ്(ഫോമാ)യുടെ 2026-2028 കാലയളവിലേക്കുള്ള പബ്ലിക് റിലേഷൻസ് ഓഫീസറായി (പിആർഒ) ഡിട്രോയിറ്റിൽ നിന്നുള്ള സൈജൻ കണിയോടിക്കലിനെ തെരഞ്ഞെടുത്തു. ഫോമായുടെ പുതിയ നേതൃത്വത്തിന്റെ പ്രവർത്തനങ്ങൾക്ക് ശക്തമായ ആശയവിനിമയവും പൊതുജനബന്ധവും ഉറപ്പാക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്ന ചുമതലയാണ് പിആർഒയുടേത്.

കലാ-സാംസ്കാരിക, സാഹിത്യ, സാമൂഹിക രംഗങ്ങളിൽ ദീർഘകാലമായി സജീവമായ സൈജൻ കണിയോടിക്കലിന് സംഘടനാപ്രവർത്തനത്തിലും മാധ്യമപ്രവർത്തനത്തിലും വിപുലമായ അനുഭവമുണ്ട്. ഡിട്രോയിറ്റ് മലയാളി അസോസിയേഷൻ (ഡിഎംഎ) പ്രസിഡണ്ടായും ഇപ്പോൾ ബോർഡ് ഓഫ് ട്രസ്റ്റീസ് സെക്രട്ടറിയായും പ്രവർത്തിക്കുന്ന അദ്ദേഹം ഡിഎംഎയുടെ പ്രസിദ്ധീകരണമായ 'ധ്വനി' ചീഫ് എഡിറ്ററാണ്. ഫോമാ ദേശീയ നേതൃത്വത്തിലും സൈജൻ വിവിധ ഉത്തരവാദിത്വങ്ങൾ വഹിച്ചിട്ടുണ്ട്. നാഷണൽ അഡൈസറി കൗൺസിൽ സെക്രട്ടറിയായി പ്രവർത്തിച്ച അദ്ദേഹം ഫോമായുടെ സാഹിത്യ പ്രസിദ്ധീകരണമായ 'അക്ഷരകേരളം' ആരംഭിക്കുകയും അതിന്റെ മാനേജിങ് എഡിറ്ററായും പ്രവർത്തിച്ചു.

നാടകരംഗത്തും ശ്രദ്ധേയമായ സംഭാവനകൾ നല്കിയിട്ടുള്ള സൈജൻ നിരവധി നാടകങ്ങൾ രചിക്കുകയും സംവിധാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഫോമായുടെ അന്താരാഷ്ട്ര നാടകമത്സരങ്ങളിൽ അദ്ദേഹത്തിന്റെ നാടകങ്ങൾക്ക് പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. സാമൂഹിക പ്രതിബദ്ധതയോടെയുള്ള നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളിലും അദ്ദേഹം സജീവമാണ്.



സൈജൻ കണിയോടിക്കലിന്റെ സംഘടനാ പ്രവർത്തന പരിചയവും നേതൃപാടവവും കണക്കിലെടുത്താണ് പുതിയ ചുമതലയിലേക്ക് പരിഗണിച്ചതെന്ന് ഫോമാ പ്രസിഡണ്ട് ബിജു തോണിക്കടവിൽ, ജനറൽ സെക്രട്ടറി പോൾ പി. ജോസ്, ട്രഷറർ പ്രദീപ് നായർ, വൈസ് പ്രസിഡണ്ട് സാമുവൽ മത്തായി, ജോയിന്റ് സെക്രട്ടറി ഡോ. മഞ്ജു പിള്ള, ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ തുടങ്ങിയവർ വ്യക്തമാക്കി. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണയും ആശംസകളും പുതിയ ഫോമാ നേതൃത്വത്തിലെ ഭാരവാഹികളും വിവിധ സംഘടനാ നേതാക്കളും അറിയിച്ചിട്ടുണ്ട്. ഫോമായുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അംഗ സംഘടനകളെയും അമേരിക്കൻ മലയാളി സമൂഹത്തെയും കൂടുതൽ ഫലപ്രദമായി ബന്ധിപ്പിക്കുന്നതിനും പുതിയ നേതൃത്വത്തോടൊപ്പം പ്രവർത്തിക്കുമെന്ന് സൈജൻ കണിയോടിക്കൽ പറഞ്ഞു. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച സൈജന്റെ നിയമനം ഡിട്രോയിറ്റിലെ മലയാളി സമൂഹത്തിനും പ്രത്യേകിച്ച് ഗ്രേറ്റ്‌ലക്സ് റീജിയനും അഭിമാനകരമായ നേട്ടമാണ്.

ഷാമോണ്ട വൈറസ്ബാധ ആദ്യമായി മനുഷ്യരിൽ സ്ഥിരീകരിച്ചു

പാരീസ്: ലോകത്ത് ആദ്യമായി മനുഷ്യരിൽ ഷാമോണ്ട വൈറസ്ബാധ സ്ഥിരീകരിച്ചു. ഈ വൈറസ് ബാധിച്ച് ഫ്രാൻസിൽ ഒരാൾ മരിച്ചതായി റിപ്പോർട്ട്.

സാധാരണ കന്നുകാലികളിൽ കാണപ്പെടുന്ന ഈ വൈറസ് മനുഷ്യരെ ബാധിക്കാറുണ്ടായിരുന്നില്ല. ഷാമോണ്ട വൈറസ് ബാധിക്കുന്നതോടെ ശരീരത്തിന്റെ രോഗപ്രതിരോധശേഷി അസാധാരണമായി കുറയുമെന്നതാണ് അപകടകരമെന്ന് ആരോഗ്യവിദഗ്ധർ ചൂണ്ടിക്കാട്ടി. ഷാമോണ്ട ബാധിച്ച് ഫ്രാൻസിലെ ലിയോണിൽ ഒരാൾ മരിച്ചെന്നു വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു.

'ഓർത്തോബൂണ്യാവൈറസ്' വിഭാഗത്തിൽപ്പെട്ട ഈ വൈറസ്, സാധാരണയായി ചെറിയ പ്രാണികൾ വഴിയാണ് പകരുന്നത്. കന്നുകാലികൾക്കു പുറമേ ആടുകളിലും കുതിരകളിലും ഈ വൈറസ് കാണപ്പെടുന്നുണ്ട്.

കന്നുകാലികളിൽ കടുത്ത വയറിളക്കം, പനി, തളർച്ച, പാൽ ഉൽപ്പാദനത്തിൽ കുറവ് എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ.

1960-കളുടെ മധ്യത്തിൽ നൈജീരിയയിലാണ് വൈറസ് ആദ്യമായി കണ്ടെത്തിയത്. അതിനുശേഷം ആഫ്രിക്കയിലെ വിവിധ ഭാഗങ്ങളിലും ജപ്പാനിലെ കന്നുകാലികളിലും ഇതിന്റെ സാന്നിധ്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ജൂലൈ അവസാനത്തോടെയാണ് ഫ്രാൻസിലെ കന്നുകാലി ഫാമുകൾ ഉൾപ്പെടെയുള്ള ഇടങ്ങളിൽ ഈ വൈറസ് ആദ്യമായി കണ്ടെത്തിയത്.

മൃഗങ്ങളുടെ ആരോഗ്യം നിരീക്ഷിക്കുന്ന ഫ്രാൻസിലെ ദേശീയ ഗവേഷണ സ്ഥാപനത്തിന്റെ റിപ്പോർട്ട് പ്രകാരം പടിഞ്ഞാറൻ യൂറോപ്പിലെ 14 രാജ്യങ്ങളിൽ ഈ വൈറസ് കണ്ടെത്തിയിട്ടുണ്ട്.

ഫ്രാൻസിനു പുറമെ ഓസ്ട്രിയ, ബെൽജിയം, അയർലൻഡ്, ഇറ്റലി, ഹോളണ്ട്, പോർച്ചുഗൽ, സ്ലൊവേനിയ, സ്പെയിൻ, യുകെ എന്നിവിടങ്ങളിലും ഷാമോണ്ട വൈറസിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്.

ആഫ്രിക്കയിലും ഏഷ്യയിലും കന്നുകാലികളിൽ ഈ വൈറസ്ബാധ വ്യാപകമായി കാണപ്പെടുന്നുണ്ടെങ്കിലും മനുഷ്യരിൽ സ്ഥിരീകരിക്കുന്നത് ആദ്യമായാണെന്ന് യൂറോപ്യൻ സെന്റർ ഫോർ ഡിസീസ് പ്രിവൻഷൻ ആൻഡ് കൺട്രോൾ (ഇസിഡിസി) അറിയിച്ചു. സാഹചര്യം നിരീക്ഷിച്ചുവരികയാണെന്നും വൈറസ് എങ്ങനെയാണ് മനുഷ്യരിലേക്ക് പടർന്നതെന്ന് അന്വേഷിച്ചുവരികയാണെന്നും ഇസിഡിസി അറിയിച്ചു.

പൊതുജനങ്ങൾ ആശങ്കപ്പെടേണ്ട സാഹചര്യം ഇപ്പോഴില്ല. എന്നാൽ, കന്നുകാലികളുമായി അടുത്തിടപഴകുന്നവരും ക്ഷീരകർഷകരും ജാഗ്രത പാലിക്കണമെന്നാണു നിർദേശം.

SEEKING BRIDEGROOM

*We are seeking a suitable alliance for our daughter, a 26-year-old God fearing and compassionate young woman who is currently residing in the USA. She holds a Master's degree in Social Work (MSW) and is currently employed as a social worker at a state agency. She is well-mannered, family-oriented and values both her faith and profession deeply. We are looking for a groom that was born and raised in the United States and upholds similar values as our daughter. If you know anyone that would be interested, please reach out to us at the following numbers below: **847-903-6670, 847-371-1212, 847-596-7493**.

US. Settled Orthodox Christian parents invite proposals for their daughter, US. Citizen aged 35 years 5'1" raised in the US. She is a University graduate working as a nurse. Looking for God fearing professionally qualified, family oriented boy. If interested please contact WhatsApp number **1(510)384 8625.

*US settled Pentecostal parents looking for suitable proposals for their daughter who is in her last year medical school. (July 2000, 5'2 height, raised in USA). She is baptized, spirit filled, mission oriented and has a strong spiritual background. Seeking a God fearing, baptized family oriented, and professionally qualified boy (only from USA and 30 years below). If interested, please respond recent photos with details to WhatsApp **001-832 790 0002.**

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196**

Vsimon@bellsouth.net

SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to

alexkalarickal@gmail.com with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

SEEKING BRIDEGROOM CONTD.....

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

KERALA EXPRESS നിര്യാതരായി

പി.വി. ചാക്കോ

ആയാംകുടി: റിട്ട. ഹെഡ് മാസ്റ്റർ മുകളേൽ പി.വി. ചാക്കോ (ചാക്കോ വർക്കി-90) അന്തരിച്ചു. ഭാര്യ: കുറവിലങ്ങാട് പാറ്റാനികരോട്ട് മേരി ചാക്കോ. മക്കൾ: ടെസ് ലൂയിസ്, ജെസി, ജോർജ്, ജോസഫ്, ജയിംസ്, അലക്സാണ്ടർ. മരുമക്കൾ: ജഫ് ലൂയിസ്, പ്രീത ജോർജ്, കൊച്ചുറാണി ജോസഫ്, അർച്ചന ജയിംസ്, ജറിൻ അലക്സാണ്ടർ (എല്ലാവരും യുഎസ്).

കുന്നംകുളം: സംസ്ഥാന സ്കൂൾ ബാസ്കറ്റ്ബോൾ ടീമിന്റെ മുൻ കോച്ചും മൂക്കുത്തല ഗവ. സ്കൂൾ, കുന്നംകുളം ഗവ. ബോയ്സ് സ്കൂൾ എന്നിവിടങ്ങളിലെ കായിക അദ്ധ്യാപകനുമായിരുന്ന വടക്കാഞ്ചേരി റോഡ് തെക്കേക്കര കൊച്ചൻ വീട്ടിൽ ടി.എസ്. ജോബ് (റോയിക്കുട്ടി-89) അന്തരിച്ചു.

മാന്നാനം: അതിരമ്പുഴ കീഴേടത്ത് കെ.യു. ജോസഫിന്റെ (റിട്ട. സ്റ്റാഫ് കെഇ കോളജ് മാന്നാനം) ഭാര്യ കെഇ കോളജ് മാന്നാനം റിട്ട. സ്റ്റാഫ് തങ്കമ്മ ജോസഫ് (62) അന്തരിച്ചു.

അവിര ദേവസ്യ

പയസ് മൗണ്ട്: അഞ്ചുകണ്ടത്തിൽ അവിര ദേവസ്യ (കുട്ടി-92) അന്തരിച്ചു. ഭാര്യ മുത്തോലി വേഴമ്പശ്ശേരിൽ പരേതയായ ചിന്നമ്മ. മക്കൾ: പയസ്, ഷാജി (യുഎസ്), നൈസി. മരുമക്കൾ: ആൻസി കളപ്പുരക്കുന്നേൽ (വാഴക്കുളം), സുനിത പോർക്കാട്ടിൽ അമ്പാറ (യുഎസ്), ടോംസൺ കാഞ്ഞിരക്കാട്ട് (തച്ചപ്പുഴ).

ഏലിക്കുട്ടി ഉലഹന്നാൻ

ഉഴവൂർ: കുഴിപ്പിള്ളിൽ ഏലിക്കുട്ടി ഉലഹന്നാൻ (89) അന്തരിച്ചു. ഉഴവൂർ ചക്കാലപടവിൽ കുടുംബാംഗമാണ്. ഭർത്താവ്: കുര്യൻ ഉലഹന്നാൻ. മക്കൾ: അന്നു, ലീലാമ്മ, സണ്ണി സാബു, ലിസി, സജി, ബിബി (യുഎസ്). മരുമക്കൾ: ജോർജ് കളത്തിക്കോട്ടിൽ (ഞീഴൂർ), ജോസ് കാഞ്ഞിരംതൊട്ടിയിൽ (ഉഴവൂർ), സോഫി നാട്ടിപ്പറമ്പിൽ (കല്ലറ), പുഷ്പ ചെത്തിക്കുന്നേൽ (ഏറ്റുമാനൂർ), ബീറ്റ വള്ളിപ്പടവിൽ (ഇടക്കോലി), ബീന വംനലത്ത് (അരീക്കര), ബിജു പോളയ്ക്കൽ (മ്രാല).

നെടുങ്കുന്നം: ചങ്ങനാശേരി സിഎംസി ഹോളി കവീൻസ് പ്രോവിൻസിലെ നെടുങ്കുന്നം കർമലീത്താ മഠാംഗമായ സിസ്റ്റർ ലിയ (മേരിക്കുട്ടി-89) അന്തരിച്ചു.

വാഴൂർ: പ്രസ് ഇൻഫർമേഷൻ ബ്യൂറോ കൊച്ചി ഓഫീസ് റിട്ട. ജോയിന്റ് ഡയറക്ടർ പുളിക്കൽകവല മുല്ലോത്തു പുതുപ്പറമ്പിൽ ഏലിയാസ് പി.പീറ്റർ (അച്ചൻകുഞ്ഞ്-80) അന്തരിച്ചു.

കടപ്ലാമറ്റം: തളികപ്പറമ്പിൽ ദേവസ്യ മത്തായി (92) അന്തരിച്ചു.

കെ.സി. രാജരാജ വർമ

പന്തളം: കൊട്ടാരം കുടുംബാംഗം കൈപ്പുഴ തുണ്ടത്തിൽ കോയിക്കൽ കൊട്ടാരത്തിൽ പുരംനാൾ കെ.സി. രാജരാജവർമ (89) അന്തരിച്ചു. ഭാര്യ: കൊടുങ്ങല്ലൂർ പുത്തൻകോവിലകത്ത് കുഞ്ഞിക്കവൂട്ടി തമ്പുരാട്ടി. മക്കൾ: ഡോ. രവീന്ദ്രവർമ (നെയ്യോപീഡിയാട്രീഷ്യൻ മദർ ഹോസ്പിറ്റൽ ഒളരി, തൃശൂർ), ഡോ. സുരേന്ദ്രൻ വർമ (യുഎസ്). മരുമക്കൾ: വീണവർമ, ഡോ. സുചിത്രവർമ.

ലീലാമ്മ വർഗീസ്



ഡാളസ്: ഡാളസിലെ മലയാളി സമൂഹത്തിൽ സജീവ സാന്നിദ്ധ്യവും ദീർഘകാലം നേഴ്സായി സേവനമനുഷ്ഠിക്കുകയും ചെയ്ത ലീലാമ്മ വർഗീസ് (ലീല-85) അന്തരിച്ചു. പരേതനായ കെ.സി. വർഗീസിന്റെ (കുഞ്ഞുമോൻ) ഭാര്യയാണ്. ഒളശ്ശയിലുള്ള കൈതയിൽ പരേതരായ കെ.ഐ. ചെറിയാന്റെയും ഏലിയാമ്മ ചെറിയാന്റെയും മകളാണ്. മക്കൾ: ബോബി-സ്റ്റാൻസി, റൂബി, നവീൻ-ജെന്നി. തങ്കമ്മ മാത്യു സഹോദരിയാണ്.

കോട്ടയം: തുമ്പമൺ കൊമ്പിയിൽ വടക്കേതൊഴേതിൽ പരേതനായ ടി.സി. ഉമ്മന്റെ ഭാര്യ സാറാമ്മ ഉമ്മൻ (88) അന്തരിച്ചു.

തങ്കമ്മ ജോസഫ്

നാഗമ്പടം: വില്ലൂത്തറ പരേതനായ ജോസഫ് കുര്യാക്കോസിന്റെ ഭാര്യ തങ്കമ്മ ജോസഫ് (84) അന്തരിച്ചു. സംക്രാന്തി പൂഴിക്കുന്നേൽ കുടുംബാംഗമാണ്. മക്കൾ: ബിജു ജോസഫ് (മസ്കത്ത്), ബീന (പ്രെറ്റിഫെയ്സ് എറണാകുളം), ബെറ്റി (യുഎസ്), പരേതനായ ബെന്നി. മരുമക്കൾ: മോളി, ബിജു, ഉണ്ണിക്കൃഷ്ണൻ (എറണാകുളം), ഷിനോ മറ്റത്തിൽ.

പരിയാരം: അഞ്ചേരി കുഴിയാത്തുക്കടുപ്പിൽ പരേതനായ സ്റ്റീഫൻ തോമസിന്റെ ഭാര്യ പൊങ്ങന്താനം യുപി സ്കൂൾ റിട്ട. പ്രധാനാദ്ധ്യാപിക അന്നമ്മ സ്റ്റീഫൻ (വത്സമ്മ-68) അന്തരിച്ചു.

കളത്തിപ്പടി: വടക്കേനടയിൽ റിട്ട. സുബേദാർ മേജർ വി. പി. പീറ്റർ (91) അന്തരിച്ചു.

തൊടുപുഴ: ജലന്തർ എസ്എച്ച് മഠാംഗം സിസ്റ്റർ മേരി ലിഗോരി (88) അന്തരിച്ചു.

ചിറക്കടവ്: മൈൽ മാലിപ്പുറത്ത് എം.എ. വർഗീസ് (88) അന്തരിച്ചു.

പി.എം. മറിയാമ്മ

കൊല്ലാട്: മുട്ടമ്പലം എൽ. പി. സ്കൂൾ റിട്ട. അദ്ധ്യാപിക മുഞ്ഞനാട്ട് പുള്ളിയിലായ ഇലവുന്താനത്ത് പി.എം. മറിയാമ്മ (കുഞ്ഞൂഞ്ഞമ്മ-92) അന്തരിച്ചു. മൂലേടം പറങ്ങോട്ട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ചെറിയാൻ മാത്യു. മക്കൾ: മാത്യു ചെറിയാൻ (യുഎസ്), ജാൻസി. മരുമക്കൾ: സൂസൻ ആളോത്ത് പാമ്പാടി (യുഎസ്), ലാലു തൊമ്മൻപറമ്പിൽ (പാമ്പാടി-വെള്ളൂർ).

കുന്നംകുളം: ബിഇഎം എൽ റിട്ട. ഉദ്യോഗസ്ഥൻ കക്കാട് ഫയർ സ്റ്റേഷനു സമീപം തലക്കോട്ടുകര വറിയത് (84) അന്തരിച്ചു.

ജോൺസൺ

ആറന്മുള: മല്ലപ്പുഴശ്ശേരി പാറയിൽ പീടികയിൽ ജോൺസൺ (രാജു-83) ന്യൂയോർക്കിൽ അന്തരിച്ചു. ഭാര്യ ചാച്ചി. മക്കൾ: റെജി, സജി, ഡോ. ബെൻഞ്ചി. മരുമക്കൾ: സാറാ, സിബിൽ.

കുറുമ്പനാടം: കുന്നേൽ വീട്ടിൽ പരേതനായ തോമസ് മാണിയുടെയും ലീലാമ്മയുടെയും മകൻ ഇമ്മാനുവൽ തോമസ് (കുരുന്നപ്പൻ-55) അന്തരിച്ചു.

ജെയിംസ് സാമുവൽ



അറ്റ്ലാന്റ: കാൽവറി അസംബ്ലി സഭാംഗമായ ജെയിംസ് സാമുവൽ (49) അന്തരിച്ചു. ദീർഘകാലം തമിഴ്നാട്ടിൽ ചർച്ച് ഓഫ് ഗോഡ്, അസംബ്ലീസ് ഓഫ് ഗോഡ്, ഐപിസി എന്നീ സഭകൾക്ക് നേതൃത്വം നല്കിയിട്ടുള്ള പാസ്റ്റർ എം.എസ്. ജോസഫിന്റെ കൊച്ചുമകനും പാസ്റ്റർ സാമുവേൽ ജോസഫ്-അന്നമ്മ ദമ്പതികളുടെ മകനുമാണ്. പരേതൻ. ഭാര്യ ഷീബ. മക്കൾ: നെയ്തൻ, ഈഥൻ, ജോനാഥൻ.

തൃക്കൊടിത്താനം: തിനപ്പറമ്പിൽ ചാക്കോ ഫ്രാൻസിസ് (വാവച്ചൻ-84) അന്തരിച്ചു.

കറിക്കാട്ടൂർ: കൊച്ചിടിശ്ശേരിൽ വീട്ടിൽ എംഎഐഎച്ച്എസ് മുരിക്കടി (കുമളി) റിട്ട. പ്രധാനാദ്ധ്യാപകൻ കെ.വി. ചാണ്ടി (84) അന്തരിച്ചു.

ചാത്തമറ്റം: ഇരട്ടക്കാലി ചിരപ്പുറത്ത് സി.കെ. വർഗീസ് (86) അന്തരിച്ചു.

പൊൻകുന്നം: ഇടത്തംപറമ്പ് ഈരൂരിക്കൽ റാണി (46) അന്തരിച്ചു.

കാഞ്ഞിരത്താനം: തുണ്ടത്തിൽ സഖറിയാസ് മാത്യു (67) അന്തരിച്ചു.

ജേക്കബ് സ്റ്റീഫൻ



ന്യൂയോർക്ക്/അമയന്നൂർ: മുതിർന്ന കോൺഗ്രസ് നേതാവും പരേതനായ പി.സി. സ്റ്റീഫൻ കോർ എപ്പിസ്കോപ്പയുടെ പുത്രനുമായ ജേക്കബ് സ്റ്റീഫൻ (77) അന്തരിച്ചു. ഭാര്യ അമയന്നൂർ വഷണത്തോട്ടത്തിൽ ലീലാമ്മ ജെ. സ്റ്റീഫൻ (റിട്ട. ജി.എം. ബോഡിഗിയർ ഇന്റർനാഷണൽ ലിമിറ്റഡ് കളമശേരി). മക്കൾ: ജയന്ത് ജെ. സ്റ്റീഫൻ (ദുബായ്), ഏബ്രഹാം ജെ. സ്റ്റീഫൻ (ന്യൂയോർക്ക്). മരുമക്കൾ: നിലീന പഞ്ഞിക്കാരൻ (അങ്കമാലി), ഷീന ജോസഫ് പുളിക്കക്കുഴിയിൽ (തിരുവനന്തപുരം). കോൺഗ്രസ് മുൻ ഡിസിസി ജനറൽ സെക്രട്ടറിയും മുൻ ജില്ലാ പഞ്ചായത്ത് അംഗവുമായിരുന്നു പരേതൻ. ദീർഘകാലം കോട്ടയം കാർഷിക വികസന ബാങ്ക്, അയർക്കുന്നം സർവീസ് സഹകരണ ബാങ്ക് എന്നിവയുടെ പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

തിടനാട്: കാളകെട്ടി എഎംഎച്ച്എസ് റിട്ട. പ്രധാനാദ്ധ്യാപിക നീണ്ടൂർ സി.എസ്. ആലീസ്കുട്ടി (തങ്കമ്മ ദേവസ്യ-85) അന്തരിച്ചു.

ആനി സെബാസ്റ്റ്യൻ

നമ്പ്യാകുളം: റിട്ട. അദ്ധ്യാപിക പാലയ്ക്കപ്പറമ്പിൽ ആനി സെബാസ്റ്റ്യൻ (74) അന്തരിച്ചു. വയലാ പുത്തൻപുരയിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ പി.വി. വർക്കി. മക്കൾ: ഷെറിൻ (പൂർണം ഇൻഫോ വിഷൻ കാക്കനാട്), സുബിൻ (യുഎസ്). മരുമക്കൾ: അനു മാടപ്പള്ളിൽ (പൂഞ്ഞാർ), ഷീന ഷീനഭവൻ തിരുച്ചിറപ്പള്ളി (യുഎസ്).

ഡോ. ലാലിയമ്മ ജോസ്

പാലാരിവട്ടം: തൃക്കാക്കര ഭാരത്മാത കോളജ് മുൻ പ്രിൻസിപ്പൽ ഡോ. ലാലിയമ്മ ജോസ് (70) അന്തരിച്ചു. ഭർത്താവ്: സിൻഡിക്കേറ്റ് ബാങ്ക് റിട്ട. ചീഫ് മാനേജർ പുളിക്കൽ പി.ജെ. സെബാസ്റ്റ്യൻ. മക്കൾ: ഡോ. അനൂപ് സെബാസ്റ്റ്യൻ പുളിക്കൽ (യുഎസ്), ടിന ആൻ സെബാസ്റ്റ്യൻ (യുഎസ്), അഡ്വ. അനിൽ സെബാസ്റ്റ്യൻ പുളിക്കൽ. മരുമക്കൾ: അഞ്ജു ജോർജ്, അഡ്വ. ഡോണ പോൾ.

പാലാ: പൂവക്കുളം ആരാധനാ മഠാംഗമായ സിസ്റ്റർ ലിസി എടക്കര (90) അന്തരിച്ചു.

അന്നമ്മ ആൻഡ്രൂസ്

അതിരമ്പുഴ: ശ്രീകണ്ഠമംഗലം ലിസ്യൂ മൂലേക്കരിയിൽ പരേതനായ എം.ജെ. ആൻഡ്രൂസിന്റെ ഭാര്യ അന്നമ്മ ആൻഡ്രൂസ് (82) അന്തരിച്ചു. മൂഴൂർ രാമനാട്ട് കുടുംബാംഗമാണ്. മക്കൾ: ജോസ് ആൻഡ്രൂസ് (ഡെപ്യൂട്ടി എഡിറ്റർ ദീപിക), ജോർജ് (മൂലേക്കരിയിൽ ഫിനാൻസ് അതിരമ്പുഴ), അതിരമ്പുഴ മർച്ചന്റ് അസോസിയേഷൻ പ്രസിഡന്റ് ജോയ്സ് (പഞ്ചായത്ത് അംഗം 22-ാം വാർഡ്), ജോൺസൺ (ബിസിനസ്), ജസ്റ്റിൻ (യുഎസ്), ജാൻസി (യുഎസ്), ജെയ്സൺ (ബിസിനസ്), ജെയിൻ (യുഎസ്). മരുമക്കൾ: ഷിമ്മി വാളിയംപ്ലാക്കൽ മുതലക്കോടം (കാരിത്താസ് മാതാ കോട്ടയം), എമിലി പഴയംപള്ളിൽ (അതിരമ്പുഴ), മായ നെൽപ്പുരയ്ക്കൽ (ചങ്ങനാശേരി), ബ്ലെസി ഇലത്തിമറ്റം കുറവിലങ്ങാട് (അദ്ധ്യാപിക എസ്എഫ്എസ് പബ്ലിക് സ്കൂൾ ഏറ്റുമാനൂർ), ജിന്നി കുരിശിങ്കൽ എറണാകുളം (യുഎസ്), ബോബി ഞള്ളിയിൽ ചെറുവള്ളി മണിമല (യുഎസ്), മിനി കൊച്ചു കിഴക്കേടം കുറവിലങ്ങാട് (അബുദാബി), മഞ്ജു മ്യാലിൽ എറണാകുളം (യുഎസ്).

എം.എ. ചെറിയാൻ

മണർകാട്: നെയ്വേലി ലിഗൈറ്റ് കോർപറേഷൻ റിട്ട. ചീഫ് എഞ്ചിനീയർ കല്ലുകുളത്തായ മണിയല എം.എ. ചെറിയാൻ (ഉണ്ണി-97) അന്തരിച്ചു. ഭാര്യ: പള്ളം പാറേക്കടവിൽ അന്നമ്മ ചെറിയാൻ. മക്കൾ: ഡോ. അനില ചെറിയാൻ തമ്പി (യുഎസ്), മിറാണ്ട ചെറിയാൻ മത്തായി, ആൻഡ്രൂസ് ചെറിയാൻ. മരുമക്കൾ: ആലപ്പുഴ പൊള്ളയിൽ ലിയോൺ ഡെന്നിസ് തമ്പി (യുഎസ്), തിരുവല്ല തേവർതുണ്ടിയിൽ റിട്ട. പ്രഫ. ടി.എം. മത്തായി, വാകത്താനം കോയിപ്പുറത്ത് അനുജ.

കെ.എം. ആന്റണി

പാലാ: കണ്ടത്തിൽ കെ. എം. ആന്റണി (പാപ്പച്ചൻ-90) അന്തരിച്ചു. ഭാര്യ: ആയാംകുടി വാതക്കോടത്ത് ഏലമ്മ. മക്കൾ: ബൈജു ആന്റണി (ചിക്കാഗോ), മിനി ബാബു (ടെക്സസ്), ബിജു ആന്റണി (ചിക്കാഗോ). ബിനി സ്റ്റാൻലി (പാലാ). മരുമക്കൾ: ഡോളി ബൈജു കുറ്റിക്കാട്ടിൽ (തൊടുപുഴ), ബാബു മനയ്ക്കപറമ്പിൽ (രാമപുരം), ബിനി ബിജു മുഖാല (കവീക്കുന്ന്), സ്റ്റാൻലി കാഞ്ഞിരത്തിങ്കൽ (നീലൂർ).

പാലാ: സിസ്റ്റേഴ്സ് ഓഫ് സെന്റ് മർത്താസ് കോൺഗ്രിഗേഷനിലെ കുമാരനല്ലൂർ ഭവനാംഗമായ സിസ്റ്റർ കുസുമം കല്ലന്തറ (ത്രേസ്യാമ്മ-73) അന്തരിച്ചു.

കടുത്തുരുത്തി: കെഎസ് പുരം പുത്തൻവീട്ടിൽ ദേവകിയമ്മ (84) അന്തരിച്ചു.

റാന്നി: മന്ദമരുതി ഉള്ളാട്ടിൽ മേഴ്സി കുര്യൻ (77) അന്തരിച്ചു.

വെങ്കിലോട്ടില്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരി

അഴീക്കോട്: ഭാഗവത സപ്താഹ ആചാര്യൻ ചാലാട് വെങ്കിലോട്ടില്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരി (81) പൂതപ്പാറ മൊളോളത്ത് അന്തരിച്ചു. ഭാര്യ: കോട്ടൂർ ചെറുവള്ളി ഇല്ലത്ത് സരസ്വതി അന്തർജ്ജനം. മക്കൾ: ഉമാദേവി വെങ്കിലോട്ട് (ജർമനി), ഡോ. ഊർമിള (യുഎസ്). മരുമക്കൾ: കൊട്ടാരക്കര സർവാദിത്യ പെരികമന ഇല്ലത്ത് അനൂപ് വിഷ്ണു നമ്പൂതിരി (എഞ്ചിനീയർ, ജർമനി), ചെറുവത്തൂർ പുത്തിലോട്ട് നീലമന ഇല്ലത്ത് ഗോവിന്ദ് (എഞ്ചിനീയർ, യുഎസ്).

വത്സ കൊച്ചമ്മ



ചിക്കാഗോ: ഫൊക്കാന എത്തിക്സ് കമ്മിറ്റി ചെയർമാനും മുൻ ജനറൽ സെക്രട്ടറിയുമായ ഡോ. മാമ്മൻ സി. ജേക്കബിന്റെ സഹോദരി വത്സ കൊച്ചമ്മ അന്തരിച്ചു. മാർത്തോമ്മാ സഭയിലെ സീനിയർ വൈദികനായ റവ. ജോൺ പി. ഉമ്മന്റെ സഹധർമ്മിണിയും റവ. രഞ്ജിത്ത് ഉമ്മൻ ജോണിന്റെ (ബാംഗ്ലൂർ) മാതാവുമാണ്. പരേത മേൽപ്പാടം തേക്കാട്ടിൽ ചക്കിട്ടയിൽ പരേതരായ മാമ്മൻ ചാക്കോ-സാറാമ്മ ചാക്കോ ദമ്പതികളുടെ പുത്രിയാണ്. മറ്റുമക്കൾ: റെബു ജോൺ, അഡ്വ. റിയ മാത്യു. മരുമക്കൾ: റൂബി മറിയം രാജു, സിമി മറിയം തോംസൺ, അഡ്വ. അജിത്ത് മാത്യു. സഹോദരങ്ങൾ: ഐപ്പ് ചക്കിട്ട, പരേതയായ അച്ചാമ്മ സി. ജേക്കബ്.

ചിറക്കടവ് പടിഞ്ഞാറ്റുംഭാഗം: ചെന്നാക്കുന്നേൽ (വടക്കേ ചോഴിയാങ്കൽ) വി.എൻ. രാധമ്മ (87) അന്തരിച്ചു.

റോസമ്മ മാത്യു

ചങ്ങനാശേരി: വാഴപ്പള്ളി പോളയ്ക്കൽ മാത്തുക്കുട്ടിയുടെ ഭാര്യ റോസമ്മ മാത്യു (77) അന്തരിച്ചു. വാഴപ്പള്ളി തണ്ടപ്രകുടുംബാംഗമാണ്. മക്കൾ: അനുമോൾ മാത്യു (യുഎസ്), ആശമോൾ മാത്യു (പുഷ്പഗിരി മെഡിക്കൽ കോളജ് തിരുവല്ല), അജോമോൻ മാത്യു (ഐബിഎം കൊച്ചി). മരുമക്കൾ: റെനി കുര്യാക്കോസ് കോതമംഗലം (യുഎസ്), ടോണി സിറിയക് കായൽപുറം (അബുദാബി), അജീഷ ജയിംസ് എടത്വ (പ്ലാസിഡ് വിദ്യാവിഹാർ ചങ്ങനാശേരി).

തൊടുപുഴ: ആരാധനാമഠം കോതമംഗലം പ്രൊവിൻസ് അംഗം സിസ്റ്റർ എലിസബത്ത് ഞറളക്കാട്ട് (76) അന്തരിച്ചു.

കെയർഗിവറെ ഹൂസ്റ്റണിൽ ആവശ്യമുണ്ട്

ഹൂസ്റ്റൺ, ടെക്സാസിൽ പ്രായമായ കുടുംബാംഗത്തെ പരിചരിക്കുന്നതിനായി കരുതലും വിശ്വാസ്യതയും ഉള്ള ഒരു Live in കെയർഗിവറെ ആവശ്യമുണ്ട്. ദമ്പതികൾക്കും അപേക്ഷിക്കാം.

താല്പര്യമുള്ളവർ വിളിക്കുക

+1 713 204 7735 (Whats App)

PRIME KERALA INVESTMENT OPPORTUNITY FOR NRIs

1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

Property Highlights

- 1 Acre land witha house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

Serious Buyers / Investors Only

Investment Starting from Rs. 1.2 Crore

USA: +1 630 903 7680

USA: +1 630 728 7956

INDIA: +91 94961 15802

Direct Owner Sale

Part transaction can be arranged in foreign currency.

LIVE-IN CAREGIVER NEEDED – DETROIT

An 86-year-old elderly lady Malayalam speaking in Detroit, who is fully wheelchair-dependent, is looking for a live-in caregiver from January 1st 2027.

Duties include:

* Assistance with daily activities
* Light cooking
* General caregiving and companionship

If you are interested or know someone who may be interested, please contact.

Joji Varughese

586-610-9932

LIVE-IN CAREGIVER NEEDED – ELMHURST, ILLINOIS

Seeking a compassionate and dependable live-in caregiver for an elderly gentleman with Parkinson's disease.

Responsibilities include assistance with personal care, bathing, dressing, grooming, feeding, transfers, mobility, medication reminders, meal preparation, and light housekeeping.

Previous caregiving experience is preferred but not required. Training will be provided.

If interested, please contact:

Gisha Abraham

Phone/Text: (847) 477-1202

Email: gisham26@gmail.com

ഉപകാരസ്മരണ



വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

Inserted by: Firm Believer, Chicago

ഉപകാരസ്മരണ




വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

Inserted by: Firm Believer, Chicago

Favors Received



Inserted by: Firm Believer, Dallas

Favors Received




Inserted by: Firm Believer, Houston



'ജയിലർ 2' വിലെ വില്ലൻ വേഷത്തിൽ തിളങ്ങി സുരാജ് വെഞ്ഞാറമൂട്

തിരുവനന്തപുരം സാഗരയുടെ ഗാനമേള ട്രൂപ്പിൽ മുൻപൊരു മോഹനചന്ദ്രനുണ്ടായിരുന്നു. രജനീകാന്തിന്റെ പാട്ടുകളുടെ സ്പെഷലിസ്റ്റ് എന്നു വേണമെങ്കിൽ വിളിക്കാം. മോഹനചന്ദ്രൻ പാടിയാൽ, രജനീകാന്ത് സ്റ്റേജിൽ വന്നു സ്റ്റെപ്പ് വെക്കുന്നതുപോലെ തോന്നും. അത്രയ്ക്ക് കിറുകൃത്യം. മോഹനചന്ദ്രന്റെ ഈ പെർഫോമൻസ് കാണാൻവേണ്ടി അമ്പലപ്പറമ്പുകളിൽ കാത്തുനിന്നിരുന്ന ഒരു കാലമുണ്ടായിരുന്നു സുരാജ് വെഞ്ഞാറമൂടിന്. സുരാജിന്റെ മിമിക്രി കഴിഞ്ഞാവും പലപ്പോഴും ഗാനമേള വരുന്നത്. എന്നാൽ, സ്വന്തം പരിപാടി കഴിഞ്ഞാലും മോഹനചന്ദ്രന്റെ പാട്ടുകൂടി കേട്ടിട്ടേ സുരാജ് മടങ്ങിപ്പോകുമായിരുന്നുള്ളൂ. അതു മോഹനചന്ദ്രനോടുള്ള ഇഷ്ടംകൊണ്ടു മാത്രമായിരുന്നില്ല. സാക്ഷാൽ രജനീകാന്തിനോടുള്ള ആരാധനകൊണ്ടുകൂടിയായിരുന്നു. ഒരിക്കലെങ്കിലും ആ സൂപ്പർതാരത്തെ ഒന്നു നേരിൽ കാണാൻ പറ്റിയിരുന്നെങ്കിൽ... അതായിരുന്നു വലിയ ആഗ്രഹം. എന്നാൽ, കാലം സുരാജിനെ രജനീകാന്തിനൊപ്പം ഒരു ക്യാമറയുടെ മുന്നിൽ കൊണ്ടുചെന്നു നിർത്തി. ടൈഗർ മുത്തുവേൽ പാണ്ഡ്യനെ മുഖത്തുനോക്കി വെല്ലുവിളിക്കുന്ന കൊടുംവില്ലനാകാൻ. നെൽസൺ സംവിധാനം ചെയ്ത 'ജയിലർ 2' ഇന്ത്യയാകെ തരംഗമാകുമ്പോൾ സുരാജ് വെഞ്ഞാറമൂടിന്റെ മനസ്സിൽ അഭിമാനവും സന്തോഷവും നിറയുകയാണ്.



'ജയിലർ 2' –ൽ എത്തിയത് എങ്ങനെയെന്നാൽ ഞാൻ വളരെ ആവേശത്തോടെ കണ്ട സിനിമയാണ് ജയിലർ. രജനീകാന്ത് സാർ മാത്രമല്ല, നമ്മുടെ ലാലേട്ടനും വിനായകനുമൊക്കെ തകർത്ത് പെർഫോം ചെയ്യുന്നത് അദ്ഭുതത്തോടെയാണ് ആസ്വദിച്ചത്. രണ്ടാം ഭാഗം വരുന്നു എന്ന് അറിഞ്ഞപ്പോൾ, അതു കാണാനുള്ള കാത്തിരിപ്പായി. അങ്ങനെയിരിക്കെയാണ് തമിഴിൽനിന്ന് സംവിധായകൻ യു.എസ്. അരുൺകുമാർ വിളിക്കുന്നത്. അരുൺകുമാറിന്റെ 'വീര ധീര സൂരൻ' എന്ന ചിത്രത്തിൽ അഭിനയിച്ചിട്ടുള്ളതുകൊണ്ട്, അദ്ദേഹത്തിന്റെ പുതിയ ചിത്രത്തിലേക്കു ക്ഷണിക്കാനായിരിക്കും എന്നാണ് കരുതിയത്. എന്നാൽ ജയിലറിന്റെ കാര്യമാണ് അദ്ദേഹം പറഞ്ഞത്. "നിങ്ങളെപ്പറ്റി നെൽസൺ എന്നോടാണ് അന്വേഷിച്ചത്; ഞാൻ കുറച്ച് ഇല്ലാത്ത കാര്യങ്ങളൊക്കെ കയറ്റിപ്പറഞ്ഞിട്ടുണ്ട്" എന്നാണ് അദ്ദേഹം പറഞ്ഞത്. ചെറിയൊരു ചിരി വന്നെങ്കിലും ആ വാർത്ത അത്ര പെട്ടെന്നു വിശ്വസിക്കാനായില്ല. "നിങ്ങളെ സൺ പിക്ചേഴ്സിൽനിന്ന് വിളിക്കും" എന്നു പറഞ്ഞാണ് അരുൺകുമാർ ഫോൺ കട്ട് ചെയ്തത്. പിന്നീട് നിർമാണക്കമ്പനിയുടെ ആളുകൾ നേരിട്ടുതന്നെ ബന്ധപ്പെട്ടു. വലിയ കഥാപാത്രം ആണെന്നു പറഞ്ഞു. എന്നാൽ സംവിധായകൻ നെൽസണിൽനിന്ന് കഥ കേട്ടപ്പോഴാണ് ഇത്ര പ്രധാനപ്പെട്ട വേഷമാണെന്നു മനസ്സിലായത്.

നെൽസണോടൊത്തുള്ള ജോലി എങ്ങനെയുണ്ടായിരുന്നു എന്നു ചോദിച്ചാൽ 'കോലമാവ് കോകില' മുതൽ നെൽസൺ സംവിധാനം ചെയ്ത എല്ലാ സിനിമകളും ഞാൻ ആസ്വദിച്ചു കണ്ടിട്ടുണ്ട്. ടെൻഷൻ വളർന്നുനിൽക്കുന്ന സന്ദർഭങ്ങളിൽ തമാശ ഉപയോഗിക്കാൻ അപൂർവസിദ്ധിയുള്ള സംവിധായകനാണ് അദ്ദേഹം. ബ്ലാക്ക് ഹ്യൂമർ എന്നൊക്കെ പലരും അതിനെപ്പറ്റി പറഞ്ഞു കേട്ടിട്ടുണ്ട്. ആക്ഷൻ രംഗങ്ങളിലും ഈ തമാശ അദ്ദേഹം വളരെ ഭദ്രമായി ഉപയോഗിച്ചിട്ടുണ്ട്.

കുറച്ചു തമിഴ് സിനിമകളിലൊക്കെ അഭിനയിച്ചിട്ടുണ്ടെങ്കിലും ഭാഷ ഇപ്പോഴും എനിക്കൊരു ചെറിയ പ്രശ്നമാണ്. അക്കാര്യം ആദ്യമേ സംവിധായകനോടു പറഞ്ഞിരുന്നു. അതുകൊണ്ട് വായിച്ചു പഠിക്കാനായി തിരക്കഥ നേരത്തേ വാങ്ങിവെച്ചു. സംഭാഷണങ്ങളൊക്കെ ഏതാണ്ട് മനഃപാഠമാക്കുകയും ചെയ്തു. ലൊക്കേഷനിൽ എത്തിയ ഉടൻ നെൽസൺ ചോദിച്ചു: ''എങ്ങനെ ഡയലോഗൊക്കെ പഠിച്ചോ?"

"പിന്നേ.... മൊത്തം പഠിച്ചു" നിറഞ്ഞ ചിരിയോടെ ഞാൻ മറുപടിയും പറഞ്ഞു. നെൽസൺ മെല്ലെ താഴേക്കു നോക്കിയിട്ടു പറഞ്ഞു "ആ ഡയലോഗെല്ലാം മാറ്റി: ഇപ്പോഴുള്ളത് മുഴുവൻ പുതിയതായിട്ട് എഴുതിയതാ" എന്റെ നെഞ്ചിലൊരു മിന്നൽ പാഞ്ഞു. അങ്ങനെ നോക്കുമ്പോഴാണ് ദാ നേരെ നടന്നുവരുന്നു, സാക്ഷാൽ രജനീകാന്ത് സാർ. പെട്ടെന്ന് ക്യാമറാമാന്റെ ശബ്ദം ഉയർന്നു. "സർ റെഡിയല്ലേ..." പിന്നെ എന്തു പറയാൻ! നീന്തൽ അറിയാത്തവനെ നടുക്കടലിൽ പിടിച്ചിട്ടാൽ എന്തു സംഭവിക്കും. പക്ഷേ, എങ്ങനെയെങ്കിലും ചെയ്യണമല്ലോ; അങ്ങനെയങ്ങ് ചെയ്തു.

രജനീകാന്തിനെ പരിചയപ്പെട്ടത് എങ്ങനെയെന്നാൽ അദ്ദേഹത്തെ എങ്ങനെയെങ്കിലും ഒന്നു നേരിൽ കാണണമെന്നുള്ളത് കുട്ടിക്കാലം മുതലുള്ള ആഗ്രഹമായിരുന്നു. ഒന്നു കാണണം, ഒരു മിനിറ്റൊന്നു നോക്കി നിൽക്കണം. അത്രേ ഉണ്ടായിരുന്നുള്ളൂ ആഗ്രഹം. തമിഴിൽ അഭിനയിച്ചിട്ടും അദ്ദേഹത്തെ നേരിട്ടുകാണാൻ ഭാഗ്യമുണ്ടായില്ല. അപ്പോഴാണ് കൂടെ അഭിനയിക്കാൻ വിളിക്കുന്നത്.

അതുകൊണ്ട്, കോംബിനേഷൻ ചെയ്യുന്നതിനു മുൻപേ ഒന്നു പോയി പരിചയപ്പെടണം എന്നു തീരുമാനിച്ചു. അങ്ങനെ കോയമ്പത്തൂരിൽ പടത്തിന്റെ ഷൂട്ടിങ് നടക്കുന്ന സമയത്ത് ഞാൻ പോയി. വലിയ ലൊക്കേഷൻ. ഒരുപാട് ആൾബഹളങ്ങൾ. അതിന്റെ ഒരു വശത്ത് കസേരയിൽ ഇരുന്ന് പുസ്തകം വായിക്കുകയായിരുന്നു അദ്ദേഹം. എന്നെ കണ്ട ഉടൻ അദ്ദേഹം കസേരയിൽ നിന്ന് എഴുന്നേറ്റു. എന്താണ് നടക്കുന്നതെന്നുപോലും എനിക്ക് ചിന്തിക്കാൻ കഴിയുമായിരുന്നില്ല. അദ്ദേഹംതന്നെ യൂണിറ്റിലെ എല്ലാവർക്കും എന്നെ പരിചയപ്പെടുത്തി. വീട്ടിലെ വിശേഷങ്ങളും മക്കളുടെ കാര്യങ്ങളുമൊക്കെ ഓരോന്നായി ചോദിച്ചു. ഞാൻ എല്ലാറ്റിനും മറുപടി പറഞ്ഞെങ്കിലും മനസ്സിൽ അദ്ദേഹം ചെയ്ത കഥാപാത്രങ്ങളായിരുന്നു. എന്തായാലും അവിടെനിന്നു തിരിച്ചു കേരളത്തിലേക്കു മടങ്ങുമ്പോൾ ഞാൻ "ഫുൾ ചാർജ്ഡ്" ആയിരുന്നു. രജനീസാർ ഒരു പവർ ഹൗസാണ്. അദ്ദേഹത്തിന്റെ അടുത്തിരുന്നാൽ, അതിൽനിന്ന് കുറച്ച് ശക്തി നമുക്കും കിട്ടും.




കോംബിനേഷൻ സീനുകൾ എടുക്കുമ്പോൾ എങ്ങനെയായിരുന്നു എന്നു ചോദിച്ചാൽ ചെന്നൈയിൽ ഷൂട്ട് നടക്കുന്ന സമയം. ഞങ്ങൾ തമ്മിലുള്ള കോംബിനേഷൻ ആണ്. നേർക്കുനേർ നിന്നാണ് ഡയലോഗ് പറയുന്നത്. വൈകിട്ട് ആറ് മുതൽ പുലർച്ചെ ആറു വരെയാണ് ഷൂട്ടിങ് സമയം. അന്ന്, ഏതാണ്ട് പുലർച്ചെ രണ്ടു മണിയായപ്പോൾ അദ്ദേഹത്തിന്റെ ഷോട്ടുകൾ അവസാനിച്ചു. അദ്ദേഹം മുറിയിലേക്കു മടങ്ങുകയും ചെയ്തു. അതു കഴിഞ്ഞാണ് എന്റെ അവസാന ഡയലോഗുകൾ വരുന്നത്. 15 മിനിറ്റുകൊണ്ട് ഞാനും അതു പൂർത്തിയാക്കി. പെട്ടെന്നാണ് വളരെ അകലെനിന്ന് ഒരു കയ്യടി ശബ്ദം ഉയരുന്നത്. നോക്കുമ്പോൾ രജനീകാന്ത് സാറാണ്. അദ്ദേഹം മുറിയിലേക്കു പോകാതെ എന്റെ അഭിനയം നോക്കിനിൽക്കുകയായിരുന്നു. ഞാൻ മുന്നിലേക്ക് ഓടിച്ചെന്നു. "സർ എനിക്ക് ദേശീയ അവാർഡ് കിട്ടിയിട്ടുണ്ട്. പക്ഷേ, ഈ കയ്യടി എനിക്കു കിട്ടിയ ഓസ്കർ ആണ്" ഇത് കേട്ടു ചുറ്റുംനിന്നവരെല്ലാം ചേർന്ന് വൻകയ്യടി. സന്തോഷംകൊണ്ടു കണ്ണു നിറഞ്ഞാണ് രാത്രി മുറിയിലേക്കു പോയത്.

തമിഴിലും മലയാളത്തിലും സിനിമകൾ സിലക്ട് ചെയ്യുമ്പോഴുള്ള മാനദണ്ഡം എന്തെന്നാൽ ഭാഷ ഏതായാലും അഭിനയസാധ്യതയുള്ള കഥാപാത്രങ്ങൾ തന്നെയാണ് അന്വേഷിക്കുന്നത്. എങ്കിലും മലയാളത്തിൽ കൂടുതലും തമാശ ചെയ്യാനാണ് ഇഷ്ടം. തമിഴിലാകുമ്പോൾ കുറച്ചുകൂടി വ്യത്യസ്തമായ വേഷങ്ങൾ ചെയ്യാം. ഇപ്പോൾ അവിടെനിന്ന് വായിക്കാൻ കിട്ടുന്നതൊക്കെ അത്തരം സ്ക്രിപ്റ്റുകളാണ്.

മലയാളത്തിലെ അടുത്ത പടം ജഗൻ ഷാജി കൈലാസിന്റെ സംവിധാനത്തിൽ ഒരു മുഴുനീള തമാശച്ചിത്രം ചെയ്യാൻ ഒരുങ്ങുകയാണ്.





ടൈറ്റൻസ്

ജയസൂര്യയും വിനായകനും ഒന്നിക്കുന്ന ഫാന്റസി ഹ്യൂമർ ചിത്രം ടൈറ്റൻസിന്റെ ട്രെയിലർ റിലീസായി. സംവിധാനം പ്രിൻസ് ജോയ്. നിർമാണം ഇൻഷാദ് എം. ഹസൻ, മിഥുൻ മാനുവൽ തോമസ്, പ്രദീപ് സി.എസ്. സണ്ണി വെയ്ൻ, സുരേഷ് കൃഷ്ണ, ഇന്ദ്രൻസ്, ബേബി ജീൻ, നിഹാൽ, മണികണ്ഠൻ ആചാരി എന്നിവരും ഏതാനും പുതുമുഖങ്ങളുമാണ് മറ്റു വേഷങ്ങളിൽ.

തിരക്കഥ-ജയിംസ് സെബാസ്റ്റ്യൻ. സംഗീതം-ഷാൻ റഹ്മാൻ. ഛായാഗ്രഹണം-വിഷ്ണുശർമ. എഡിറ്റിംഗ്-ഷമീർ മുഹമ്മദ്. പ്രൊഡക്ഷൻ ഡിസൈനർ-അരുൺ വെഞ്ഞാറമൂട്. കലാസംവിധാനം-മഹേഷ് പിറവം. ആക്ഷൻ-ഫീനിക്സ് പ്രഭു.

രണ്ട് രഹസ്യങ്ങൾ തിയറ്ററുകളിലെത്തി

ഗോഖർ മേനോൻ, വിജയകുമാർ പ്രഭാകരൻ, ബാബു തളിപ്പറമ്പ്, പാരീസ് ലക്ഷ്മി, ദിവ്യ ഗോപിനാഥ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതരായ അർജുൻലാൽ, അജിത് കുമാർ രവീന്ദ്രൻ എന്നിവർ കഥയെഴുതി സംവിധാനം ചെയ്യുന്ന ആന്തോളജി ചിത്രം 'രണ്ട് രഹസ്യങ്ങൾ' തിയറ്ററുകളിൽ. നിർമാണം സാക്കിർ അലി. സ്പാനിഷ് താരം ആൻഡ്രിയ റവേര കേന്ദ്രകഥാപാത്രമാകുന്ന ചിത്രം. ഗാനരചന റഫീക്ക് അഹമ്മദ്.

സംഗീതം വിശ്വജിത്ത്, കാമറ ജോമോൻ തോമസ്, അബ്ദുൾ റഹീം. വിതരണം ഹൈസിൻ ഗ്ലോബൽ വെഞ്ചേഴ്സ്.



'ചിരം' സിനിമയിലെ നായിക ഐശ്വര്യ മിഥുൻ കോറോത്തിന്റെ വിശേഷങ്ങൾ

ബംഗാളിലെ ബാവുൾ സംഗീതത്തിൽ ഡോക്ടറേറ്റ് ലഭിച്ച ചാന്ദ് എന്ന പെൺകുട്ടിയെയും അവർ ടീച്ചറമ്മ എന്നു വിളിക്കുന്ന സീതാലക്ഷ്മിയെയും തേടി ഒരു മാധ്യമ പ്രവർത്തക നടത്തുന്ന അന്വേഷണത്തിലൂടെ പുരോഗമിക്കുന്ന ചിത്രമാണ് ചിരം. സത്യജിത് നായർ നിർമിച്ച സിനിമ സിന്ധു പരടയിലും എൻ. സുധീറും ചേർന്നാണ് സംവിധാനം ചെയ്തിരിക്കുന്നത്. ഈ മാസമാദ്യം തിയറ്ററുകളിലെത്തിയ ചിത്രത്തിലൂടെ മലയാളികൾക്കു പുതിയൊരു ക്യൂട്ട് നായികയെക്കൂടി ലഭിച്ചിരിക്കുന്നു. ഐശ്വര്യ മിഥുൻ കോറോത്ത്. അനൂപ് മേനോനാണ് ഐശ്വര്യയുടെ നായകനായെത്തുന്നത്.

തൊണ്ണൂറുകളുടെ പശ്ചാത്തലത്തിൽ നടക്കുന്ന പ്രണയവും വിരഹവും പ്രമേയമാക്കിയ വിന്റേജ് ഫീൽ ഗുഡ് റൊമാന്റിക് ഡ്രാമയാണിത്. സീതാലക്ഷ്മി എന്ന കൊൽക്കത്തയിലെ റിസർച്ച് സ്കോളറിൽനിന്ന് ആദിവാസി മേഖലയിലെ ടീച്ചറമ്മയിലേക്കുള്ള കൂടുമാറ്റം നായിക ഐശ്വര്യ ഏറെ മികച്ചതാക്കി. ഐശ്വര്യയുടെ വിശേഷങ്ങളിലേക്ക്...

ഏകദേശം ആറു വയസ് ആയപ്പോൾത്തന്നെ ഏതാനും സംഗീത ആൽബങ്ങളിൽ അഭിനയിച്ചിരുന്നു. സ്റ്റേജിൽ പെർഫോം ചെയ്യാനും നൃത്തം ചെയ്യാനുമൊക്കെ അന്നുമുതൽ വലിയ ഇഷ്ടമായിരുന്നു. ഒമ്പതു വർഷങ്ങൾക്കു മുമ്പ് ഭാര്യ എന്ന സീരിയലിൽ ഏറെ ശ്രദ്ധേയമായ ഒരു കഥാപാത്രത്തെ അവതരിപ്പിച്ചു.

സംവിധായകൻ സിദ്ദിഖിനെ ഒരിക്കൽ പോയി കണ്ടിരുന്നു. ചാൻസൊന്നും ചോദിച്ചു പോയതല്ലായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു ഇപ്പോൾ പുതിയ പ്രൊജക്ടുകളൊന്നും ചെയ്യുന്നില്ല. ഐശ്വര്യ സിനിമയിൽ അഭിനയിക്കേണ്ട ആളുതന്നെയാണ്. അവസരം വന്നാൽ അറിയിക്കാമെന്നും പറഞ്ഞു. ഞാനതൊക്കെ മറന്നിരുന്നു. പക്ഷേ, ഒരു വർഷം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ അസോസിയേറ്റ് നൗഷാദ് സാഫ്രിൻ സംവിധാനം ചെയ്യുന്ന പൊറാട്ടുനാടകം എന്ന സിനിമയിലേക്കു സിദ്ദീഖ് വിളിക്കുകയായിരുന്നു. സൈജു കുറുപ്പിന്റെ നായികയായാണ് ആ സിനിമയിൽ അഭിനയിച്ചത്. പിന്നീട് വിനീത് ശ്രീനിവാസനൊപ്പം ഒരു ജാതി ജാതകം എന്ന സിനിമയിലും അഭിനയിച്ചു.

ചിരം എന്റെ മൂന്നാമത്തെ സിനിമയാണ്. പിആർഒ മഞ്ജു ഗോപിനാഥാണ് സിനിമയുടെ അണിയറക്കാർക്ക് എന്റെ പ്രൊഫൈൽ കൊടുത്തത്. 15 ദിവസത്തിനുള്ളിൽത്തന്നെ ഷൂട്ടിംഗ് ആരംഭിച്ചു.

മുൻനിര നായികമാരെ പലരെയും ഈ കഥാപാത്രത്തിനായി പരിഗണിച്ചിരുന്നു. നായകൻ അനൂപ്മേനോനും എന്റെ ഫോട്ടോ കണ്ടിട്ട് ഈ കുട്ടി ഈ കഥാപാത്രത്തിന് ഓക്കെയാണെന്നു പറഞ്ഞതായി പിന്നീട് അറിഞ്ഞു.

നടിയെന്ന നിലയിൽ ചിരത്തിൽ



ഞാൻ ചെയ്ത കഥാപാത്രം വളരെ ചലഞ്ചിംഗായിരുന്നു. സീത എന്ന കഥാപാത്രത്തിന്റെ മൂന്നു കാലഘട്ടം സിനിമയിൽ ഞാൻ ചെയ്തിട്ടുണ്ട്. വിശ്വഭാരതിയിൽ പിഎച്ച്ഡി ചെയ്യാനെത്തുന്ന കഥാപാത്രം, അതിനുശേഷം അനുപിനൊപ്പമുള്ള കഥാപാത്രം. പിന്നീട് കാട്ടിലേക്കു മാറിയതിനു ശേഷം 55-60 വയസുള്ള സ്ത്രീ കഥാപാത്രം എന്നിവയാണു ചെയ്തത്.

പൊതുവേ വണ്ണമുള്ള ശരീരപ്രകൃതമായിരുന്നു എന്റേത്. പ്രസവം കഴിഞ്ഞതോടെ 100 കിലോയിലെത്തി. ആറേഴു മാസംകൊണ്ട് 35 കിലോയോളം കുറച്ചു. ഇത്രയും ഭാരമുള്ള എനിക്ക് ഞാൻ ആഗ്രഹിക്കുന്ന കഥാപാത്രങ്ങൾ സിനിമയിൽ ലഭിക്കില്ല എന്നതുകൊണ്ടാണ് തടി കുറയ്ക്കണം എന്നതോന്നലുണ്ടായതും അതിനായി കഠിന പ്രയത്നം നടത്തിയതും.

ഞാൻ പൊതുവേ ഇങ്ങനെയാണ്. എനിക്കേറെ ഇഷ്ടപ്പെട്ട വസ്ത്രം സാരിയാണ്. വാലിട്ടു കണ്ണെഴുതുന്നതും വലിയ പൊട്ട് തൊടുന്നതും വലിയ ഇഷ്ടമാണ്. ഒരു സൗത്ത് ഇന്ത്യൻ മുഖം എനിക്കു കിട്ടിയിട്ടുണ്ട്. അതുകൊണ്ടാകാം ഈ കാലഘട്ടത്തിലെ നായികമാർക്ക് പലർക്കും ഇല്ലാത്ത പ്രത്യേകതയും വേറിട്ടൊരു ഐഡന്റിറ്റിയും എനിക്കുണ്ടെന്നും ശരീര ഭാഷയിലും മുഖത്തും വിന്റേജ് നായികയെ കാണാനാകുമെന്നും അനൂപ് മേനോൻ പറഞ്ഞത്.

കണ്ണൂരാണ് സ്വദേശം. അച്ഛൻ ചന്ദ്രശേഖരൻ. അമ്മ ജയ. ഭർത്താവ് മിഥുൻ. മകൻ മാധവിന് ഏഴു വയസായി. കല്യാണം കഴിഞ്ഞതോടെ ഞങ്ങൾ മുംബൈയിലേക്ക് താമസം മാറി. അച്ഛനും അമ്മയും നാട്ടിൽതന്നെയാണ്. കുട്ടിക്കാലം മുതൽ അഭിനയം സ്വപ്നം കണ്ടിരുന്നു. സ്കൂൾ, കോളജ് തലങ്ങളിൽ സംസ്ഥാനതലത്തിലും ദേശീയതലത്തിലും നാടക മത്സരങ്ങളിൽ മികച്ച നടിയായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. മുംബൈ യൂണിവേഴ്സിറ്റിയിൽനിന്ന് സൈക്കോളജിയിലും സോഷ്യോളജിയിലും ബിരുദം നേടി. ശാസ്ത്രീയനൃത്തവും അഭ്യസിച്ചിട്ടുണ്ട്.

പുതിയ പ്രൊജക്ടുകളെക്കുറിച്ച് പറയാറായിട്ടില്ല. കഥകളൊക്കെ കേട്ടു വരുന്നതേയുള്ളൂ. ധ്യാൻ ശ്രീനിവാസന്റെ നായികയായി അഭിനയിച്ച തേവർ എന്ന ചിത്രത്തിന്റെ ഷൂട്ടിംഗും ഡബ്ബിംഗും കഴിഞ്ഞു. നവംബർ ആദ്യവാരം സിനിമ തിയറ്ററുകളിലെത്തുമെന്നാണ് വിചാരിക്കുന്നത്.

സ്റ്റാൻലി കളത്തിൽ ഫോമാ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക്



ന്യൂയോർക്ക്: ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (ഫോമാ) യുടെ 2028 -2030 കാലയളവിലേക്കുള്ള ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് ഫോമാ മുൻ ജോയിന്റ് സെക്രട്ടറിയും ന്യൂയോർക്ക് മെട്രോ റീജിയണൽ വൈസ് പ്രസിഡണ്ടുമായ സ്റ്റാൻലി കളത്തിൽ മത്സരിക്കുന്നു.

2008-ൽ ഫോമാ രൂപീകരിക്കപ്പെട്ടതു മുതൽ കഴിഞ്ഞ 18 വർഷത്തെ പ്രവർത്തനപരിചയവും പക്വമായ സമീപനവും സൗഹൃദപരമായ പെരുമാറ്റശൈലിയും സംഘടനയോടുള്ള പ്രതിബദ്ധതയും ദീർഘകാല പ്രവർത്തന പരിചയവും കൈമുതലാക്കിയാണ് അദ്ദേഹം സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചിരിക്കുന്നത്.

സംഘടനാപ്രവർത്തനങ്ങളിൽ സജീവമായ സ്റ്റാൻലി കളത്തിൽ 2014-2016 കാലയളവിൽ ഫോമാ ജോയിന്റ് സെക്രട്ടറിയായും വിവിധ കാലഘട്ടങ്ങളിൽ റീജിയണൽ വൈസ് പ്രസിഡണ്ട്, ഫോമാ അഡ്വൈസറി ബോർഡ് ചെയർമാൻ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഫോമായുടെ ശ്രദ്ധേയമായ ആർസിസി പ്രോജക്ടിന്റെ വിജയത്തിലും നിർണായക പങ്കുവഹിച്ചു.

കേരളത്തിലും അമേരിക്കയിലുമായി നിരവധി സാമൂഹിക, സാംസ്കാരിക സംഘടനകളിൽ നേതൃസ്ഥാനങ്ങൾ വഹിച്ചിട്ടുള്ള അദ്ദേഹം അമേരിക്കയിലെ മലയാളി സംഘടനാരംഗത്തും സജീവ സാന്നിദ്ധ്യമായ അദ്ദേഹം കേരള കൾച്ചറൽ അസോസിയേഷന്റെ ജോയിന്റ് സെക്രട്ടറി, ജനറൽ സെക്രട്ടറി, വൈസ് പ്രസിഡണ്ട്, ഇന്ത്യൻ അമേരിക്കൻ മലയാളി അസോസിയേഷൻ ജനറൽ സെക്രട്ടറി എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. നിലവിൽ നോർത്ത് ഹെംപ്സ്റ്റഡ് മലയാളി അസോസിയേഷൻ പ്രസിഡണ്ടാണ്.

അംഗസംഘടനകളുടെ ഐക്യം ശക്തിപ്പെടുത്തുക, റീജണൽ പ്രവർത്തനങ്ങൾ വിപുലീകരിക്കുക, വനിതകളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുക, ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻഗണന നല്കുക, അമേരിക്കയിലെ ബിസിനസ് രംഗത്ത് പ്രവർത്തിക്കുന്നവരെ ഒന്നിപ്പിക്കുക എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊണ്ട് പുതിയ തലമുറയെ സംഘടനയിലേക്ക് ആകർഷിക്കുന്നതിനൊപ്പം മുതിർന്ന പ്രവർത്തകരുടെ അനുഭവസമ്പത്തും സംഘടനയുടെ വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തണമെന്നാണ് തന്റെ നിലപാടെന്ന് വ്യക്തമാക്കി.

കേരളത്തിലെ ബാലജനസഖ്യം യൂണിവൈ, വൈ.എം.സി.എ, യുവജനസംഘ്യം തുടങ്ങിയ സംഘടനകളിലൂടെയാണ് സ്റ്റാൻലി കളത്തിൽ പൊതുപ്രവർത്തന രംഗത്തേക്ക് കടന്നുവന്നത്. വൈ.എം.സി.എ തിരുവല്ല സബ് റീജിയൻ ജനറൽ കൺവീനർ, വൈ.എം.സി.എ. കേരള ഘടകം കമ്മിറ്റി അംഗം, അമേരിക്കൻ നോർത്ത് ഈസ്റ്റ് യുവജനസഖ്യം സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഫോമായിലെ കഴിഞ്ഞ പതിനെട്ട് വർഷത്തെ സംഘടനാ പ്രവർത്തനപരിചയവും നേതൃത്വപാടവവും കൈമുതലാക്കി എല്ലാവരെയും ചേർത്തുനിർത്തുന്ന ശക്തവും സജീവവുമായ ഫോമായെ കെട്ടിപ്പടുക്കുകയാണ് തന്റെ ലക്ഷ്യമെന്ന് സ്റ്റാൻലി കളത്തിൽ വ്യക്തമാക്കി.

മോട്ടോർ വെഹിക്കിൾ നിയമപരിഷ്കാരത്തിനു ഗതാഗത മന്ത്രാലയം

ന്യൂഡൽഹി: ഡ്രൈവിംഗ് ലൈസൻസിൽ ഉടമയുടെ രക്തഗ്രൂപ്പും മൊബൈൽ നമ്പറും ആവശ്യഘട്ടങ്ങളിൽ ബന്ധപ്പെടാനുള്ള നമ്പറും രേഖപ്പെടുത്തുന്നതുൾപ്പെടെ സമൂല പരിഷ്കാരങ്ങൾക്കു ഗതാഗത മന്ത്രാലയത്തിന്റെ ശ്രമം. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര മോട്ടോർ വെഹിക്കിൾസ് നിയമഭേദഗതിക്കുള്ള കരട് നിർദേശം മന്ത്രാലയം പുറത്തിറക്കി. വിദേശികൾക്കു വ്യത്യസ്ത കളറിലുള്ള ഡ്രൈവിംഗ് ലൈസൻസുകൾ, ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിനുള്ള പരീക്ഷകൾ കൂടുതൽ കർക്കശമാക്കൽ എന്നിവയും കരടു നിർദേശത്തിലുണ്ട്. ലൈസൻസ് ലഭിക്കുന്നതിന് അപേക്ഷകരുടെ പ്രായവും വിലാസവും തെളിയിക്കുന്നതിന് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്, നോട്ടറി എന്നിവരുടെ സത്യവാങ്മൂലത്തിനു പകരം ആധാർ, പാസ്പോർട്ട്, വോട്ടർ ഐഡി, ഇൻഷുറൻസ് പോളിസി തുടങ്ങിയവ ഉപയോഗിക്കാം എന്നതാണു മറ്റൊരു സുപ്രധാന നിർദേശം. ലൈസൻസ് ലഭിക്കുന്നതിനുള്ള പരീക്ഷയിൽ സുരക്ഷിത ഡ്രൈവിംഗ് സംബന്ധിച്ച പാഠം കൂടുതൽ വിപുലപ്പെടുത്തും. എഴുത്തുപരീക്ഷയിൽ വിജയിക്കാൻ 60 ശതമാനം മാർക്ക് എന്നത് 75 ശതമാനമാക്കി ഉയർത്തും.

ആധാർ കാർഡ് ഉപയോഗിച്ച് ഓൺലൈൻ വഴി ഡ്രൈവിംഗ് ലൈസൻസ് സേവനങ്ങൾ പൂർത്തിയാക്കുന്നവർക്കു ഫീസിളവ് നൽകും. ലൈസൻസിലെ പേര്, വിലാസം തുടങ്ങിയവ മാറ്റുന്നതു സൗജന്യമാക്കും. ഇതിനുള്ള അപേക്ഷയിൽ 15 ദിവസത്തിനകം ആർടിഒ തീരുമാനമെടുക്കണം. അപേക്ഷ നിരസിക്കുന്നതിനുള്ള കാരണവും വ്യക്തമാക്കണം.

പുതിയ ലൈസൻസുകൾ ലാമിനേറ്റ് ചെയ്തോ പിവിസി കാർഡുകൾ ഉപയോഗിച്ചോ നിർമിക്കണം എന്നതും നിർദേശങ്ങളിലുണ്ട്. കരടു വിജ്ഞാപനം സംബന്ധിച്ച നിർദേശങ്ങളും അഭിപ്രായങ്ങളും 30 ദിവസത്തിനകം നൽകണമെന്നും ഗതാഗതമന്ത്രാലയം അറിയിച്ചു.

വന്യജീവി ആക്രമണം തടയാനും നഷ്ടപരിഹാരം നൽകാനും സർക്കാരിനു ബാധ്യത: ഹൈക്കോടതി

കൊച്ചി: വന്യജീവി ആക്രമണങ്ങൾ തടയാനും ഇരയാകുന്നവർക്കു മതിയായ നഷ്ടപരിഹാരം നൽകാനും സർക്കാരിനു ബാധ്യതയുണ്ടെന്ന് ഹൈക്കോടതി. വന്യമൃഗങ്ങളുടെ നിയന്ത്രണം തങ്ങൾക്കില്ലെന്നും വനാതിർത്തിയിൽ താമസിക്കുന്നവർക്കു നേരേയുള്ള ആക്രമണങ്ങൾ തടയാൻ സാധ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു മുള്ള വനംവകുപ്പിന്റെ വാദം തള്ളിയാണ് ജസ്റ്റിസ് സി.പി. മുഹമ്മദ് നിയാസിന്റെ നിരീക്ഷണം.

സർക്കാർ നിശ്ചയിച്ച പരിമിതമായ തുകയേക്കാൾ കൂടുതൽ നഷ്ടപരിഹാരം സിവിൽ കോടതി വഴി തേടാം. കാട്ടാന ആക്രമണത്തിൽ സ്ഥിരവൈകല്യം സംഭവിച്ച കർഷകൻ വയനാട് വൈത്തിരി തരിയോട് സ്വദേശി വി. കെ. സാബുവിന് 5,37,030 രൂപ എട്ടുശതമാനം പലിശസഹിതം നൽകാനുള്ള മുൻസിഫ് കോടതിയുടെ 2021 മാർച്ച് 31-ലെ വിധി ശരിവെച്ചാണ് ഉത്തരവ്. 2017 ജൂലൈ അഞ്ചിന് പുലർച്ചെയാണ് മൂന്നു കാട്ടാനകളുടെ ആക്രമണത്തിനിരയായത്. അടിയന്തര സഹായമായി വനംവകുപ്പ് 75,000 രൂപ നൽകിയെങ്കിലും പിന്നീടൊന്നും ഉണ്ടായില്ല. ചികിത്സയ്ക്ക് ഇതു മതിയാകില്ലെന്നും വൈകല്യം കണക്കിലെടുത്ത് കൂടുതൽ നഷ്ടപരിഹാരം വേണമെന്നുമുള്ള ഹർജിയിൽ കൽപറ്റ മുൻസിഫ് കോടതിയിൽനിന്ന് അനുകൂല വിധി നേടിയെങ്കിലും വനംവകുപ്പ് ഹൈക്കോടതിയിൽ അപ്പീൽ നൽകുകയായിരുന്നു. വനമേഖലയോടു ചേർന്നുള്ള ജനവാസകേന്ദ്രങ്ങളിൽ വേലിയും ട്രഞ്ചുകളും ഒരുക്കുന്നതിൽ വനംവകുപ്പിനു വീഴ്ചയുണ്ടായതായി കണ്ടെത്തിയ കോടതി, വനംവകുപ്പിന്റെ ഹർജി തള്ളി. വന്യജീവികളെ സംരക്ഷിക്കുന്നതോടൊപ്പം പൗരന്മാരുടെ മൗലികാവകാശം സംരക്ഷിക്കണം. ജനവാസകേന്ദ്രങ്ങളും കാർഷികവിഭവങ്ങളും വന്യജീവി ആക്രമണങ്ങളിൽനിന്നു സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വത്തിൽനിന്നു സർക്കാരിന് ഒളിച്ചോടാനാകില്ലെന്നും കോടതി വ്യക്തമാക്കി.

കോൺഗ്രസ് അഞ്ചു സംസ്ഥാനങ്ങളിൽ വാർ റൂം തലവന്മാരെ പ്രഖ്യാപിച്ചു

ന്യൂഡൽഹി: അടുത്ത വർഷം നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന അഞ്ച് സംസ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് വാർ റൂം തലവന്മാരെ കോൺഗ്രസ് ഹൈക്കമാൻഡ് പ്രഖ്യാപിച്ചു. ഉത്തർപ്രദേശ്, പഞ്ചാബ്, ഗോവ, മണിപ്പൂർ, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലേക്കാണ് പുതിയ നിയമനം.

എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാലാണ് ഔദ്യോഗിക പ്രഖ്യാപനം നടത്തിയത്. കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയാണ് നിയമനങ്ങൾക്ക് അംഗീകാരം നല്കിയത്.

2019-ൽ സർവീസിൽ നിന്ന് രാജിവെച്ച് 2025-ൽ കോൺഗ്രസിൽ ചേർന്ന മലയാളിയായ മുൻ ഐഎഎസ് ഉദ്യോഗസ്ഥൻ കണ്ണൻ ഗോപിനാഥനാണ് പഞ്ചാബിന്റെ ചുമതല. മധ്യപ്രദേശ് എംഎൽഎയും മുൻമന്ത്രിയുമായ സച്ചിൻ യാദവിനാണ് ഉത്തർപ്രദേശിന്റെ ചുമതല.

ഗോവയുടെ ചുമതല ഇംറോസ്ഖാനും മണിപ്പൂരിന്റെ ചുമതല ബിശ്വരഞ്ജൻ മൊഹന്തിക്കും ഉത്തരാഖണ്ഡിന്റെ ചുമതല കൃഷ്ണൻ സത്റോഡിക്കുമാണ്. അതത് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് തന്ത്രങ്ങളുടെയും ഏകോപനകേന്ദ്രങ്ങളുടെയും ചുമതല ഇവർ വഹിക്കും.

സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ സംഘം സന്ദർശനങ്ങൾ ആരംഭിച്ചതിനു പിന്നാലെയാണ് കോൺഗ്രസിന്റെ നിർണായക നീക്കം. 2027 മാർച്ച് മുതൽ മെയ് വരെയുള്ള മാസങ്ങളിലായിട്ടാണ് ഈ സംസ്ഥാനങ്ങളിലെ നിയമസഭകളുടെ കാലാവധി അവസാനിക്കുന്നത്.

ഗവർണറുടെ നടപടി

(ഒന്നാം പേജിൽ നിന്നും)

അന്വേഷണത്തിനെതിരേ പിഎസ്സി നൽകിയ ഹർജിയിൽ ഒരു നിയന്ത്രണവും കോടതിയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലാത്ത സാഹചര്യത്തിൽ അന്വേഷണവുമായി മുന്നോട്ടുപോകാനുള്ള എല്ലാ സ്വാതന്ത്ര്യവും സർക്കാരിനുണ്ട്. എന്നാൽ, അന്വേഷണം സ്തംഭിപ്പിച്ച അവസ്ഥയിലാണ്. അന്വേഷണം ഫലത്തിൽ തടസപ്പെട്ടിരിക്കുകയാണെന്ന് സർക്കാർ അറിയിച്ചതോടെയാണു കോടതിയുടെ വിമർശനമുണ്ടായത്.

ഹർജിക്കാർ ഇപ്പോൾ സുരക്ഷിതരാണെന്ന് കോടതി പറഞ്ഞു. സർക്കാർ ഒന്നും ചെയ്തില്ല; കോടതി ഉത്തരവിനായി കാക്കുകയാണ്. പ്രധാന കുറ്റവാളികളെയൊന്നും ഇതുവരെ ചോദ്യം ചെയ്തിട്ടില്ല. പ്രധാന രേഖകൾ പിടിച്ചെടുത്തിട്ടില്ല, പിന്നെ എന്ത് അന്വേഷണമാണു നടക്കുന്നത്- കോടതി ചോദിച്ചു.

പ്രാദേശിക ഉത്പന്നങ്ങൾ വാങ്ങാൻ ആഹ്വാനവുമായി മോദി

ന്യൂഡൽഹി: ദീപാവലി ഉൾപ്പെടുന്ന ഉത്സവകാലം ആരംഭിക്കുന്നതിനു മുമ്പു തന്നെ ജനങ്ങൾ പ്രാദേശിക ഉത്പന്നങ്ങൾ വാങ്ങാൻ താത്പര്യം കാണിക്കണമെന്നു പ്രധാനമന്ത്രി നരേന്ദ്രമോദി.

സർക്കാരിന്റെ 'വോക്കൽ ഫോർ ലോക്കൽ' പദ്ധതി ശക്തമാക്കുന്നതിന് പ്രാദേശിക കരകൗശല വിദഗ്ധർ ഉൾപ്പെടെയുള്ളവരുടെ ഉത്പന്നങ്ങൾ വാങ്ങി പ്രോത്സാഹിപ്പിക്കണമെന്നും തന്റെ പ്രതിമാസ റേഡിയോ പരിപാടിയായ 'മൻ കീ ബാത്തി'ൽ പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

ഇന്ത്യൻ ഉത്പന്നങ്ങൾക്ക് ആഗോളതലത്തിൽ ആവശ്യകത വർധിച്ചുവരുന്നുവെന്ന് ചൂണ്ടിക്കാട്ടിയ പ്രധാനമന്ത്രി, ബീഹാറിലെ 'മഖാന' ഗ്രീസിലെത്തുന്നതും കർണാടകയിലെ 'അർഹർ ദാൽ' മാലദ്വീപിലേക്ക് കയറ്റുമതി ചെയ്യുന്നതും ഉദാഹരണമായി പരാമർശിച്ചു. പ്രാദേശിക ഉത്പന്നങ്ങളിൽ ഖാദിയുടെ ജനപ്രീതി ദിനംപ്രതി വർധിച്ചുവരികയാണെന്നും മോദി പറഞ്ഞു.

മൻ കീ ബാത്ത് പരിപാടി 12 വർഷം പൂർത്തിയാക്കിയ വേളയിൽ, നമ്മുടെ രാജ്യത്തെ ജനങ്ങളുടെ പരിശ്രമങ്ങളെ അടുത്തറിയാനും അവരുടെ സംഭാവനകളെ അഭിവാദ്യം ചെയ്യാനുമുള്ള ഒരു തീർഥയാത്ര പോലെയായിരുന്നു ഈ അനുഭവമെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

റോയി ജോൺ ഡാളസിൽ അന്തരിച്ചു



ഡാളസ്: കോട്ടയം തോട്ടയ്ക്കാട് കരോട്ടുപുരയിൽ പരേതരായ സി.സി. ജോണിന്റെയും അന്നമ്മ ജോണിയുടെയും മകൻ റോയി ജോൺ (62) ഡാളസിൽ അന്തരിച്ചു. മക്കിനി സെന്റ് പോൾസ് ഓർത്തഡോക്സ് ഇടവകാംഗവും സൺഡേ സ്കൂൾ അദ്ധ്യാപകനുമായിരുന്നു.

ഭാര്യ കോട്ടയം തിരുവാർപ്പ് പോട്ടയത്ര കുടുംബാംഗം ദീപ റോയ്. മക്കൾ: മാനസി റോയി, മൈക്ക റോയി.

മൃതദേഹം ഒക്ടോബർ 27-ന് ചൊവ്വാഴ്ച വൈകിട്ട് 6 മുതൽ 9 വരെയും 28-ന് ബുധനാഴ്ച രാവിലെ 9 മുതൽ 11 വരെയും മക്കിനി സെന്റ് പോൾസ് ഓർത്തഡോക്സ് ദേവാലയത്തിൽ പൊതുദർശനത്തിനു വെക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്: റവ.ഫാ. തമ്പാൻ വർഗീസ് 469 583 9514, മൈക്ക റോയി 972 971 8003.

GREEN NESTLE
VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of **HOME STAY** by Tourism Department of Kerala, Rated as one among the best **HOME STAY** by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT

+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

K.O. JOSE & ASSOCIATES, INC.
Certified Public Accountants





K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

Tel: 847-724-3020 • Cell: 847-833-6038

CPA℠
America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com



MIDWEST
WINDOWS & DOORS



MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com



Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



FOR BOOKING

ABRAHAM THANNIKARI
+1 346- 285-1633
athannikari@hotmail.com

JENNI THANNIKARI
+1 713-280-8688

SOBHANA
+91 965 616 8399

ഫോമാ 2026–2028 ഭരണസമിതിയുടെ പ്രവർത്തനോദ്ഘാടനം ചിക്കാഗോയിൽ പ്രൗഢഗംഭീരമായി



സ്വപ്നപദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുമെന്ന് പ്രസിഡണ്ട് ബിജു തോണിക്കടവിൽ



എ. എസ്. ശ്രീകുമാർ

ചിക്കാഗോ: അമേരിക്കൻ മലയാളി സമൂഹത്തിന്റെ സംഘടനാ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം പകരാൻ ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (ഫോമാ) 2026-2028 ഭരണസമിതിയുടെ സ്ഥാനാരോഹണവും പ്രവർത്തനോദ്ഘാടനവും ചിക്കാഗോയിൽ പ്രൗഢഗംഭീരമായി നടന്നു. ഒക്ടോബർ 17-ന് ശനിയാഴ്ച ബെൽവുഡിലെ സീറോമലബാർ കത്തീഡ്രൽ പാരിഷ് ഹാളിൽ നടന്ന ചടങ്ങ് ചിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് ഉദ്ഘാടനം ചെയ്തു. പ്രശസ്ത മലയാള സിനിമാതാരം സരയൂ മോഹൻ മുഖ്യാതിഥിയായി പങ്കെടുത്തു.

ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഡോ. എം. ആനന്ദ് പ്രകാശ്, സെന്റ് തോമസ് സീറോമലബാർ രൂപതയുടെ വികാരി ജനറാൾ വെരി റവ.ഫാ. തോമസ് കടുകപ്പിള്ളി എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു. ഹൂസ്റ്റണിൽ നടന്ന ഒൻപതാമത് ഫോമാ ഇന്റർനാഷണൽ ഫാമിലി കൺവൻഷനിൽ വൻ ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ട പുതിയ ദേശീയ നേതൃത്വത്തിന്റെ പ്രവർത്തനങ്ങൾക്കാണ് ഇതോടെ ഔദ്യോഗിക തുടക്കമായത്.

പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രസിഡണ്ടായി ബിജു തോണിക്കടവിൽ ചുമതലയേറ്റു. പോൾ പി. ജോസ് ജനറൽ സെക്രട്ടറിയായും പ്രദീപ് നായർ ട്രഷററായും സാമുവൽ മാത്യു വൈസ് പ്രസിഡണ്ടായും ഡോ. മഞ്ജു പിള്ള ജോയിന്റ് സെക്രട്ടറിയായും ജോൺസൺ കണ്ണൂക്കാടൻ ജോയിന്റ് ട്രഷററായും ചുമതലയേറ്റു. ജനറൽ ബോഡിയിൽ ഫോമാ ജുഡീഷ്യറി ചെയർമാൻ ബെന്നി വാച്ചാച്ചിറ പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്കും റീജിയണൽ വൈസ് പ്രസിഡണ്ടുമാർ, നാഷണൽ കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെയുള്ള ഭാരവാഹികൾക്കും സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സ്ഥാനാരോഹണത്തിനു ശേഷം തുടർന്ന ജനറൽ ബോഡിയിൽ പുതിയ ട്രഷറർ പ്രീ ബജറ്റ് അവതരിപ്പിച്ചു.

സത്യപ്രതിജ്ഞയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ പുതിയ പ്രസിഡണ്ട് ബിജു തോണിക്കടവിൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി പോൾ പി. ജോസ് സ്വാഗതം ആശംസിച്ചു. ഫോമായുടെ ഇരുപതാം വാർഷികത്തോട് അനുബന്ധിച്ച് കേരളത്തിലെ നിർദ്ധന കുടുംബങ്ങൾക്കായി 20 വീടുകൾ നിർമ്മിച്ചു നല്കുന്ന 'ഫോമാ 20-20 ഹൗസിങ് പ്രോജക്ട്', 20 നിർദ്ധന വനിതകളുടെ സമൂഹവിവാഹം എന്നിവ ഉൾപ്പെടെയുള്ള കർമ്മപരിപാടികൾ നിശ്ചിത സമയ പരിധിക്കുള്ളിൽ നടപ്പാക്കുമെന്ന് പ്രസിഡണ്ട് ബിജു തോണിക്കടവിൽ അറിയിച്ചു. സാമൂഹിക പ്രതിബദ്ധതയ്ക്കും ജനക്ഷേമ പ്രവർത്തനങ്ങൾക്കും മുൻഗണന നല്കുന്ന പ്രവർത്തന രീതിയിലൂടെ അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഐക്യവും സംഘടനയുടെ സേവനമേഖലയും കൂടുതൽ ശക്തിപ്പെടുത്തുകയാണ് പുതിയ ഭരണ സമിതിയുടെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നല്കുക, കുട്ടികൾക്കും യുവജനങ്ങൾക്കുമായി പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുക, മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി പ്രതിമാസ ഓൺലൈൻ സംഗമങ്ങൾ നടത്തുക തുടങ്ങിയ പദ്ധതികളും പുതിയ ഭരണസമിതിയുടെ പ്രവർത്തനപദ്ധതിയിലുണ്ട്. 60 വയസ്സിനു മുകളിലുള്ളവർക്കായി യോഗ, വിനോദം, ആരോഗ്യോപദേശം എന്നിവ ഉൾപ്പെടുത്തിയുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ അവരുടെ ശാരീരികവും മാനസികവുമായ ക്ഷേമം ഉറപ്പാക്കാനും ലക്ഷ്യമിടുന്നു.

കേരളവും അമേരിക്കയും തമ്മിലുള്ള സംരംഭക-വ്യവസായ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള 'ബിസിനസ് ബിയോണ്ട് ബോർഡേഴ്സ്' പദ്ധതിക്കും പ്രാധാന്യം നല്കും. സംരംഭകത്വ വികസനത്തിനും പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകമായ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കും. ദേശീയ കൺവൻഷൻ നാല് ദിവസത്തിൽ നിന്ന് അഞ്ചു ദിവസമായി വിപുലീകരിക്കുക, കുട്ടികൾക്കും യുവജനങ്ങൾക്കുമായി പ്രത്യേക ദിനം ഉൾപ്പെടുത്തുക തുടങ്ങിയ നിർദ്ദേശങ്ങളും പുതിയ നേതൃത്വം മുന്നോട്ടു വെച്ചിട്ടുണ്ട്. സാമൂഹിക സേവനം, കുടുംബശാക്തീകരണം, ആരോഗ്യം, മാനസികക്ഷേമം, കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയ്ക്കും ഭരണസമിതി പ്രത്യേക പരിഗണന നല്കും.

സമ്മേളനത്തിൽ 2024-2026 കാലഘട്ടത്തിലെ ഫോമാ സുവനീറിന്റെ പ്രകാശനം ചീഫ് എഡിറ്റർ അച്ചൻകുഞ്ഞ് മാത്യു മുഖ്യാതിഥിയായ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഡോ. എം. ആനന്ദ് പ്രകാശിന് നല്കിക്കൊണ്ട് നിർവഹിച്ചു. ഫോമാ 20-20 ഹൗസിങ് പ്രോജക്ടിന്റെ ആദ്യ ചെക്ക് ന്യൂ എംപയർ റീജിയന്റെ മുൻ ആർവിപി പി.ടി. തോമസ് പ്രസിഡണ്ട് ബിജു തോണിക്കടവിലിന് നല്കി. തുടർന്ന് അദ്ദേഹത്തെ ആദരിച്ചു.

ചടങ്ങിൽ സ്ഥാനമൊഴിഞ്ഞ പ്രസിഡണ്ട് ബേബി മണക്കുന്നേലും പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും സംസാരിച്ചു. പ്രവർത്തനോദ്ഘാടനത്തിനു മുന്നോടിയായി ഒക്ടോബർ 16-ന് വെള്ളിയാഴ്ച വൈകിട്ട് ആറിന് 'ഫോമാ ഇന്നലെ ഇന്ന് നാളെ' എന്ന പേരിൽ സൗഹൃദ സംഗമവും സംഘടിപ്പിച്ചു. ഫോമായുടെ മുൻ പ്രസിഡണ്ടുമാർ, മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, ദേശീയ നേതാക്കൾ, ഡെലിഗേറ്റുകൾ, പ്രവർത്തകർ, അഭ്യുദയകാംക്ഷികൾ എന്നിവർ പങ്കെടുത്ത സംഗമം സംഘടനയുടെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവിപരിപാടികളെക്കുറിച്ച് ആശയങ്ങൾ പങ്കുവെക്കുന്നതിനുമുള്ള വേദിയായി.

ഒക്ടോബർ 17-ന് ഉച്ചകഴിഞ്ഞ് നടന്ന ജനറൽ ബോഡിക്കുശേഷം സോഷ്യൽ അവറും സ്ഥാനാരോഹണച്ചടങ്ങും കലാപരിപാടികളും അരങ്ങേറി. ചിക്കാഗോ മണവാളൻസ് അവതരിപ്പിച്ച നൃത്തം, സംഗീതം, ഹാസ്യപരിപാടികൾ, മലയാളം സ്കിറ്റുകൾ എന്നിവ ഉൾപ്പെട്ട കലാവിരുന്ന് ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. ഫോമാ സെൻട്രൽ റീജിയന്റെ ഭാരവാഹികളാണ് ഈ പരിപാടികൾ ഗംഭീര വിജയമാക്കിത്തീർത്തത്. ഫോമാ ജോയിന്റ് ട്രഷററും സെൻട്രൽ റീജിയൻ മുൻ വൈസ് പ്രസിഡണ്ടുമായ ജോൺസൺ കണ്ണൂക്കാടൻ, പുതിയ ആർവിപി രഞ്ജൻ അബ്രഹാം, നാഷണൽ കമ്മിറ്റി അംഗങ്ങളായ ജിതേഷ് ചുങ്കത്ത്, പ്രിൻസ് ഈഷൻ, വിമൻസ് ഫോറം റപ് ആഗ്നസ് മാത്യു, യൂത്ത് റപ് കാൾവിൻ കവലയ്ക്കൽ തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു പരിപാടിയുടെ സംഘാടനം.

ഫോമായുടെ വിവിധ റീജിയനുകളിൽ നിന്നുള്ള ഭാരവാഹികൾ, നാഷണൽ കമ്മിറ്റി അംഗങ്ങൾ, അംഗസംഘടനാ പ്രതിനിധികൾ, കുടുംബാംഗങ്ങൾ, അഭ്യുദയകാംക്ഷികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. പുതിയ ആശയങ്ങളും ജനക്ഷേമ പദ്ധതികളും സാമൂഹിക പ്രതിബദ്ധതയും മുൻനിർത്തി അമേരിക്കൻ മലയാളി സമൂഹത്തെ കൂടുതൽ ശക്തമായി ഒന്നിപ്പിക്കാനും സംഘടനയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കാനുമുള്ള പ്രതിജ്ഞയോടെയാണ് പുതിയ ഭരണസമിതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ജോൺസൺ കണ്ണൂക്കാടൻ നന്ദി പ്രകാശിപ്പിച്ചു.

ഫോട്ടോ: മോനു വർഗീസ്













